Reg. No. M. 2293

ഒറ്റപ്രതി 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മകരം 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഫെബ്രുവരി 10 | ലക്കം 24

## യുവജേതാവായ ക്രിസ്തു

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

ഭുവനപ്രസിദ്ധരായ യുവകേസരികളുടെ ധീരചരിതങ്ങൾ ചരിത്രഗ്രന്ഥങ്ങളുടെ പഴയ താളുകളിൽ ഇന്നും പച്ചപിടിച്ചു കിടക്കുന്നതു കാണാം. മഹാനായ അലക്സാണ്ടർ മുപ്പതാംവയസ്സിൽ അന്നറിയപ്പെട്ടിരുന്ന പരിഷ്കൃതലോകം മുഴുവനും ആക്രമിച്ചടുത്തു വെന്നിക്കൊടി പാറിച്ചു. അനന്തരം അദ്ദേഹം ഗഗനതലത്തിൽ മിന്നിത്തിളങ്ങിയിരുന്ന താരകാവലിയെ നോക്കിക്കൊണ്ടു് നിരാശനായി ആക്രോശിച്ചു, "എനിക്കു ഇനി ആക്രമിക്കുവാൻ വേറെ ലോകങ്ങളില്ലല്ലോ" എന്നു്. ജൂലിയസ് സീസർ അദ്ദേഹത്തിൽ യൗവ്വനംനിറഞ്ഞു പതഞ്ഞൊഴുകുന്ന കാലത്തിൽ ഒരിക്കൽ മഹാനായ അലക്സാണ്ടറിന്റെ ഒരു പ്രതിമ കാണുന്നതിനിടയായി. ആ പ്രതിമയെ നോക്കി അദ്ദേഹം അട്ടഹസിച്ചു: "അദ്ദേഹം മുപ്പതാംവയസ്സിൽ ലോകത്തെ ആക്രമിച്ചടക്കി. എന്നാൽ ഞാൻ; ഞാൻ എന്തുചെയ്തു?" അനന്തരം അദ്ദേഹവും ലോകാക്രമണത്തിനു ഇറങ്ങി പുറപ്പെട്ടു.

മനുഷ്യപദത്തെ ഒട്ടാകെ ആക്രമിച്ച ക്രിസ്തുവിനോടു് തുലനം ചെയ്യുമ്പോൾ ചരിത്രത്തിലെ ഈ ജേതാക്കൾ എത്ര നിസ്സാരന്മാരാണ്. ക്രിസ്തുവിന്റെ ആക്രമണം വിശേഷകമല്ലായിരുന്നു; പ്രത്യുത സ്നേഹൈകമായിരുന്നു. അവിടുന്നു മററുള്ളവരുടെ രക്തം ഒഴുക്കിയില്ല; നേരെമറിച്ചു സ്വയം രക്തംചിന്തിയാണു് അദ്ദേഹം ആക്രമണം നടത്തിയതു്. അദ്ദേഹം ആക്രമിച്ചടക്കിയ സാമ്രാജ്യം ഐഹികമല്ല, നശ്വരവുമല്ല. അദ്ദേഹം മനുഷ്യരുടെ ബാഹ്യമായ ശരീരങ്ങളെയല്ല ആന്തരികമായ ആത്മാവുകളെയാണു് ആക്രമിച്ചതു്. അദ്ദേഹം ആക്രമിക്കമാത്രമല്ല, തന്നെ അനുഗമിക്കുവാൻ മററുള്ളവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. തന്നോടുതന്നെ ആക്രമണം നടത്തുവാൻ അവരെ പഠിപ്പിച്ചു. "ആരെങ്കിലും എന്നെ അനുഗമിക്കുന്നുവെങ്കിൽ അവൻ സ്വയം ഉപേക്ഷിച്ചു അവന്റെ കുരിശെടുത്തുകൊണ്ടു് എന്റെപിന്നാലെ വരട്ടെ" (Math. 16.24.) അലക്സാണ്ടറിനെക്കാളും സീസറിനെക്കാളും സമുന്നതനായ ഒരു യുവജേതാവല്ലയോ ക്രിസ്തു?

യൗവ്വനം തുളുമ്പുന്ന യുവതീയുവാക്കന്മാർക്കു മാതൃകാദീപങ്ങളായി അനേകം യുവജേതാക്കളെ ചരിത്രം ഉയർത്തിക്കാണിക്കുന്നുണ്ടു്. എന്നാൽ ഉയിരും ഉശിരും പൂണ്ട യുവവീരന്മാരെ ആവേശംകൊള്ളിപ്പിക്കുന്നൊരു ജീവിതം ക്രിസ്തുവിന്റെ ജീവിതംപോലെ വേറെയില്ല. ക്രിസ്തുവിനെപ്പോലെ 'ജ്ഞാനത്തിലും പ്രായത്തിലും, ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ കൃപാവരത്തിലും വളർന്നു' (Luke 2 52) വേറെ യുവാക്കളില്ല. ഇതുപോലെ മാതൃക യുവലോകത്തിനു വേറെ ലഭ്യമല്ല. സീസറിന്റെ മനസ്സിൽ അലക്സാണ്ടറിന്റെ പ്രതിമ പതിഞ്ഞതുപോലെ ഓരോ യുവതീയുവാക്കന്മാരുടേയും മനോഭിത്തിയിൽ ക്രിസ്തുവിന്റെ പ്രതിമ വിശദമായും ആഴമായും പതിയണം. ഓരോരുത്തരും തന്നോടുതന്നെ ചോദിക്കട്ടെ: ക്രിസ്തു മുപ്പത്തിമൂന്നു വയസ്സിൽ ലോകം മുഴുവനും ആക്രമിച്ചു. പരിഷ്കൃതലോകം മാത്രമല്ല, അപരിഷ്കൃതലോകത്തെയും അദ്ദേഹം ആക്രമിച്ചടുത്തു. ആ ആക്രമണം വാളുകൊണ്ടല്ല; കുരിശുകൊണ്ടായിരുന്നു. അതു ഒരു ദിവസത്തേക്കല്ല; എന്നേക്കുമായിരുന്നു. ലോകാക്രമണത്തിനു പുറമെ സ്വർഗ്ഗവും അദ്ദേഹം ആക്രമിച്ചടുത്തു. അതു അദ്ദേഹത്തിനുവേണ്ടിയല്ല; അദ്ദേഹത്തിന്റെ അനുഗാമികൾക്കുവേണ്ടിയായിരുന്നു. എന്നാൽ സ്വയം ആക്രമിക്കുന്നതിനും, സ്വർഗ്ഗം ആക്രമിച്ചടക്കുന്നതിനും ഞാൻ എന്തുചെയ്തു?

ഭൗമികമഹത്വമാർജ്ജിക്കുന്നതിനു യുവതീയുവാക്കന്മാർ വെമ്പൽകൊള്ളുന്നതു നാം സാധാരണ കാണുന്നുണ്ടു്. കായികാഭ്യാസങ്ങൾ, സാഹിത്യം, സംഗീതം, ചിത്രമെഴുത്തു്, രാഷ്ട്രീയം, നടനം, നൃത്തം എന്നി തുറകളിൽ കീർത്തിധാവള്യം എമ്പാടും പരത്തുവാൻ എത്രയെത്ര യുവതിടമ്പുകൾ അഹമഹമികയാ പരിശ്രമിക്കുന്നില്ല? എന്നാൽ അനശ്വരമായ മഹത്വമാർജ്ജിക്കുവാൻ എത്രപേർ യഥാർത്ഥത്തിൽ ശ്രമിക്കുന്നുണ്ടു? ജീവിതവിശുദ്ധി, സ്വയനിഗ്രഹം, ദൈവമഹത്വം ഉന്നംവെച്ചുകൊണ്ടുള്ള നിസ്സ്വാർത്ഥവും ആത്മാർത്ഥവുമായ ലോകസേവനം ആദിയായവയാണു് സാക്ഷാത്തായ മഹത്വലബ്ധി സന്ധിക്കുന്നവ.

"ഇഹത്തിൽ ജീവിതത്തെ വിദ്വേഷിക്കുന്നവൻ അനന്തമായി അതിനെ സംരക്ഷിക്കുന്നു." (John 12. 15.)

ധനികരും ഭക്തരുമായ ഒരു സ്ത്രീയുടെ മേരുസ്സുകളിൽ യുവാക്കന്മാരായ രണ്ടു ചരിത്രപുരുഷന്മാരുടെ മനോഹരമായ രണ്ടു ചിത്രങ്ങൾ ഉണ്ടായിരുന്നു. ഒന്നു മഹാനായ അലക്സാണ്ടർചക്രവർത്തിയുടേതും മറെറാന്നു് വി. അലോഷ്യസ്സ് ഗോൺസാഗയുടേതും. ആദ്യത്തെ യുവാവു താൻ ആക്രമിച്ച ലോകത്താൽ ആക്രമിക്കപ്പെട്ടു. രണ്ടാമത്തെ ആൾ ലോകത്തെ മുഴുവൻ ആക്രമിച്ചെടുത്തു് അതിനെ സ്വർഗ്ഗത്തിലേക്കു കയറുവാനുള്ള പാദപീഠമാക്കി. അതാണു് സാക്ഷാത്തായ വിജയം. അലോഷ്യസ്സ് ഗോൺസാഗസ്സു് ഇത്ര മഹത്തായ ആക്രമണതന്ത്രം ആരു പഠിപ്പിച്ചുകൊടുത്തു? യുവജേതാവായ ക്രിസ്തു

വി. അലോഷ്യസ്സ്, വി. അന്തോനീസ്സ്, വി. അഗ്നസ്സ്, വി. ത്രേസ്യാ, അങ്ങനെ പുണ്യപരിമളം എമ്പാടും വീശി മൺമറഞ്ഞ അനേകം വിശുദ്ധന്മാരെപ്പോലെ ഇന്നത്തെ യുവതീയുവാക്കന്മാർ മുന്നോട്ടുവന്നു സ്വയം പ്രഖ്യാപിക്കണം: "ഞാൻ ഒരിക്കൽ മാത്രമേ യുവാവാകുന്നുള്ളു. അതുകൊണ്ടു ഞാനതു എന്റെ വിജയത്തിനായി അങ്ങേ അററംവരെ ഉപയോഗിക്കും. എനിക്കു് എന്നും സന്തോഷിക്കുന്നതിനും അഭിമാനിക്കുന്നതിനും ഉതകുന്ന വിധത്തിൽ ഞാൻ യുവാവായിരിക്കാനാണു് പോകുന്നതു്. എനിക്കു ഒരു യുവത്വമേ ഉള്ളു. അതു ഞാൻ ദൈവത്തിനു പ്രദാനംചെയ്യുന്നു. അദ്ദേഹമാണു് അതു എനിക്കു തന്നിട്ടുള്ളതു്. അദ്ദേഹമാണു് എന്റെ സ്നേഹത്തിന്റെ വിഷയം, ഭാവനകളുടെ അടിസ്ഥാനം; അഭിവാഞ്ഛകളുടെ ലക്ഷ്യം. അദ്ദേഹത്തെപ്പോലെ വേറെ ആർക്കും എന്റെ യുവത്വത്തിനു ആനന്ദമേകുവാൻ സാദ്ധ്യമല്ല." (Ps: 102. 5.) അദ്ദേഹത്തിനു വേണ്ടിയുള്ളതാണു് എനിക്കുള്ള ആ ഏകയുവത്വം. "എന്തുകൊണ്ടെന്നാൽ ഓ! നാഥാ! എന്റെ യൗവനത്തിലുള്ള ശരണം മുഴുവനും അവിടുന്നാണു്" (Ps. 70, 5.) ഈ സ്വയാർപ്പണത്തിനു പ്രതിഫലമായി അദ്ദേഹം ഉദാരഹൃദയത്തോടെ നിന്റെ യുവത്വത്തെ അനുഗ്രഹാശിസ്സുകളാൽ സമ്പന്നമാക്കികൊണ്ടു നിന്നോടു പറയും "ഓ! യുവാവേ നിന്റെ യുവത്വത്തിൽ നീ സന്തോഷിക്കുക. നീ ഭയപ്പെടേണ്ട. നിന്റെ സംരക്ഷകൻ ഞാനാകുന്നു. നിന്റെ സമ്മാനം വളരെ വലിയതാകുന്നു." (Eccl. 11. 9; Gen. 15. 1.)

റോമിലെ വി. പത്രോസിന്റെ ബസ്സിലിക്കായുടെ നടുമുററത്തു നിലകൊള്ളുന്ന മഹോന്നതമായ സ്തംഭത്തിന്മേൽ മുദ്രിതങ്ങളായ മുദ്രാവാക്യങ്ങൾ ജേതാവായ ക്രിസ്തുവിനെ സംബന്ധിച്ച അക്ഷരശഃ അന്വർത്ഥമാണു്: 'ക്രിസ്തു ആക്രമിക്കുന്നു; ക്രിസ്തു വാഴുന്നു; ക്രിസ്തു ഭരിക്കുന്നു!' യുവലോകത്തെ ക്രിസ്തു ആക്രമിക്കട്ടെ; യുവഹൃദയങ്ങളിൽ ക്രിസ്തു വാഴട്ടെ; യുവലോകത്തെ ക്രിസ്തു ഭരിക്കട്ടെ; വേറെയാതൊരുശക്തിയും അവരെ ആക്രമിച്ചടക്കാതിരിക്കട്ടെ; അവരുടെ ഹൃദയങ്ങളിൽ വാഴാതിരിക്കട്ടെ; അവരെ ഭരിക്കാതിരിക്കട്ടെ. യൗവ്വനത്തിന്റെ നടുമുറിയിൽ—മുപ്പത്തിമൂന്നാംവയസ്സിൽ ഐഹികവാസം അവസാനിപ്പിച്ച ക്രിസ്തു—സ്വർഗ്ഗത്തിൽ ഇന്നും എന്നും യുവകോമളനായി വിരാജിക്കുന്ന ക്രിസ്തു—യുവതീയുവാക്കന്മാർക്കു ദിവ്യയുവത്വം പ്രദാനം ചെയ്യട്ടെ.

—o—



ലോകത്തിനു് മാർഗ്ഗവും, സത്യവും, ജീവനുമായ ക്രിസ്തു

# പത്താം പീയൂസ്

## സഭാസംസ്കാരകൻ; ദരിദ്രസ്നേഹി, സാർത്തോ (തയ്യൽക്കാരൻ) —സാന്തോ (വിശുദ്ധൻ)

(ഫാദർ ജേക്കബ് കല്ലറയ്ക്കൽ)

(തുടർച്ച)

### സഭയുടെ പരമാധികാരി

വാസ്തവത്തിൽ ഭാരമേറിയതായിരുന്നു അദ്ദേഹം ഏറ്റ ചുമതല. ദക്ഷിണയൂറോപ്പിലെങ്ങും നിരീശ്വരത്വം കളിയാടിയിരുന്നു. ഇറ്റലിയും പരിശുദ്ധസിംഹാസനവും തമ്മിൽ റോമൻ പ്രശ്നം സംബന്ധിച്ച വലിയ വടംവലി നടക്കുകയായിരുന്നു. ഫ്രാൻസാകട്ടെ പള്ളീവസ്തുക്കൾ കൈയടക്കുന്നതിലാണു ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു്. “മോഡേണിസം” (Modernism) എന്ന ദുരന്തസിദ്ധാന്തം മൊട്ടിട്ടു വികസിച്ചുവന്നകാലം. തിരുസ്സഭയ്ക്കു താങ്ങും തണലുമായിരിക്കേണ്ട ജനസാമാന്യം പൊതുവേ മതകാര്യങ്ങളിൽ അനാസ്ഥയാണു പ്രദർശിപ്പിച്ചിരുന്നതു്.

### സഭാസംസ്കാരകൻ

പത്താംപീയൂസു ഉടൻ മനസ്സിലാക്കി താൻ ഒരു സഭാസംസ്കാരകനും സമുദായപരിഷ്കർത്താവുമായിത്തീരേണ്ടതാവശ്യമെന്നു്. വി. പൗലോസിൻ്റെ എഫേസ്യാക്കാർക്കുള്ള ലേഖനത്തിലെ “എല്ലാം ക്രിസ്തുവിൽ നവീകരിക്കുക” എന്ന വാക്യം തൻ്റെ ആദർശമായി അദ്ദേഹം സ്വീകരിച്ചു. ഇതിനു മുമ്പു സഭയെ നവീകരിക്കുന്നതിൽ സജീവപങ്കു വഹിച്ചിട്ടുള്ള തൻ്റെ അഭിവന്ദ്യ മുൻഗാമികളായ ഗ്രിഗറി ഏഴാമനേയും പീയൂസു് അഞ്ചാമനേയും പോലെ നമ്മുടെ കഥാനായകനും സാധാരണ ജനങ്ങളിൽനിന്നുയർന്നു വന്നവനായിരുന്നു. അതിനാൽ സാമാന്യജനങ്ങളുടെ ആവശ്യങ്ങളും അഭിനിവേശങ്ങളും അദ്ദേഹത്തിനു എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ദൈവാനുഗ്രഹം കഴിഞ്ഞാൽ, ഈ ഒരു സംഗതി അദ്ദേഹത്തിൻ്റെ ഭരണവിജയത്തിനു പ്രധാനനിദാനമായിരുന്നെന്നു പറയാം.

ഒരിക്കൽ ആരോ അദ്ദേഹത്തോടു ചോദിച്ചു: “അങ്ങയുടെ നയം എന്തായിരിക്കും?” “എൻ്റെ നയമോ?” മേശപ്പുറത്തിരുന്ന ക്രൂശിതരൂപത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം മറുപടി പറഞ്ഞു. “അവിടെനിന്നായിരിക്കും എൻ്റെ നയരൂപീകരണം.” പുതിയ മാർപ്പാപ്പാ തൻ്റെ പരിഷ്കാരങ്ങൾ വിശ്വാസസംരക്ഷണം, വൈദികരുടെ പരിശീലനം, അത്മായരുടെ വേദാദ്ധ്യയനം എന്നീ മൂന്നു വിഷയങ്ങളിലേക്കു തിരിച്ചുവിട്ടു. വിശ്വാസസംരക്ഷണാർത്ഥം മോഡേണിസം എന്ന നൂതനസിദ്ധാന്തത്തെ സൂക്ഷ്മമായി പഠിക്കുകയും വിധി കല്പിക്കുകയും ചെയ്യേണ്ടിവന്നു. പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണമാണു് ഈ നവീനപാനമെന്നു മനസ്സിലാക്കാൻ അദ്ദേഹത്തിനു എളുപ്പത്തിൽ കഴിഞ്ഞു. അതിനാൽ ഈ സിദ്ധാന്തത്തെ ഒരു പാഷണ്ഡതയായി ശപിക്കുന്നതിനു് അദ്ദേഹം ഒട്ടുംതന്നെ മടിച്ചില്ല. വൈദികപരിശീലനം കാര്യക്ഷമമാക്കുന്നതിനു സെമ്മിനാരികളെ അദ്ദേഹം ഉടച്ചുവാർത്തു. ആരാധനാക്രമങ്ങളും തിരുക്കർമ്മഗീതങ്ങളും കഥാനായകൻ പരിഷ്കരിച്ചു. കാനോൻ നിയമസംഹിത ക്രോഡീകരിക്കണമെന്ന ദുർവ്വഹമായ ജോലി പത്താംപീയൂസാണു് ആരംഭിച്ചതെന്നു അനുസ്മരിക്കണമല്ലോ. പേപ്പൽപ്രതിനിധികളെ അയച്ചു ഇറ്റലിയിലെ രൂപതകളെല്ലാം പരിശോധിപ്പിച്ചു. തൽഫലമായി ഔദ്യോഗികവീഴ്ചകൾക്കായി നാലു മെത്രാന്മാരെ രൂപതാഭരണത്തിൽനിന്നു നിഷ്കാസനം ചെയ്യുകകൂടി ചെയ്തു. ഒന്നാമത്തെ തിരുവെഴുത്തിൽ അവിടുന്നു പറഞ്ഞിരുന്നതു് “മറ്റുള്ളവരിൽ ക്രിസ്തുവിനെ രൂപീകരിക്കുന്നതിനു ചുമതലപ്പെട്ടിട്ടുള്ള വൈദികർ ക്രിസ്തുവിനെ ആദ്യം തങ്ങളിൽത്തന്നെ രൂപീകരിച്ചവരായിരിക്കണം” എന്നാണു്. വിശ്വാസികളുടെ വിശുദ്ധീകരണത്തിനായി, ആദിമശതകങ്ങളിലെപ്പോലെ അടുക്കലടുക്കലുള്ള ദിവ്യകാരുണ്യസ്വീകരണം അദ്ദേഹം നടപ്പിൽ വരുത്തുകയും ആദ്യകർബാന കൈക്കൊള്ളലിനുള്ള പ്രായം കുറയ്ക്കുകയും ചെയ്തു. ഉത്തര ഇറ്റലിയിലെ തൻ്റെ അനുഭവം വച്ചുകൊണ്ടു്, എല്ലായിടത്തും വികാരിമാർ ഞായറാഴ്ചതോറും കുട്ടികൾക്കും മുതിർന്നവർക്കും വേദോപദേശം നടത്തണമെന്നനുശാസിച്ചു. മറ്റു അജപാലകന്മാർക്കു മാതൃകയെന്നോണം മാർപ്പാപ്പാ തന്നെ ഞായറാഴ്ചതോറും കുട്ടികൾക്കു വേദോപദേശം നടത്തിവന്നു.

10-ാംപീയൂസ് മാർപ്പാപ്പായുടെ സഹായത്താൽ എൻ്റെ സുഖക്കേടു് മാറിത്തന്നതിനു് ഉപകാരസ്മരണ.

വടക്കുംചേരി ഇട്ടൃപ്പ കത്രീന

വി. യൗസേപ്പിൻ്റേയും കൊച്ചുത്രേസ്യാ പുണ്യവതിയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ

വടക്കുംചേരി ഇട്ടൃപ്പ കത്രീന

### വീരോചിതമായ മാതൃക

അദ്ദേഹം ഉദ്ദേശിക്കുന്ന ആദർശം എന്തെന്നു് അദ്ദേഹത്തിൻ്റെ ജീവിതമാതൃകയിൽനിന്നു മറ്റുള്ളവർക്കു മനസ്സിലാക്കാമായിരുന്നു. സമുന്നതമായ പാപ്പാസ്ഥാനത്തേക്കു ഉയർത്തപ്പെട്ടെങ്കിലും ജീവിതചര്യയിൽ അദ്ദേഹം പഴയ ഡോൺ സാർത്തോതന്നെയായിരുന്നു. പത്താംപീയൂസിൻ്റെ മരണശാസനം ആരംഭിക്കുന്നതു് എങ്ങനെയെന്നു കാണുക: “ഞാൻ ദരിദ്രനായി ജനിച്ചു; ദരിദ്രനായി ജീവിച്ചു; ദരിദ്രനായിത്തന്നെ മരിക്കാനാഗ്രഹിക്കുന്നു.” ഏറ്റവും ലളിതമായ ജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതു്. തൻ്റെ അംഗരക്ഷകന്മാരുടേയും പരിചാരകന്മാരുടേയും സംഖ്യ പരമാവധി വെട്ടിക്കുറച്ചു. കൂടിക്കാഴ്ചസമയത്തു സന്ദർശകരെ ഇരിക്കാൻ നിർബന്ധിക്കും. ചിലപ്പോൾ അവർക്കു കസേര ഇട്ടുകൊടുക്കുന്നതു് അദ്ദേഹംതന്നെ ആയിരിക്കും. മാർപ്പാപ്പാമാർ തങ്ങളുടെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും ഉന്നതസ്ഥാനമാനങ്ങൾ കൊടുക്കുക അസാധാരണമല്ല. എന്നാൽ പത്താംപീയൂസു് അതിനു തയ്യാറായില്ല. അദ്ദേഹത്തിൻ്റെ സഹോദരികളെ എങ്ങനെയാണു സംബോധന ചെയ്യേണ്ടതു് എന്നു ആരോ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് “ഓ! അതിനാണോ വിഷമം? അവരെ പാപ്പായുടെ സഹോദരികൾ എന്നു വിളിച്ചാൽമതിയല്ലോ” എന്നാണു്. സാർത്തോകുടുംബാംഗങ്ങൾക്കോ അദ്ദേഹത്തിൻ്റെ അനന്തിരവനായ വൈദികനുതന്നെയോ അദ്ദേഹത്തിൽനിന്നു യാതൊരാനുകൂല്യവും ലഭിച്ചില്ല. എന്നാൽ വിൽപത്രപ്രകാരം സ്വസഹോദരികൾക്കു കഷ്ടിച്ചു കഴിച്ചുകൂട്ടാനുള്ള വക നീക്കിവച്ചിരുന്നുവെന്നും പറയേണ്ടതുണ്ടു്. പാവപ്പെട്ട ജീവിതമാണു് നയിച്ചിരുന്നതെങ്കിലും ധനത്തേയും ആഭിജാത്യത്തേയും അവഹേളിച്ചുകൊണ്ടാണു് അദ്ദേഹം ജീവിച്ചിരുന്നതെന്നു് ഇതിൽനിന്നും മനസ്സിലാക്കരുതു്. എല്ലാനിലകളിലുമുള്ളവരോടു് സൗഹൃദബന്ധമാണു് അദ്ദേഹം പുലർത്തിയിരുന്നതു്. അദ്ദേഹത്തിൻ്റെ വിശ്വസ്ത സ്റ്റേറ്റ് സെക്രട്ടറി ഉന്നതകുലജാതനും പ്രശസ്തമതിയുമായ കർദ്ദിനാൾ മെറിഡെൽവാൾ ആയിരുന്നു.

### വിജയമകുടം

പത്താംപീയൂസു് 1914 ആഗസ്റ്റ് 20-ാംനു ദേഹവിയോഗം ചെയ്തു. ആയിടെ പൊട്ടിപ്പുറപ്പെട്ട ഒന്നാംലോകമഹായുദ്ധം മൂലം മനുഷ്യകുലത്തിനു വരാനിരിക്കുന്ന ഭയങ്കരഭവിഷ്യത്തുകളെപ്പറ്റിയുള്ള ഹൃദയവേദനയാണു് അദ്ദേഹത്തിൻ്റെ ചരമത്തിനിടയാക്കിയതെന്നു് വിശ്വസിക്കപ്പെടുന്നു. വാസ്തവത്തിൽ ഒരു വിശുദ്ധനാണു ദിവംഗതനായതെന്നു അന്നുതന്നെ എല്ലാവർക്കും തോന്നി. ഒരിക്കൽ ഒരു മഹിള കഥാനായകനോടു് ഇങ്ങനെ തുറന്നടിച്ചു: “യഥാർത്ഥത്തിൽ അങ്ങു് ഒരു “സാന്തോ” (ഇറ്റാലിയനിൽ വിശുദ്ധൻ എന്നർത്ഥം) തന്നെ.” “സഹോദരി, നിങ്ങൾക്കു ഒരു പടലപ്പിണക്കം പറ്റിയിട്ടുണ്ടു്,” മാർപ്പാപ്പാ ഉടൻതന്നെ തിരിച്ചടിച്ചു “ഞാൻ സാന്തോ (വിശുദ്ധൻ) അല്ല, വെറും “സാർത്തോ” (തയ്യൽക്കാരൻ) ആണു്.” പക്ഷേ കഴിഞ്ഞ നാല്പതു സംവത്സരങ്ങളായി ആ സ്ത്രീയുടെ പ്രശംസ ലോകം ഏറ്റുപാടുകയാണു്, സാർത്തോ യഥാർത്ഥത്തിൽ സാന്തോ ആണെന്നു്. വി. പത്രോസിൻ്റെ ദൈവാലയത്തിൻ്റെ അടിയിലുള്ള അനാർഭാടമായ ഒരു ശവകുടീരത്തിൽ അദ്ദേഹത്തിൻ്റെ ഭൗതികാവശിഷ്ടങ്ങൾ അന്ത്യവിശ്രമം കൊള്ളുന്നു. ലക്ഷക്കണക്കിനു തീർത്ഥയാത്രക്കാർ ആ ശവകുടീരം സന്ദർശിച്ചു പ്രാർത്ഥനകൾ നടത്തുന്നു. മററനേകലക്ഷങ്ങൾ അവരുടെ വീടുകളിലിരുന്നു കൂപ്പുകൈകൾ ഉയർത്തി അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നു. വാഴ്ത്തപ്പെട്ട പത്താം പീയൂസിൻ്റെ മാദ്ധ്യസ്ഥ്യത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു കണക്കില്ല. പൊതുജനാംഗീകാരത്താൽ പത്താംപീയൂസു് പണ്ടേ വിശുദ്ധനായതാണു്. ഇപ്പോഴിതാ തിരുസ്സഭ തൻ്റെ അപ്രമാദവരമുപയോഗിച്ചുകൊണ്ടു അദ്ദേഹത്തിൻ്റെ വീരോചിതവിശുദ്ധിയെ ഔദ്യോഗികമായി അംഗീകരിക്കുകയും വിശുദ്ധരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ആ മംഗളകർമ്മം—പുണ്യപട്ടപ്രഖ്യാപനം—ആണു മരിയവത്സരത്തിലെ മരിയമാസത്തിൽ നടക്കുവാൻപോകുന്നതു്. ഭയപര്യാകുലമായ ഈ പ്രതിസന്ധിഘട്ടത്തിൽ പത്താംപീയൂസിൻ്റെ ജീവിതമാതൃക നമുക്കു പ്രചോദനമരുളുകയും അദ്ദേഹത്തിൻ്റെ മാദ്ധ്യസ്ഥ്യംവഴി ആത്മീയവും ലൗകികവുമായ അനുഗ്രഹങ്ങൾ സമൃദ്ധിയായി നമുക്കു ലഭിക്കുകയും ചെയ്യുമാറാകട്ടെ.

—o—

ഓറിയൻ്റ് സെൻട്രൽബാങ്ക് ക്ലിപ്തം

ഹെഡാഫീസ് — കോട്ടയം

ബ്രാഞ്ചുകൾ:—

| | |
|---|---|
| ഈരാററുപേട്ട | വ. പറവൂർ |
| എരുമേലി | പാലാ |
| എറണാകുളം | പാമ്പാടി |
| കോട്ടയം | പിറവം |
| കോതമംഗലം | പൂവരണി |
| കുമരകം | തിരുവല്ലാ |
| കാളകെട്ടി | തൊടുപുഴ |
| കുട്ടിക്കൽ | വൈക്കം |

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ്സ്ഥാപനം

ഇപ്പോഴത്തെ പ്രവർത്തനമൂലധനം

ഒരു കോടിയിലധികം

നിക്ഷേപങ്ങൾക്കു് ആകർഷണീയമായ പലിശ നൽകപ്പെടുന്നു.

ഞങ്ങളുടെ എക്സ്റ്റ്രാ സേവിംഗ്സ് പദ്ധതിയിൽ ചേർന്നു് നിങ്ങളുടെ ചെറിയ സമ്പാദ്യങ്ങൾ ഒരു വലിയ തുകയാക്കിത്തീർക്കുക

കൂടുതൽ വിവരങ്ങൾക്കു് ഹെഡാഫീസിനേയോ ബ്രാഞ്ചാഫീസുകളേയോ സമീപിക്കുക

ചെയർമാൻ
ശ്രീ പി. കെ. കുര്യൻ
B. A., LL. B.

മാനേജിംഗ് ഡയറക്ടർ
ശ്രീ കെ. പി. മാത്യു
M. A., LL. B.

സെക്രട്ടറി
ശ്രീ കെ. സി. ജോസഫ് B. Sc.

വി. മരിയാ ഗൊരേത്തിയുടെ നൊവേനപ്പുസ്തകം

തയ്യാർ

ഒറ്റപ്രതിക്കു വില 2ണ തപാൽവഴി കിട്ടണമെങ്കിൽ, 3ണ സ്റ്റാമ്പു അയയ്ക്കുക. 10നു 2 കമ്മീഷൻ. വില മുൻകൂർ അയച്ചിരിക്കണം.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം 1

### രാജകുമാരിയുടെ ജ്ഞാനസ്നാനകർമ്മം

ഓസ്ട്രോ-ഹംഗേറിയൻ രാജകുടുംബത്തിൻ്റെ അവകാശിയായി ഇപ്പോൾ അവശേഷിക്കുന്നതു് ആർച്ച് ഡ്യൂക്ക് ഓട്ടോ എന്ന ദേഹമാണു്. അദ്ദേഹവും പത്നിയും രാജഭ്രഷ്ടരായി ഇപ്പോൾ ജർമ്മനിയിൽ കഴിഞ്ഞുകൂടുന്നു. അവരുടെ ആദ്യസന്താനമായി ഒരു കുമാരി ഈയിടെ ജാതയായി. കുട്ടിയുടെ ജ്ഞാനസ്നാനകർമ്മം സുസ്മരണീയമായ വിധത്തിലാണു നടന്നതു്. ജർമ്മനിയിലെ ലൂയിററ് പോൾഡ് ആസ്പത്രിയുടെ കപ്പേളയിൽവച്ചു ഓസ്ത്രിയാക്കാരനായ ഒരു മെത്രാനാൽ അതു നിർവ്വഹിക്കപ്പെട്ടു. ഹംഗറിയിലെ ടിസാനദിയിൽനിന്നെടുത്തു കമ്മ്യൂണിസ്റ്റു് അതിർത്തികടത്തിക്കൊണ്ടുവന്ന ജലമാണു് അതിലേക്കുപയോഗിച്ചതു്. ഓസ്ത്രിയയിൽനിന്നു കത്തിച്ചു കെടാതെ അവിടെ എത്തിച്ച തിരി കർമ്മത്തിൽ ഉപയോഗിച്ചു. ഓസ്ത്രിയായിലെയും ജർമ്മനിയിലെയും പല രാജകുടുംബാംഗങ്ങളും പ്രഭുക്കളും ഇതിൽ സംബന്ധിച്ചു. ഇക്കൂട്ടത്തിൽ ഒന്നാം ലോകമഹാസമരത്തിനു ഹേതുവാകുമാറു വധിക്കപ്പെട്ട ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാണ്ടിൻ്റെ മൂത്ത പുത്രനായ മാക്സ് വോൺ, ഹോഹെൻബെർഗ് രാജകുമാരനുമുണ്ടായിരുന്നു.

### ഫാദർ പെയ്റ്റൻ വീണ്ടും ഓസ്ട്രേലിയായിൽ

ജപമാലപ്രേഷിതനായ ഫാദർ പാട്രിക് പെയ്റ്റൺ രണ്ടാം പ്രാവശ്യം ഓസ്ട്രേലിയായിൽ എത്തിയിരിക്കയാണു്. സിഡ്നിയിൽ നടന്ന ഒരു പ്രചാരണയോഗത്തിൽ ഒന്നേകാൽ ലക്ഷത്തോളം ജനങ്ങൾ സംബന്ധിച്ചിരുന്നു. അവിടത്തെ പ്രധാനമന്ത്രി മി. ജെ. ജെ. കാഹിൽ ഏതൽസംബന്ധമായി ഒരു സമ്മേളനത്തിൽ പ്രസ്താവിച്ചതായതു്: 1948-ൽ ആരംഭിച്ച ഫാദർ പെയററൻ്റെ ഈ പ്രചാരണപ്രസ്ഥാനംവഴിയായി ഇപ്പോൾ 80 ലക്ഷത്തോളം ആളുകൾ പ്രതിദിനം ജപമാല എത്തിച്ചുകൊള്ളാമെന്നു അദ്ദേഹത്തിനു ഉടമ്പടി എഴുതിക്കൊടുത്തിട്ടുണ്ടു്. ഈ വന്ദ്യദേഹം ഒരു സജീവാത്ഭുതമാണു്. ഈ ഭക്താഭ്യാസം തുടർന്നുവരുന്നപക്ഷം, ചെറുപ്പക്കാരുടെ ദുർനടപടികൾ കുറഞ്ഞുവരും. കുടുംബങ്ങളിലെ ഭിന്നതയും കലഹങ്ങളും അസ്തമിക്കും. സംശയിക്കാനില്ല.

# ആ മൂന്നുതരം കത്തോലിക്കർ

(വി. സി. ജോർജ്ജ് ബി. എ., എൽ. ടി.)

കത്തോലിക്കരിൽ തരഭേദമുണ്ടെന്നു ആർക്ക്, എങ്ങനെ പറയുവാൻ സാധിക്കും? ഒരു കർത്താവും ഒരു മാമ്മോദീസായും ഒരു സഭയും അല്ലേ കത്തോലിക്കർക്കെല്ലാമുള്ളതു്? കത്തോലിക്കരുടെയിടയിൽ കാണാറുള്ള ആചാരവ്യത്യാസവും ഭാഷാവ്യത്യാസവും, വൈദികരുടെയും വൈദികാദ്ധ്യക്ഷന്മാരുടേയുമിടയിൽപ്പോലും നടപ്പുള്ള വേഷഭൂഷാദികളിലെ അന്തരവും അവരുടെ കത്തോലിക്കത്വത്തിനു് മാററുകുറയ്ക്കുകയും കൂട്ടുകയും ചെയ്യുന്ന സംഗതികളാണോ? എന്നിങ്ങനെ ചോദ്യത്തിനു പുറകെ ചോദ്യത്തെ അണിനിരത്തുന്നതാണു് ഈ ലേഖനത്തിന്റെ ശീർഷകം എന്നു പലരും ചിന്തിച്ചേക്കാം. എന്നാൽ ഭാഷയോ ദേശമോ ആചാരമോ പാരമ്പര്യമോ വേഷഭൂഷാദികളോ സ്ഥാനമാനാദികളോ മൂലം സംഭവിക്കാവുന്ന തരംതിരിവല്ലാ ഇവിടെ വിവക്ഷിക്കുന്നതു്. ഒരു കുടുംബത്തിൽ ജനിച്ചുവളർന്ന, ഒരേ മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ കഴിയുന്ന സഹോദരസഹോദരിമാരുടെയിടയിൽപ്പോലും അനുഭവപ്പെടുന്ന കത്തോലിക്കാചൈതന്യത്തിലുള്ള അന്തരം ആസ്പദമാക്കിയിട്ടുള്ള തരംതിരിവാണു് ഇവിടെ ചർച്ചയ്ക്കു് വിഷയമായിട്ടുള്ളതു്. ഒരു യുവാവു് അതിരാവിലെ ദിവ്യപൂജയിൽ സംബന്ധിക്കുവാൻ ദേവാലയത്തിൽ പോകുമ്പോൾ അയാളുടെ ഒരു സഹോദരൻ വീച്ചുവലയുമായി പുഴവക്കത്തേക്കു് മത്സ്യഗ്രഹണത്തിനു പോകുന്നുവെന്നിരിക്കട്ടെ. വേറൊരു സഹോദരൻ ഇരുവരും നിജകൃത്യങ്ങൾ നിർവ്വഹിച്ചു മടങ്ങിവന്നശേഷമാണു് കുംഭകർണ്ണസേവ അവസാനിപ്പിച്ചതെന്നും കരുതുക. ഈ മൂവരും മൂന്നുതരം കത്തോലിക്കരാണെന്നു വരുമോ? അന്നു കിട്ടുന്ന മീൻവിററു് വസൂലാകുന്ന തുക ഒരു മിഷൻസ്ഥാപനത്തിനയച്ചുകൊടുക്കാമെന്നു മുൻകൂട്ടി ചെയ്തിരുന്ന നിശ്ചയമനുസരിച്ചു് ആവുന്നിടത്തോളം നേരത്തെ വീശാനിറങ്ങിയ ആളിനു് കത്തോലിക്കാചൈതന്യം, തലേദിവസം വാങ്ങിയ കസവുനേര്യതുപയോഗിച്ചുണ്ടാകുന്ന സ്വന്തം പകിട്ടിന്റെ പരിമാണം അറിയുവാൻ രാവിലെ പള്ളിയിൽപ്പോയ സ്വസഹോദരന്റേതിനെക്കാൾ കുറയുമെന്നു ഖണ്ഡിച്ചുപറയുന്ന ആളാരാണു്? വളരെ വൈകി ഉറക്കത്തിൽനിന്നു് എണീററ സഹോദരൻ പാതിരാശ്ശേഷമാണു് ഒരു രോഗിയുടെ സവിധം രണ്ടുമൂന്നു ദിവസം ശുശ്രൂഷാനിരതനായി ഉറക്കമിളച്ചതിനുശേഷം സ്വഭവനത്തിൽ മടങ്ങിയെത്തിയതെന്നറിയുമ്പോൾ മൂവരിൽ മൂപ്പു കല്പിക്കേണ്ടതാർക്കാണു്? ഈ മൂന്നു സഹോദരന്മാരുടെ കത്തോലിക്കത്വത്തിനു് കുറിക്കോൽ കണ്ടെത്തുക പ്രയാസമാണെങ്കിൽ മുപ്പത്തഞ്ചുകോടിയുടെ കാര്യത്തിൽ തരംതിരിവു് എത്രയോ ദുസ്സാദ്ധ്യമായിരിക്കണം. എങ്കിലും ഒരു കാര്യം തീർച്ചയാണു്. മനുഷ്യഹൃദയങ്ങളുടെ അത്യഗാധങ്ങളിൽ സദാ "സെർച്ച് ലയിററ്" പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ദൈവം ഓരോരുത്തർക്കും, കത്തോലിക്കർക്കും ഇതരന്മാർക്കും, അവരുടെ ഓരോ പ്രവൃത്തിക്കുമുള്ള സമ്മാനമോ ശിക്ഷയോ അവരുടെ ആത്മാർത്ഥതയും ദൈവഹിതത്തോടുള്ള അനുരഞ്ജനയും അനുസരിച്ചു നൽകുമെന്നുള്ളതു തന്നെ. ദൈവത്തിന്റെ വിധി ലോകത്തിന്റെ വിധിയിൽനിന്നു പലപ്പോഴും സാരമായവിധത്തിൽ വിഭിന്നമാണല്ലോ. ക്രിസ്തുനാഥന്റെ കുരിശുമരണം നടന്ന അവസരത്തിൽ പീലാത്തോസിനു് നാഥനെപ്പററി തോന്നിയ ഭക്ത്യാദരങ്ങളുടെ സ്ഫുലിംഗങ്ങൾ നാം സുവിശേഷത്തിൽ കാണുന്നു. നാഥനോ-



"രാഷ്ട്രീയ പുരോഗതിയുടെ സ്വാഭാവികമായ പര്യവസാനരംഗം പ്രജാധിപത്യമാണെന്നുള്ള അനുമാനത്തിലേക്കാണു് എന്റെ ചരിത്രപഠനം എന്നെ എത്തിച്ചിട്ടുള്ളതു്; അതിലേക്ക ദൈവം ലോകത്തെ നയിച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു."

—ഫ്രഡറിക്ക ഒസ്സാനാം

ടൊന്നിച്ചു് കാൽവരിയിൽ കുരിശേറിയ ആ "നല്ലകള്ളനു്" ഈദൃശമായ ഒരു പശ്ചാത്താപം ഉണ്ടായിരുന്നതായി നാം അറിയുന്നില്ല. എങ്കിലും പറുദീസാ പ്രാപ്തിക്കുള്ള ആ വരിഷ്ഠവരം ആ "നല്ല കള്ളനാ"ണല്ലോ ലഭിച്ചതു്. ഓടുന്നവരെല്ലാം ഓട്ടത്തിൽ ജയിക്കുന്നില്ലെന്നും സമ്മാനാർഹരാകുന്നില്ലെന്നുമുള്ള അനുഭവം മനുഷ്യസമുദായത്തിന്റെ ആരംഭംമുതൽ ഇന്നോളം നിലനിന്നുപോരുന്നതത്രെ.

ഒരിക്കൽ ഒരു മെത്രാസനദേവാലയത്തിന്റെ പണി തിട്ടത്തിൽ നടന്നുകൊണ്ടിരുന്നു. അനേകശതം വേലക്കാർ അത്യദ്ധ്വാനംചെയ്തു അഹോരാത്രം ബുദ്ധിമുട്ടി പ്രയത്നിച്ചു. ഓരോ ജോലിക്കും വളരെപ്പേർ സഹകരിച്ചിരുന്നു. വേലക്കാരുടെയിടയിൽ വേഷപ്രച്ഛന്നനായി സ്ഥലത്തെ മെത്രാൻ ഒരിക്കൽ ചെന്നു് അവരുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. കുമ്മായംകൂട്ടുന്ന പണിക്കാരിൽ മൂന്നുപേരുമായി നടന്ന സംഭാഷണത്തിന്റെ വിവരമാണു് നമുക്കു് ലഭിച്ചിരിക്കുന്നതു്. എന്താണു് ജോലിയെന്നു് ഒരുവനോടു ചോദിച്ചപ്പോൾ "മണലും കുമ്മായവുംകൂടി ചേർക്കുകയാണു്" എന്നായിരുന്നു അയാളുടെ മറുപടി. "ഭാര്യക്കും കുഞ്ഞുങ്ങൾക്കും ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നു" എന്നു് രണ്ടാമൻ ഉത്തരം നൽകി. "മെത്രാസനദേവാലയം പണിയുന്നു" എന്ന സമാധാനമാണു് മൂന്നാമൻ നൽകിയതു്. പണിക്കാരുടെ ഈ പ്രത്യുത്തരങ്ങളെ വിമർശിച്ചുകൊണ്ടു കത്തോലിക്കരിൽ കാണപ്പെടുന്ന മൂന്നുതരക്കാരെയാണു് അവ നിർദ്ദേശിക്കുന്നതെന്നത്രെ ഒരു വൈദികപണ്ഡിതൻ സമർത്ഥിക്കുന്നതു്. നമ്മിൽ ചിലർ കത്തോലിക്കാമതാവലംബികളായിരിക്കുന്നതു് സാഹചര്യങ്ങൾമൂലം മാത്രമാണു്. പൂർവ്വികന്മാർ കത്തോലിക്കരായിരുന്നതിനാൽ നാമും കത്തോലിക്കരായി. അല്ലെങ്കിൽ ഇഷ്ടജനങ്ങൾമൂലം നാം കത്തോലിക്കാമതം സ്വീകരിക്കുവാൻ സംഗതിവന്നു. ഇതിൽ കവിഞ്ഞൊരു പരിഗണനയും നമുക്കു് കത്തോലിക്കാമതം സംബന്ധിച്ചില്ല. പ്രസ്തുത മതം പ്രചരിക്കുന്നതുകൊണ്ടോ, വിജയിക്കുന്നതുകൊണ്ടോ നാം സന്തോഷിക്കുന്നില്ല. അതിന്റെ പരാജയമോ വിനാശമോ നമുക്കു് സന്താപകാരണമാകുന്നുമില്ല. സഭാകാര്യങ്ങളെല്ലാം ഒത്തിണങ്ങിയാൽ നാം ഞായറാഴ്ചയും "കടമുള്ള" മററു ദിവസങ്ങളിലും പള്ളിയിൽ പോയെന്നുവരും. പലപ്പോഴും പ്രതികൂല സാഹചര്യങ്ങളാണു് നമുക്കനുഭവപ്പെടാറുള്ളതെന്നു മാത്രം. ഈവക കത്തോലിക്കരെ "അനാസ്ഥ" കത്തോലിക്കരെന്നാണു് നമ്മുടെ വൈദികപണ്ഡിതൻ നാമകരണം ചെയ്യുന്നതു്. അവൻ "മണലും കുമ്മായവും കൂട്ടിച്ചേർക്കുക" മാത്രം. അവരുടെ വീക്ഷണഗതി അതിനപ്പുറമില്ല.



**For favours received**

By P. S. Thresiamma

കത്തോലിക്കാ സഭാംഗങ്ങളായതുകൊണ്ടു് ചിലക്ക് പള്ളിയോഗങ്ങളിലും പ്രാദേശികസംഘടനകളിലും സർക്കാർ സർവ്വീസുകളിലും പ്രവേശം ലഭിക്കുന്നുണ്ടു്. ഭക്തസംഘടനകളിൽ ചേർന്നു സ്ഥാനമാനങ്ങൾ സമ്പാദിക്കുവാൻ സാധിക്കുന്നു. സമുദായപ്രാതിനിദ്ധ്യതത്വമനുസരിച്ചു് പേരും പെരുമയും ലഭിക്കുന്നു. ഡിന്നറുകളിലും പാർട്ടികളിലും ക്ഷണിക്കപ്പെടുന്നു. ചിലരുടെ ദൃഷ്ടിയിൽ സഭയുടെ അംഗത്വം ആത്മരക്ഷയുടെ കാര്യത്തിൽ ഉറപ്പുനൽകുകയും ചെയ്യുന്നു. തങ്ങൾക്കു കൈവരാവുന്ന നന്മകളും ഗുണങ്ങളും ആലോചിച്ചാൽ സഭ ആദരണീയമാണു്. സഭയോടുള്ള നമ്മുടെ ഋണബന്ധത്തെപ്പററിയോ ബാദ്ധ്യതകളെപ്പററിയോ ചിന്തിച്ചിട്ടാവശ്യമില്ല. സഭ ദൈവസ്ഥാപിതമെങ്കിൽ താനേ നിലനില്ക്കുകയോ പുരോഗമിക്കുകയോ ചെയ്യും. അതേ, ദൈവസ്ഥാപിതംതന്നെ. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേറുന്നതിൽ മനുഷ്യന്റെ സഹകരണമാവശ്യമെന്നുവന്നാൽ അതിലേക്കു് വിപുലമായ വൈദികലോകമുണ്ടു്. മെത്രാന്മാരും പട്ടക്കാരും പോരെങ്കിൽ സന്യാസിസമൂഹങ്ങളും സഭയുടെ കാര്യത്തിൽ വ്യാപൃതരാകാൻ ബാദ്ധ്യസ്ഥരാണു്. സഭയെ ആശ്രയിച്ചു ആവുന്നിടത്തോളം ആനുകൂല്യങ്ങൾ സമ്പാദിക്കുവാനേ നമുക്കു് ചുമതലയുള്ളു. ഈ വിധം യുക്തിവാദം ചെയ്യുന്ന "സ്വാർത്ഥതല്പരന്മാരാ"യ കത്തോലിക്കരുടെ ചിത്രമാണു് രണ്ടാമത്തെ കുമ്മായവേലക്കാരൻ പ്രദർശിപ്പിക്കുന്നതു്. "ദീപസ്തംഭം മഹാശ്ചര്യം; നമുക്കും കിട്ടണം പണം" എന്ന വാക്യം ഇവിടെ അനുസ്മരണീയംതന്നെ.

"മെത്രാസനദേവാലയം പണിയുന്നു" എന്ന മറുപടി തൽകർത്താവായ കുമ്മായവേലക്കാരനെ അഭിനന്ദനാർഹനാക്കിത്തീർത്തു. അവന്റെ പ്രവൃത്തിയു-

## ഉപകാരസ്മരണ

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഭയങ്കരമായ രോഗം ഭേദമായതിനു് ഉപകാരസ്മരണ.

അന്നമ്മ ജോസഫ് പുതിയിടത്തു
പൈക, പൂവരണി

ടെ സാരവും പരമോദ്ദേശ്യവും അവൻ മനസ്സിലാക്കിക്കഴിഞ്ഞു. അവൻ തന്റെ മുമ്പിൽ മണലും കുമ്മായവും, പിമ്പിൽ ഭാര്യയേയും കുഞ്ഞുങ്ങളേയും മാത്രമല്ല കണ്ടതു്. ഉത്തുംഗങ്ങളായ മണിമാളികകളോടും മനോഹരങ്ങളായ ബലിപീഠങ്ങളോടുംകൂടി പരിലസിക്കുന്ന പ്രഭാവത്തായ ഒരു ദേവാലയം, ലോകവും നാകവും മദ്ധ്യേയുള്ള ഒരു ജ്വാലസോപാനം, അവന്റെ മനോദർപ്പണത്തിൽ ദൃശ്യമായി. അതിന്റെ നിർമ്മാണത്തിൽ തനിക്കുള്ള ഭാഗഭാഗിത്വത്തെ അവൻ പ്രാഗത്ഭ്യപൂർവ്വം സ്മരിച്ചു. അവൻ വെറും ഒരു കത്തോലിക്കനല്ലാ, സംസ്ഥാപകനായ ഒരു കത്തോലിക്കനാണെന്നുതന്നെ അവൻ ബോധിച്ചു. തന്റെ, ശക്ത്യനുസാരം കത്തോലിക്കാസഭയുടെ വിജയത്തിലും പുരോഗമനത്തിലും സഹകരിക്കേണ്ടതവശ്യാവശ്യമാണെന്നു അവൻ ധരിച്ചു അതിൻപ്രകാരം സദാ പ്രവർത്തിക്കുവാനുള്ള സന്നദ്ധതാപ്രഖ്യാപനമായിരുന്നു അവന്റെ മറുപടി.

മനുഷ്യനഗരത്തിനു വിരുദ്ധമായ ഒരു ദൈവനഗരത്തെപ്പററി വിശുദ്ധ അഗസ്തിനോസ് പ്രതിപാദിക്കുന്നുണ്ടല്ലോ. ഈ ദൈവനഗരസ്ഥാപനം ഓരോ കത്തോലിക്കന്റെയും, ഓരോ ക്രൈസ്തവന്റെയും കർത്തവ്യവൃത്തത്തിൽപെട്ടതാണു്. അല്ലാ ഓരോ ഈശ്വരവിശ്വാസിയുടെയും കാര്യപരിപാടിയിലും ഉൾപ്പെടുന്നുവെന്നു പറയാം. ഈ സല്പരിണാമത്തിലുള്ള നമ്മുടെ ആകാംക്ഷയത്രെ "നിന്റെ രാജ്യം വരേണമെ" എന്നുള്ള സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള നമ്മുടെ അനുദിനപ്രാർത്ഥനയിൽ പ്രകാശിപ്പിക്കപ്പെടുന്നതു്. ദൈവത്തിന്റെ പിതൃത്വവും അഖിലലോകമാനവസമൂഹമദ്ധ്യേ സഹോദര്യവും അതോടുകൂടി സമൃദ്ധികരമായ ശാന്തിയും, സമാധാനവും, നീതിബോധവും സത്യവും പ്രബലപ്പെടാതെ സ്വർഗ്ഗരാജ്യം ഭൂമുഖത്തവതരിക്കുക അസാദ്ധ്യമാണു്. അവ പ്രബലപ്പെടുമ്പോൾ സകലവും ക്രിസ്തുവിൽ പുനഃസ്ഥാപിക്കപ്പെടുകയെന്നുള്ള ലക്ഷ്യപ്രാപ്തിയിൽ ലോകം എത്തുകയും ചെയ്യും. ഈ പ്രബലീകരണത്തിൽ നാം സ്വീകരിക്കുന്നഭാഗമാണു് "ആ മൂന്നുതരം കത്തോലിക്കരിൽ" ഏതിലാണു് നമ്മെ പരിഗണിക്കേണമെന്നു വെളിപ്പെടുത്തുന്നതു്. പുത്തനാണ്ടിന്റെ ഈ പുണ്യമാസം കടന്നു കഴിയുന്നതിനു മുൻപു് തൽസംബന്ധമായ ഒരു ആത്മപരിശോധന നമ്മിൽ പലർക്കും ഒഴിച്ചുകൂടാത്തതല്ലേ? നമ്മിൽ ഓരോ വ്യക്തിയുമത്രെ അംഗീകാരരൂപത്തിലോ നിഷേധാത്മകമായോ മറുപടി നൽകേണ്ടതു്.

## കത്തീഡ്രലിനുള്ള ധനശേഖരം

ലോകത്തിലെ ബൃഹദ്ദേവാലയങ്ങളിൽ ദ്വിതീയസ്ഥാനം അർഹിക്കുന്ന ലിവർപ്പൂൾ ക്രിസ്തുരാജകത്തീഡ്രലിന്റെ പണി തുടർന്നുകൊണ്ടിരിക്കയാണു്. കഴിഞ്ഞ മാസത്തെ കണക്കിൻപ്രകാരം അന്നുവരെ ആകെ വരവു് 663,148 പവനാണെന്നു കാണുന്നു. അതായതു് ശരാശരി ആണ്ടൊന്നുക്കു് നാല്പതിനായിരം പവൻവീതം ഇടവകജനങ്ങളിൽനിന്നു പിരിഞ്ഞിട്ടുണ്ടു്. കഴിഞ്ഞയാണ്ടു് അല്പം കുറവായിരുന്നു. 38,400 മാത്രമേ പിരിഞ്ഞുള്ളു. ഖജാൻജിയായ സർ ജോൺ റെയ്നോൾഡ്സ് തന്റെ റിപ്പോർട്ടിൽ പറയുന്നു: നമ്മുടെ ജനങ്ങളെ ഇക്കാര്യത്തിൽ എത്ര അഭിനന്ദിച്ചാലും മതിയാകുന്നതല്ല.

*Just Received*
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

ഗ്രൂപ്പ് ഫോട്ടോ
നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിനും കൃത്യസമയത്തും ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.
ലോയൽ സ്ററുഡിയോ
തൊടുപുഴ (T. C. State)

# ജനായത്ത സ്നേഹികൾ സൂക്ഷിക്കണം

(ബ്രദർ കെ. സി. പുല്ലാപ്പിള്ളി)

തിരുകൊച്ചിയുടെ രാഷ്ട്രീയാന്തരീക്ഷം ആകെപ്പാടെ ഇളകിമറിഞ്ഞിരിക്കുകയാണ്. ഇവിടത്തെ സാധാരണക്കാരുടെ അണികളിലേക്ക് ചില ഒളിയമ്പുകൾ തൊടുത്തുവിട്ട് അവരെ ഫലപ്രദമായി ചിതറിച്ചുകളയുവാൻ ജനായത്തവിരുദ്ധശക്തികൾ ശ്രമിച്ചുവരുന്നത് അധികമാരുടെയും ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. വയലിലും വഴിയിലും പാർക്കിലും ഷാപ്പിലും ഒന്നിച്ചുകൂടുന്ന ചെറുസംഘങ്ങൾക്കിടയിലേക്ക് പാളിക്കയറുന്ന ചില രാഷ്ട്രീയശൂലങ്ങൾ ചാണ്ടിവിടുകയാണത്. അവയുടെ സ്വഭാവം സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. പത്രങ്ങളും പ്രസിദ്ധീകരണങ്ങളും വഴി രാഷ്ട്രീയ സംഭവവികാസങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുവാൻ കഴിവില്ലാത്തവരുടെയിടയിൽ കള്ളക്കഥകളും കെട്ടിച്ചമച്ച പൊളിററിക്കൽ സ്റ്റണ്ടുകളുമായിരിക്കും കടത്തിവിടുക. പത്രസമ്പർക്കം പുലർത്തുകയും രാഷ്ട്രീയ ഗതിവിഗതികൾ നിരീക്ഷിക്കുകയും ചെയ്യുന്ന ഇടത്തരക്കാരുടെ ഇടയിലേക്ക് ചില മറിപ്പൻ മുദ്രാവാക്യങ്ങളും വിതണ്ഡാവാദങ്ങളുമായിരിക്കും തൊടുത്തുവിടുക.

“കോൺഗ്രസ്സ് അഞ്ചാറുകൊല്ലം ഭരിച്ചില്ലേ ഇനി കുറച്ചുകാലത്തേക്ക് ഐ. മു. ഭരിക്കട്ടെ എങ്ങനെയിരിക്കുമെന്നറിയാമല്ലോ. കുഴപ്പമാണെങ്കിൽ നമുക്കു മാററാം.” സാധാരണക്കാരുടെ വൃത്തങ്ങളിലേക്കു തത്പരകക്ഷികൾ എറിഞ്ഞിരിക്കുന്ന ഒരു കൈബോംബാണിത്. ജനാധിപത്യത്തേയും അതിന്റെ സ്വതന്ത്രമായ തെരഞ്ഞെടുപ്പുരീതികളേയും ദൂഷണംചെയ്തു ഏകകക്ഷ്യാധിപത്യത്തിനു കോപ്പുകൂട്ടുന്ന മാർക്സിസ്റ്റുവേലത്തരങ്ങൾ ആ പാവങ്ങളുണ്ടോ മനസ്സിലാക്കുന്നു! ഇന്നു നാം ഐക്യമുന്നണിയെ അധികാരത്തിലാക്കിയാൽ അഞ്ചുകൊല്ലത്തിനുശേഷം ഇന്നത്തേതുപോലെ സർവ്വതന്ത്രസ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പ് വീണ്ടും വരുമെന്നാണ് അവർ വിചാരിക്കുക. തിരുകൊച്ചി ഇൻഡ്യൻ യൂണിയന്റെ ഘടകമാണെന്നും ഇവിടത്തെ മാർക്സിസ്റ്റുകൾ ജനായത്തവിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കേന്ദ്രം ഇടപെട്ട് സംഗതികളൊക്കെ നേരെയാക്കിക്കൊള്ളുമെന്നും അന്ധമായി പ്രത്യാശിക്കുന്നവരുമുണ്ട്. എന്നാൽ അധികാരത്തിൽ കയറുന്ന ഭരണകക്ഷി ധർമ്മബോധവും സന്മാർഗ്ഗചിന്തയുമുള്ളതല്ലെങ്കിൽ നൂറുനൂറുമാർഗ്ഗങ്ങളിൽക്കൂടി എതിർപാർട്ടികളെ അടിയിരുത്താമെന്നും, കേന്ദ്രത്തിന് ഒരു പരിധിവിട്ട് നമ്മുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ സാദ്ധ്യമല്ലെന്നും അവർ മനസ്സിലാക്കുന്നില്ല. കമ്മ്യൂണിസ്റ്റുനേതൃത്വത്തിലുള്ള ഐക്യമുന്നണിയുടെ ചരിത്രവും പാരമ്പര്യവും പഠിച്ചിട്ടുള്ളവർക്കു മാത്രമേ ഇപ്പോഴത്തെ അപകടം പിടിച്ച രാഷ്ട്രീയനിലയുടെ നിർണ്ണായകമായ ഗൗരവം മനസ്സിലാക്കുവാൻ കഴികയുള്ളു. ബൾഗേറിയായിലും ബാൾക്കൻരാജ്യങ്ങളിലും റുമേനിയായിലും ഹങ്കറിയിലും യൂഗോസ്ലാവിയായിലും കമ്മ്യൂണിസ്റ്റ് ഐക്യമുന്നണികൾ ഭരണയന്ത്രം കരസ്ഥമാക്കി. തികച്ചും ജനാധിപത്യരീതിയിലുള്ള തിരഞ്ഞെടുപ്പിൽക്കൂടിയാണ് അവർ അധികാരത്തിലെത്തിയത്. എന്നാൽ ഭരണക്കൂടം പിടിച്ചെടുത്തിട്ട് അവർ ആദ്യമായി ചെയ്തത് എല്ലാ ജനകീയപാർട്ടികളേയും—ഐക്യമുന്നണിയിൽ തങ്ങൾക്കു കൂട്ടുകൂടിയ രാഷ്ട്രീയപാർട്ടികളെപ്പോലും—അടിച്ചു തകർക്കുകയാണ്. അവിടങ്ങളിലൊക്കെ ഇപ്പോഴും തിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. പക്ഷെ ഒരു പാർട്ടിക്കേ മത്സരിക്കാനവകാശമുള്ളു—കമ്മ്യൂണിസ്റ്റുപാർട്ടിക്ക്. ഐ. മു. വിനെയങ്ങു വിജയിപ്പിച്ചാൽ ഇവിടെയും അനുഭവമിതായിരിക്കും.

“തീർച്ചയായും കോൺഗ്രസ്സിനേ ഇപ്രാവശ്യം ഭൂരിപക്ഷം കിട്ടൂ. പിന്നെയങ്ങനെ ചത്തു പണിതിട്ട് കാര്യമൊന്നുമില്ല.” വേറൊരു രാഷ്ട്രീയശൂലമാണിത്. കഴിഞ്ഞ തിരഞ്ഞെടുപ്പിന് ആത്മാർത്ഥതയുള്ള ആയിരക്കണക്കിനു ജനായത്തസ്നേഹികളെ അലസരാക്കിയതു ഈ വിരട്ടുവിദ്യയാണ്. സാധാരണക്കാരൻമുതൽ ഒന്നാംകിട രാഷ്ട്രീയ പ്രവർത്തകൻവരെ പലരെയും ഈ മിഥ്യാബോധം മരവിപ്പിച്ചിരുന്നു. ഐ. മു. കക്ഷികളുടെ അമ്പതുശതമാനം വിജയവും ഈ ജാതി ഒളിയമ്പുകൾ നേടിക്കൊടുത്തതാണെന്നു പറയാം. ഇന്നത്തെ രാഷ്ട്രീയനിലപാടും കാര്യങ്ങളുടെ ഗൗരവവും ഇനിയെങ്കിലും മനസ്സിലാക്കി എല്ലാ ജനായത്തപ്രേമികളും ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ പ്രാവശ്യത്തെ അനുഭവം നമുക്കു പാഠമായിരിക്കട്ടെ.

“ഒന്നുരണ്ടു ഐ. മു. കയറുന്നതു നല്ലതാണ്. എങ്കിലേ കോൺഗ്രസ്സുകാർ മര്യാദയ്ക്കു പെരുമാറുകയുള്ളു.” വേറൊരു പ്രചരണതന്ത്രം. ഇതും സാമാന്യജനങ്ങളെ വഴിതെററിക്കുവാൻ പററുന്ന ഒന്നാണ്. ഐ. മു. കളുടെ സ്ഥാനത്ത്, ജനായത്തമര്യാദകളനുസരിച്ച് വ്യവസ്ഥാപിതമായ ഒരു പ്രതിപക്ഷം സൃഷ്ടിക്കുവാൻ സന്നദ്ധതയുള്ള ഒരു രാഷ്ട്രീയപാർട്ടി മത്സരിക്കുകയും കോൺഗ്രസ്സിനൊരു നല്ല ഭൂരിപക്ഷം കിട്ടുമെന്നുറപ്പുണ്ടായിരിക്കുകയും ചെയ്യുന്ന പരിതസ്ഥിതിയായിരുന്നെങ്കിൽ നമുക്കങ്ങനെ ഒരു നിലപാടു സ്വീകരിക്കാമായിരുന്നു. എന്നാൽ ജനായത്തശക്തികളും ജനായത്തവിരുദ്ധശക്തികളും തമ്മിൽ വിധിനിർണ്ണായകമായ ഒരു ഭയങ്കരസമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതുപോലുള്ള നിരുത്തരവാദമനോഭാവം ആത്മഹത്യാപരമായിരിക്കും.

“ഞങ്ങളുടെ വോട്ടുകൾ വേണമെങ്കിൽ കോൺഗ്രസ്സിനു കൊടുത്തേക്കാം. മററവർക്കെതിരായി പ്രവർത്തിച്ചു പരിഭവമേല്ക്കാനൊന്നും കഴികയില്ല.” രംഗത്തിറങ്ങി പ്രവർത്തിക്കേണ്ട പലരും ഇങ്ങനെ ഉദാസീനമായി പറയുന്നതു കേൾക്കാം. കരപ്രമാണികളും ജനനേതാക്കളുമായി കരുതപ്പെടുന്നവർ ഇങ്ങനെ അലസരായിരിക്കുന്നതു സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വലിയ ഒരു ദുർമാതൃകയാണ്. ഇന്നത്തെ രാഷ്ട്രീയനിലയുടെ ഗൗരവം പൊതുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻ ധർമ്മബോധവും രാജ്യസ്നേഹവുമുള്ള ഓരോ പൗരനും കർത്തവ്യമുണ്ട്. ജനായത്തഭരണക്രമത്തെ അട്ടിമറിച്ച് റഷ്യൻ മോഡലിലുള്ള ഒരു സ്വേച്ഛാധിപത്യഭരണക്കൂടം ഇവിടെ സ്ഥാപിക്കാൻ ദേശീയവും വിദേശീയവുമായ ജനകീയവിരുദ്ധശക്തികൾ ഓടിക്കിതച്ചു നടക്കുമ്പോൾ നമുക്ക് അലസമായി അടങ്ങിയിരിക്കുവാൻ സാധിക്കുമോ? ജനകീയസ്വയംഭരണത്തിനുവേണ്ടി ചങ്കുറപ്പോടെ ബ്രിട്ടീഷ് മേധാവിത്വത്തിനെതിരായി നാം പയററി. രക്തവും വിയർപ്പും ആ സ്വാതന്ത്ര്യസമരബലിവേദിയിൽ നാം നിർലോഭം അർപ്പിച്ചു. എന്നാൽ ആ ജനകീയസ്വയംഭരണം അപകടത്തിലാകുന്ന ഇന്ന് നാം നിർവികാരരായി നോക്കിനില്ക്കുകയോ? പതിന്മടങ്ങു വീറും സമരവീര്യവും നാം ഇന്നു കാണിക്കണം. കാരണം ലോകത്തിലെ ഏററവും ദുഷിച്ച സ്വേച്ഛാധിപത്യമായ കമ്മ്യൂണിസത്തോടാണു നാം ഏററുമുട്ടുന്നത്.

ഇടതുപക്ഷത്തിന്റെ ഒളിപ്പോർവിദഗ്ദ്ധന്മാർ സാധാരണ ജനങ്ങൾക്ക് എറിഞ്ഞുകൊടുക്കുന്ന രാഷ്ട്രീയബോംബുകളിൽ ചിലവയാണ് മേൽക്കാണിച്ചത്. പ്രത്യേക സ്ഥലകാലസാഹചര്യങ്ങൾക്കു യോജിക്കുന്നവിധത്തിൽ പ്രയോഗിക്കുവാൻ വേറെയും പലതരം ഒളിയമ്പുകൾ അവർക്കുണ്ട്. വലതുപക്ഷസ്ഥാനാർത്ഥികളെപ്പററി അപഹാസ്യമായ കിംവദന്തികളും നുണക്കഥകളും പൊതുജനങ്ങളുടെയിടയിൽ പറഞ്ഞുപരത്തുക; വർഗ്ഗീയതത്വത്തിന്റെ പഴുതുകളുള്ളിടത്ത് സൂത്രത്തിൽ കടന്നുപററി രാഷ്ട്രീയരഹസ്യങ്ങളുടെ രൂപത്തിൽ കള്ളക്കഥകൾ പ്രചരിപ്പിക്കുക, രഹസ്യഭീഷണികളും പരസ്യപ്രകടനങ്ങളുംവഴി സാമാന്യജനങ്ങളിൽ ഭയപ്പാടുണ്ടാക്കുക; ഭീഷണിക്കത്തുകളും നോട്ടീസുകളുംവഴി വലതുപക്ഷത്തിന്റെ പ്രവർത്തകരെ നിരുന്മേഷപ്പെടുത്തുക....എന്നിങ്ങനെ അനേകമനേകം കുടിലതന്ത്രങ്ങൾ അവർ പ്രയോഗിക്കും. റഷ്യൻ പാർലമെൻറിനെ പട്ടാളത്തെ കയററി പിടിച്ചെടുത്ത ബോൾഷെവിക് പാരമ്പര്യമാണിത്. ഇവരുടെ സർവ്വാധിപത്യപരമായ ഭീഷണിപ്രയോഗങ്ങളിലും കുടിലതന്ത്രങ്ങളിലുംനിന്ന് ഇന്നാട്ടിലെ സാധാരണക്കാരനെ രക്ഷിച്ചില്ലെങ്കിൽ ഒരു യഥാർത്ഥജനകീയതിരഞ്ഞെടുപ്പ് ഇവിടെ നടക്കുകയില്ല. ജനനേതാക്കളും നീതിന്യായവകുപ്പും ഇലക്ഷൻബോർഡും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

ലോകത്തിന്റെ മുഴുവൻ ദൃഷ്ടി ഇന്നു തിരുകൊച്ചിയിലേക്കു തിരിഞ്ഞിരിക്കുകയാണ്. ലോകത്തിലെ എല്ലാ ജനാധിപത്യശക്തികളും എല്ലാ സ്വേച്ഛാധിപത്യകക്ഷികളും ഏററവും ആകാംക്ഷയോടെയാണ് നമ്മെ ഇന്നു വീക്ഷിക്കുന്നത്. അത്രയ്ക്ക് അന്താരാഷ്ട്രീയപ്രാധാന്യം ഈ തിരഞ്ഞെടുപ്പിനുണ്ട്. ഇന്ത്യാസ്വാതന്ത്ര്യത്തിനുവേണ്ടി നൂററാണ്ടുകൾ മുറവിളികൂട്ടി. ഒടുവിൽ അതവർക്കു ലഭിച്ചു. എന്നാൽ തിരുകൊച്ചി ഒരു കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തെ ഇവിടെ വിളിച്ചുവരുത്തിയാൽ ഈ തിരുകൊച്ചിയിൽ കാലുറപ്പിച്ചുനിന്നുകൊണ്ട് ഇന്ത്യയെ മുഴുവൻ അതു് എത്തിപ്പിടിച്ച് വിഴുങ്ങികളഞ്ഞേക്കാം. ഏഷ്യയുടെ മുഴുവൻ ഭാഗധേയം നിർണ്ണയിക്കേണ്ട ഇന്ത്യ മാർക്സിസ്റ്റ് സർവ്വാധിപത്യത്തിനു വഴങ്ങിക്കൊടുത്താൽ ഏഷ്യാമുഴുവൻ അതിനടിമപ്പെട്ടുപോകും. ലോകത്തെ മേലിൽ നിയന്ത്രിക്കുന്നത് ഏഷ്യയായിരിക്കുമെന്നാണ് ചിന്തകന്മാരുടെ അഭിപ്രായം. എന്നാൽ ഏഷ്യ ജനായത്തസ്വാതന്ത്ര്യത്തെ ബലികഴിച്ച് ഒരു സർവ്വാധിപത്യത്തിലേക്കാണു കാലുകയറുന്നതെങ്കിൽ ലോകത്തിൽ ജനായത്തസംസ്കാരത്തിനുതന്നെ അതൊരു വിപത്തായിരിക്കും. ജനായത്തസ്നേഹികൾ ഇതറിയണം. ജനായത്തവിരുദ്ധകക്ഷികൾക്ക് ഇതറിയാം. അതുകൊണ്ട് സ്വതന്ത്രമായ ജനായത്തക്രമത്തെയും മാനവസംസ്കാരത്തെയും സ്നേഹിക്കുന്ന എല്ലാ വ്യക്തികളും സമൂഹങ്ങളും ഇന്നത്തെ നമ്മുടെ നിലയുടെ ഗൗരവം മനസ്സിലാക്കി വേണ്ടിവന്നാൽ ഒരു ജീവിതമരണസമരത്തിനുതന്നെ തയ്യാറാകേണ്ടിയിരിക്കുന്നു.

100-ൽപരം അനുഭവസാക്ഷ്യങ്ങൾവഴി സുപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള

**നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം**

എന്നീ സിദ്ധൌഷധങ്ങൾ

തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ഭരണങ്ങാനം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലെ സെയിൽസ് ഡിപ്പോകൾ വഴിയായും ഇരിങ്ങാലക്കുട, ആലുവാ, പാലാ, മാവേലിക്കര, പൊൻകുന്നം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള 100-ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു

മാസത്തിൽ രണ്ടു് തവണ വീതം പ്രസിദ്ധപ്പെടുത്തുന്ന “കാളൻസ് ബുള്ളററി”നിൽ നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപററി എഴുതിവരുന്നതുകൊണ്ട് മലബന്ധം, നീർവീഴ്ച, ചുമ, പനി, ക്ഷയം, എക്കൽ, അർശസ്സ്, പ്രമേഹം, ഗ്യാസ്ട്രബിൾ, വയറുവേദന, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, രക്തദുഷ്യം മുതലായ രോഗങ്ങൾകൊണ്ട് നിരാശപ്പെട്ടു കഴിയുന്നവർ ഞങ്ങൾക്കു രോഗവിവരക്കത്തുകൾ അയക്കുന്നതിനുപകരം “കാളൻസ് ബുള്ളററിൻ” വായിക്കുന്നതു് ഉപകാരപ്രദമായിരിക്കും. പോസ്റ്റേജടക്കം ആറുമാസത്തേക്കുള്ള വരിസംഖ്യ ഒരു ഉറുപ്പികയാകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സെയിൽസ് ഡിപ്പോകളിൽനിന്നു് ഒററപ്രതി ഒരണവീതം വിലക്കു കിട്ടുന്നതും വായനശാലകൾക്കുമാത്രം സൌജന്യമായി അയക്കുന്നതുമാകുന്നു.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:- കാളൻ, നെല്ലായി

ആദ്ധ്യാത്മികവീഥി (16)

# മേരിവത്സരം

ദൈവത്തിന്റെ വത്സലമക്കളേ,

സകല പുണ്യവാന്മാരുടെയും രാജ്ഞിയും സകല പ്രസാദവരങ്ങളേയും വിതരണം ചെയ്യുന്നവളുമായ നമ്മുടെ അമ്മ പരിശുദ്ധ ദൈവജനനിയുടെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തതിന്റെ ശതാബ്ദാഘോഷങ്ങളാണല്ലോ നാം ഇക്കൊല്ലം കൊണ്ടാടുന്നത്. ഇതുസംബന്ധിച്ച ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പരിശുദ്ധ പിതാവ് തിരുമനസ്സുകൊണ്ട് പരസ്യം ചെയ്തിട്ടുള്ള “ഫുൾജെൻസ് കൊറോണാ” എന്ന തിരുവെഴുത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

“സത്യദീപ”ത്തിൽ ഖണ്ഡശഃ പ്രസിദ്ധംചെയ്തിരുന്ന ആ വിശ്വലേഖനത്തിന്റെ വിവർത്തനം വളരെ മനസ്സിരുത്തി വായിക്കേണ്ടതാണ്. ഇന്നു സാമാന്യം പറഞ്ഞാൽ ചെറുകഥകളും ഫലിതങ്ങളും വിവിധവൃത്താന്തങ്ങളും വായിക്കാനേ പലർക്കും രസമുള്ളു. അല്പം ഗൗരവമായിട്ടുള്ളവ വായിച്ചുതുടങ്ങുമ്പോൾതന്നെ തലവേദനയെടുക്കും, അല്ലെങ്കിൽ വലിയ വിരസതതോന്നും. ആവക തോന്നലുകളോടെല്ലാം സുധീരം പോരാടി ഈ തിരുവെഴുത്തു ആരംഭംമുതൽ വായിക്കുകതന്നെ വേണം.

വായിച്ചാൽമാത്രം പോരാ, അതിന്റെ ഉള്ളടക്കം മററുള്ളവരെ പറഞ്ഞു മനസ്സിലാക്കത്തക്കവണ്ണം ഗാഢമായി പഠിക്കയുംവേണം. അങ്ങനെ പഠിക്കുന്നതുകൊണ്ട് അതിലെ ആശയം നമ്മുടെ ഹൃദയത്തിൽ നല്ലതിൻവണ്ണം പതിയും, അതേക്കുറിച്ചു പലപ്പോഴും ചിന്തിക്കുന്നതിനും അവസരം വരുമ്പോൾ മററുള്ളവരോട് സംസാരിക്കുന്നതിനും നമുക്കു സാധിക്കും.

സാധാരണ എല്ലാ കുടുംബങ്ങളിലും ഇപ്പോൾ “സത്യദീപം” വരുത്തുന്നുണ്ടായിരിക്കുമല്ലോ. ഇല്ലെങ്കിൽ തല്ക്കാലോപയോഗത്തിനെങ്കിലും ഒന്നു കിട്ടാൻ വിഷമമുണ്ടാകുകയില്ല. രാത്രി കുടുംബപ്രാർത്ഥനയ്ക്കുശേഷം എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും പിരിഞ്ഞുപോകുന്നതിനു മുൻപ് എട്ടുപത്തു മിനിററുനേരമെങ്കിലും അതു കൂട്ടത്തിൽ വായിച്ച് കുടുംബത്തലവൻതന്നെ ആശയം മററുള്ളവരെ മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചാൽ നന്നായിരിക്കും. പിന്നീട് കുട്ടികളോട് അതുസംബന്ധിച്ച് ചോദ്യങ്ങൾ ചോദിച്ച് അവർക്ക് ആ സംഗതി മനസ്സിലായോ എന്നു പരിശോധിക്കയും ചെയ്യണം.

ഇപ്രകാരം ചെയ്യുന്നെങ്കിൽ മാർപ്പാപ്പയുടെ ആഗ്രഹാനുസരണം “ഈ ക്രിസ്തീയതത്വം കൂടുതൽ വിശദമായി അറിയപ്പെടുകയും അതുവഴി ജനങ്ങളുടെ വിശ്വാസം വർദ്ധിക്കയും ദൈവത്തിന്റെ മാതാവായ കന്യകയോടുള്ള ഭക്തി ഉജ്ജ്വലതരമാകുകയും നമ്മുടെ സ്വർഗ്ഗീയാംബികയുടെ ചേവടികളെ കൂടുതൽ താല്പര്യത്തോടും ഉത്സാഹത്തോടുംകൂടെ പിഞ്ചെല്ലുവാൻ ഇടയാകുകയും” ചെയ്യും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവ്.

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേട് ഭേദമായതിനു ഉപകാരസ്മരണ.

എൻ. ഒ. കുര്യൻ, നെല്ല്യാട്ട്
നെയ്യശ്ശേരി

# പി. എസ്. പി. അംഗങ്ങളുടെ ധർമ്മസങ്കടം

(കെ. എ.—മദ്രാസ്)

തിരുകൊച്ചി സംസ്ഥാനത്തു് പ്രതിഷേധിക്കു കഴിയുന്നത്ര പാർട്ടിയംഗങ്ങളെ ജയിപ്പിക്കുവാനാണല്ലോ കമ്മ്യൂണിസ്റ്റു പാർട്ടിയുൾപ്പെടെ ഇടതുപക്ഷങ്ങളുമായി പി. എസ്. പി. തെരഞ്ഞെടുപ്പിൽ സഖ്യം ചെയ്തിരിക്കുന്നതു്. എന്നാൽ മനസ്സാക്ഷിയനുസരിച്ചു് കമ്മ്യൂണിസത്തെ അനുകൂലിക്കുവാൻ നിവൃത്തിയില്ലാത്ത പി. എസ്. പി. കാർക്കു് ഇതുമൂലം ഒരു വിഷമവൃത്തമാണു് നേരിട്ടിരിക്കുന്നതു്.

തെരഞ്ഞെടുപ്പു് പ്രകാരം ഇടതുപക്ഷസ്ഥാനാർത്ഥിയായി പി. എസ്. പി. കാരൻതന്നെ നില്ക്കുന്ന മണ്ഡലത്തിൽ പ്രയാസമില്ല. എന്നാൽ ഇടതുപക്ഷസ്ഥാനാർത്ഥി കമ്മ്യൂണിസ്റ്റാണെങ്കിൽ അവിടത്തെ പി. എസ്. പി. കാർ ആർക്കാണു് വോട്ടുചെയ്യേണ്ടതു് എന്നുള്ളതാണു് പ്രശ്നം. അവരെക്കൊണ്ടു് ഇഷ്ടമില്ലാതെ വോട്ടുചെയ്യിക്കാമെന്നു് പി. എസ്. പി. നേതാക്കന്മാർ പറയുമായിരിക്കാം. എങ്കിലും പി. എസ്. പി.യുടെ അനുയായികളെക്കൊണ്ടു് ഇഷ്ടംപോലെ വോട്ടുചെയ്യുവാൻ സാധിക്കയില്ല. കമ്മ്യൂണിസ്റ്റുകാരനു് വോട്ടുചെയ്യുവാൻ മതവിശ്വാസവും മനസ്സാക്ഷിയുമനുസരിച്ചു് അവർക്കു് പാടില്ല. നേരെമറിച്ചു് കമ്മ്യൂണിസ്റ്റു് അല്ലാത്ത സ്ഥാനാർത്ഥിക്കു് വോട്ടുചെയ്താൽ, അതിന്റെ അർത്ഥം ഇടതുപക്ഷസ്ഥാനാർത്ഥിയെ തോല്പിക്കുക എന്നാണു്. അതു് തെരഞ്ഞെടുപ്പിന്റെ തത്വത്തിനു് തന്നെ എതിരാണു്. തെരഞ്ഞെടുപ്പുസഖ്യമുണ്ടാക്കിയ ഓരോ പാർട്ടിയും ഓരോ മണ്ഡലത്തിലും, അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരിടതുപക്ഷസ്ഥാനാർത്ഥിയും ജയിച്ചെന്നുവരികയില്ല. ആർക്കും വോട്ടുചെയ്യാതിരുന്നാലോ? അപ്പോഴും ഇടതുപക്ഷസ്ഥാനാർത്ഥിക്കു് വോട്ടു കുറയുകയായിരിക്കും ഫലം. തന്നെയുമല്ല വിലയേറിയ വോട്ടവകാശം, വേണ്ടപ്പോൾ പ്രയോഗിക്കാൻ വയ്യെങ്കിൽ നമ്മുടെ പൗരസ്വാതന്ത്ര്യത്തിനു് എന്തർത്ഥമാണുള്ളതു്?

തെരഞ്ഞെടുപ്പില്ലായിരുന്നെങ്കിൽ തന്നെ എല്ലാ മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തുകയില്ലായിരുന്നെന്നും, തന്മൂലം ഈ വിഷമസന്ധി തെരഞ്ഞെടുപ്പിന്റെ അവശ്യഫലമല്ലെന്നും ചിലർ സമാധാനം പറഞ്ഞേക്കാം. അതു ശരിയല്ല. അംഗബലവും സ്വാധീനതയും നിമിത്തം ജയിക്കുമെന്നു് അല്പമെങ്കിലും പ്രതീക്ഷിക്കാവുന്ന മണ്ഡലങ്ങളിൽമാത്രമേ ഏതൊരു പാർട്ടിയും സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുവാൻ കാര്യമായി ആലോചിക്കുന്നുള്ളു. അങ്ങനെ സ്ഥാനാർത്ഥികളെ നിർത്താൻ സാദ്ധ്യതയുള്ളിടത്തുമാത്രമേ തെരഞ്ഞെടുപ്പു വേണ്ടിവരുന്നുമുള്ളു. പി. എസ്. പി.ക്കു് ആശയില്ലാത്ത മണ്ഡലങ്ങളിൽമാത്രം മത്സരിക്കുവാൻ നിന്നുകൊള്ളാമെന്നല്ല കമ്മ്യൂണിസ്റ്റുകാർ തെരഞ്ഞെടുപ്പിൽ സമ്മതിക്കുന്നതു്. തന്മൂലം തെരഞ്ഞെടുപ്പിന്റെ ഫലമായി സ്ഥാനാർത്ഥിയെ നിർത്താതിരിക്കുന്നതും അല്ലാതെ നിർത്താതിരിക്കുന്നതും തമ്മിൽ അവിടത്തെ പി. എസ്. പി. അംഗങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യാസമില്ലെന്നു പറയുന്നതു ശരിയല്ല.

വോട്ടിന്റെ കാര്യത്തിൽ മാത്രമല്ല ഈ വിഷമം നേരിടുന്നതു്. വോട്ടുചെയ്യാനെന്നതുപോലെ സകല കാര്യങ്ങളും പാർട്ടിയെ പ്രചരിപ്പിക്കുവാനും അവകാശമുണ്ടു്. വെറും അവകാശമല്ല തിരഞ്ഞെടുപ്പുപോലുള്ള നിർണ്ണായകഘട്ടങ്ങളിൽ അതൊരു ചുമതലയാണു്. കോൺഗ്രസ്സിനെതിരായി പ്രവർത്തിക്കുന്നതു പാപമല്ലെങ്കിലും കമ്മ്യൂണിസത്തിനനുകൂലമായി പ്രവർത്തിക്കുവാൻ മതവിശ്വാസമുള്ള ഒരു പി. എസ്. പി. കാരനു് ഒരുതരത്തിലും പാടില്ല. പക്ഷേ ഇന്നത്തെ തെരഞ്ഞെടുപ്പു് നിലവിലിരിക്കെ കമ്മ്യൂണിസ്റ്റു സ്ഥാനാർത്ഥി നില്ക്കുന്ന മണ്ഡലത്തിൽ പ്രത്യേകിച്ചു്, കമ്മ്യൂണിസത്തിനെതിരായി അവർക്കു ശബ്ദിക്കാമോ? കമ്മ്യൂണിസത്തോടുള്ള പോരാട്ടം കത്തോലിക്കരുടെ അനിവാര്യചുമതലയാണെന്നു പരിശുദ്ധ പിതാവു് ആവർത്തിച്ചാവർത്തിച്ചു് അനുസ്മരിപ്പിക്കുന്നു. പി. എസ്. പി.യിലെ കത്തോലിക്കർ ഈ ഘട്ടത്തിൽ ആരെയാണു കേൾക്കേണ്ടതു്?

ദുർവ്വാപകമായ ഒരു പ്രാധാന്യം കല്പിച്ചു് ഇതു പരിശോധിക്കുന്നതിനു് പി. എസ്. പി.യിലെ മതവിശ്വാസമുള്ള അംഗങ്ങൾ. തൃപ്തിവന്നാൽ മനസ്സാക്ഷിയെ അമർത്തിക്കൊണ്ടു്, കമ്മ്യൂണിസത്തിനുവേണ്ടി കൂട്ടുകൂടുവാൻ എത്രമാത്രം തയ്യാറാകുമെന്നു പി. എസ്. പി. നേതാക്കന്മാർക്കു തന്നെ മുമ്പേ അറിഞ്ഞുകൂടായിരിക്കാം. തെരഞ്ഞെടുപ്പു കഴിഞ്ഞാലുള്ള പരിപാടി എന്താണെന്ന ചോദ്യത്തിനു്, അതപ്പോൾ പറയാം എന്നവർ ഉത്തരം പറയുന്നതു കാരണം കൂടാതെയല്ല. നേതാക്കന്മാർ നമ്മുടെ മതബോധത്തിന്റെയും മനസ്സാക്ഷിയുടെയും കഴുത്തറുക്കുന്നതു് ഇന്നത്തെ നയത്തോടുള്ള നമ്മുടെ മനോഭാവത്തിൽ നിന്നായിരിക്കും.

വ്യക്തിസ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാൻ സുശക്തമായ ഒരു പ്രതിപക്ഷം നമുക്കാവശ്യമാണു്. എന്നാൽ വ്യക്തിസ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നില്ലാത്ത ഒരു പാർട്ടി പ്രതിപക്ഷമായിപ്പോയാലും വരുംകാല നേതാക്കളുടെ അതിലും വലിയ ആവശ്യമാണു്. രാഷ്ട്രീയകാര്യങ്ങളിൽ നമ്മുടെ മനസ്സാക്ഷിയെ നാം ക്രൂശിക്കുമ്പോൾ ഈ മാലിന്യമാണു നാം വരുത്തുന്നതു്.

## ഇടവകവാർത്തകൾ

പോട്ട— പോട്ടപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെയും, വിൻസെന്റു ഡി പോൾ കോൺഫറൻസിന്റെയും, ചെറുപുഷ്പ പകർത്താലിക്കാ വായനശാലയുടെയും 4-ാം വാർഷിക സംയുക്തസമ്മേളനം പള്ളിയങ്കണത്തിൽവച്ചു് വെ. റവ. ഫാദർ സക്കറിയാസ് വാഴപ്പിള്ളി ഡി. ഡി. അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ വിവിധ കലാപരിപാടികളോടുകൂടി നടത്തപ്പെട്ടു. യോഗത്തിൽ ശ്രീ സി. എ. പോൾ അവർകൾ പ്രസംഗിച്ചു. മത്സരങ്ങളിൽ വിജയികളായ ബാലികാബാലന്മാർക്കു സഖ്യത്തിന്റെയും പൊതുജനങ്ങളുടെയും സമ്മാനദാനങ്ങൾ ഉണ്ടായിരുന്നു. യോഗാനന്തരം 'തപ്തബാഷ്പം' എന്ന പ്രഹസനം അഭിനയിക്കുകയും ചെയ്തു.

ഒല്ലൂർ— ഇവിടത്തെ മരിയസഖ്യം ചാപ്പലികാവിഭാഗത്തിന്റെയും മിഷൻ സർക്കിളിന്റെയും 11-ാം വാർഷികം കഴിഞ്ഞ ജനുവരി 31-ാം നു ഞായറാഴ്ച വെരി റവ. മോൺ ജോൺ പാലിയത്തു് ജെ. യു. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുമിടിക്കൾ മാത്യു എം. എ. പ്രസംഗിക്കുകയുമുണ്ടായി.

മേലൂർ— കഴിഞ്ഞ ഞായറാഴ്ച ഇവിടത്തെ വിജയപുരം ഇടവകയിലെ മരിയസഖ്യത്തിന്റെ 18-ാമതു വാർഷികം റവ. ഫാ. ക്ലെമന്റു ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ കെ. സി. റപ്പായി, ഒല്ലൂർ പ്രസംഗിച്ചു. അൽഫോൻസാ എന്ന കഥാപ്രസംഗം ജോസ് കുന്നുകുളവും പാർട്ടിയും നിർവ്വഹിച്ചു. കാലത്തു കൊന്തയാത്രയുടെ പ്രദക്ഷിണം ഭംഗിയായി നടന്നു.

മേക്കാടു്— സ്ഥലം സൺഡേസ്കൂളിന്റെയും കുഞ്ഞുമിഷനറി സംഘത്തിന്റെയും സംയുക്തവാർഷികം ജനുവരി 31-ാം നു ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. റവ. കുര്യാക്കോസ് പടിഞ്ഞാറേക്കുറ്റിൽ ആദ്ധ്യക്ഷം വഹിക്കുകയും റവ. കുര്യാക്കോസ് വേലംകുന്നേൽ ബി. എ., റവ. ജോസഫ് തെക്കിനേൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. യോഗാനന്തരം "നല്ല സമരി" എന്ന പ്രഹസനം കുട്ടികൾ അഭിനയിച്ചു.

കിഴക്കമ്പലം— സ്ഥലം സെന്റു് ജോസഫ്സ് ഹൈസ്കൂൾ സാഹിത്യസമാജത്തിന്റെ അഞ്ചാമതു വാർഷികസമ്മേളനം ജനുവരി 24-ാം നു റവ. ഡോക്ടർ ജോസഫ് മുട്ടത്തോട്ടിൽ എം. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. യോഗത്തിൽ ശ്രീ പി. കെ. ആന്റണി ബി എസ്സ്‌സി, ബി. എൽ. പ്രസംഗിച്ചു.

ചങ്ങനാശേരി— എസ്സ്. ബി കോളേജ് സി. എ. ബി. യുടെ വാർഷികം തിരുവനന്തപുരം ആർച്ചുബിഷപ്പു് മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കോളേജ് അസംബ്ലി ഹാളിൽവച്ചു ഫെബ്രു. 2-ാം നു നടത്തുകയുണ്ടായി. യോഗത്തിൽ ശ്രീ പി റ്റി. ചാക്കോ എം. എ. എൽ എൽ ബി, മേരി ജോൺ എം. എ. മുതലായവർ പ്രസംഗിച്ചു.

## വിനോദവീഥി




"അയ്യോ, ആ കോണി കൊണ്ടുപോവല്ലെ!"

"എന്റെ ചുവരിൽ കടലാസൊട്ടിക്കരുതെന്നു ഞാൻ പറഞ്ഞിട്ടില്ലേടാ. നീയവിടിരുന്നു കരിക്കു്. കോണിയെനിക്കു മനസ്സില്ല."

* * *

തീവണ്ടിയിൽവച്ചു തടിയനായ ഒരു യാത്രക്കാരൻ അടുത്തിരുന്ന ശോഷിച്ച സഹയാത്രക്കാരനെ നോക്കി പറയുകയാണു്:

നിങ്ങളെ കണ്ടിട്ടു, നിങ്ങളുടെ നാട്ടിൽ വലിയ ദാരിദ്ര്യമാണെന്നു തോന്നുന്നല്ലോ?

സഹയാത്രക്കാരൻ: അതെ. നിങ്ങളെ കണ്ടതുകൊണ്ടു് അതിന്റെ കാരണക്കാരനെ പിടികിട്ടി.

* * *



"നേരം വെളുത്തപ്പോൾ മുതൽ ചൂണ്ടയിട്ടിരിക്കയാണല്ലോ, കിട്ടി കഴിഞ്ഞോ? എത്ര മീനുകൾ കിട്ടി?"

"എന്റെ ചൂണ്ടമേൽ ഇരുന്ന തവളയെ അതുകൊണ്ടുപോയി. അതു കിട്ടിയിട്ടുണ്ടോ എന്നുനോക്കുകയാണു്."

## തിരുക്കൊച്ചിവാർത്തകൾ

### അരിറേഷൻ വർദ്ധിപ്പിച്ചു

ഫെബ്രുവരി 7-ാം നു ആരംഭിക്കുന്ന ആഴ്ചമുതൽ സംസ്ഥാനത്തെ അരിറേഷൻ 6 ഔൺസിൽനിന്നു് 9 ഔൺസാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. കൂടുതലായി ലഭിക്കുന്ന മൂന്നൗൺസ് അരിയുടെ വില ഇടങ്ങഴിക്കു് 12 അണ എന്ന നിരക്കിൽ നൽകേണ്ടതാണു്.

### ശേഖരിച്ചുവയ്ക്കൽ

നടേശ്ശേരിയിൽ... പാലിക്കുന്നതിനെ നിരോധിക്കുന്ന കേന്ദ്രഗവർമ്മെന്റിന്റെ ഓർഡിനൻസ് സംസ്ഥാനത്തു നടപ്പിലാക്കിയിരിക്കുന്നു.

### ഓവർലോഡ് നിറുത്തിയ ലൈനുകൾ

ട്രാൻസ്പോർട്ടു ബസ്സുകളിൽ ഓവർലോഡ് കർശനമായി നിറുത്തിയിരിക്കുന്ന 9 പ്രധാന റൂട്ടുകൾ താഴെ പറയുന്നവയാണു്: തിരുവനന്തപുരം— നാഗർകോവിൽ; തിരു—ചെങ്കോട്ട; തിരു—കൊല്ലം; കൊട്ടാരക്കര—കോട്ടയം; കൊല്ലം—ചെങ്കോട്ട; കോട്ടയം—ആലുവ; കൊല്ലം—അമ്പലപ്പുഴ; തിരു—കൊട്ടാരക്കര; കോട്ടയം— എറണാകുളം.

### ജർണലിസത്തിനുള്ള കോഴ്സ്

തിരുവിതാംകൂർ സർവ്വകലാശാലയിൽ അടുത്ത വർഷംമുതൽ ജർണലിസത്തിനുള്ള കോഴ്സ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിലേക്കു് തയാറാക്കപ്പെട്ട സിലബസ് സർവ്വകലാശാലാ സെനറ്റ് അംഗീകരിച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### നിയന്ത്രണം പിൻവലിക്കും

പഞ്ചസാര ലഭിക്കുന്നതിനു് കേന്ദ്രഗവർമ്മെന്റിനു സാധിച്ചാൽ ഉടൻതന്നെ ഭക്ഷ്യധാന്യങ്ങളുടെ മേലുള്ള എല്ലാ നിയന്ത്രണങ്ങളും താൻ പിൻവലിക്കുന്നതാണെന്നു് കേന്ദ്രഭക്ഷ്യമന്ത്രി മി. കിദ്വായി പ്രസ്താവിച്ചിരിക്കുന്നു. ഇന്നു് ഇൻഡ്യയിൽ 40 ലക്ഷം ടൺ അരി നീക്കിയിരിപ്പുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

### തിക്കുമൂലമുണ്ടായ അപകടം

അലഹബാദിലുള്ള കുംഭനഗർ എന്ന സ്ഥലത്തു് ഈയിടെ നടന്ന മേളയിൽ ജനങ്ങൾ നിയന്ത്രണാതീതമായവിധം തിക്കിത്തിരക്കിയതിന്റെ ഫലമായി അഞ്ഞൂറോളം പേർ സമ്മർദ്ദമേറ്റു മൃതിയടയുകയും ആയിരത്തിൽപ്പരം പേർക്കു് പരുക്കേൽക്കുകയും ചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

### ബാംഗളൂരിൽ പാർലമെന്റു സമ്മേളനം

ഇൻഡ്യൻ പാർലമെന്റു് സമ്മേളനം ആണ്ടിലൊരിക്കൽ ബാംഗളൂർവച്ചു് നടത്തുവാനും മൈസൂർ ഗവർമ്മെന്റു് പുതുതായി പണിതീർത്തുവരുന്ന വിധാനസൗധം ഇതിലേക്കു ഉപയോഗപ്പെടുത്തുന്നതിനും ആലോചനകൾ നടന്നുവരുന്നു. ക്ഷീണിതരായ എം. പി.കൾക്കു് പാർലമെന്റു നടപടികളിൽ സംബന്ധിക്കുവാൻ ഉന്മേഷവും സൗകര്യവും ഉണ്ടാകുന്നതിനായിരിക്കും ഈ നടപടി.

### ഭാഷാപ്രശ്നം

ഭാഷാവിഷയത്തിൽ ഓരോ സ്റ്റേറ്റിനും യുക്തമായ നിയമനിർമ്മാണം നടപ്പിലാക്കാൻ സാധിക്കത്തക്കവണ്ണം ഇൻഡ്യൻ ഭരണഘടനയിൽ ഭേദഗതി വരുത്തണമെന്നു് പല സംസ്ഥാനങ്ങളും അഭിപ്രായപ്പെട്ടിട്ടുള്ള നിവേദനങ്ങൾ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗീകരിക്കുകയും പ്രസ്തുത അഭിപ്രായം കമ്മിറ്റി യൂണിയൻ ഗവർമ്മെന്റിനു സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇതുസംബന്ധിച്ചു് അടുത്ത പാർലമെന്റു സമ്മേളനത്തിൽ ചർച്ച നടക്കുന്നതാണു്.

### ഇൻഡ്യൻ സുപ്രീംകോടതിയുടെ പരിധിയിൽ

ഇൻഡ്യൻ സുപ്രീംകോടതിയുടെ പരിധിയിൽ കാശ്മീരിനെയും ഉൾപ്പെടുത്താൻ കാശ്മീർ ഗവർമ്മെന്റു സമ്മതിച്ചിരിക്കുന്നു. ക്രിമിനൽ കേസുകളിൽ കാശ്മീർ ഹൈക്കോടതി മരണശിക്ഷ വിധിക്കുമ്പോഴും 20,000 കയിൽ കൂടുതൽ വിലപിടിച്ച സിവിൽ കേസുകൾക്കും സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണു്.

## വിദേശവാർത്തകൾ

### വി. കർബാന ടെലിവിഷനിൽ കണ്ടാൽപോരാ

ഞായറാഴ്ചകളിലും മററു കടപ്പെട്ട ദിവസങ്ങളിലും വിശുദ്ധ കർബാന ടെലിവിഷനിലൂടെ കണ്ടാൽ കർബാന കാണുവാനുള്ള കടം തീരുന്നതല്ലായെന്നു് വിശുദ്ധ കൂദാശകളുടെ തിരുസംഘം തീരുമാനിച്ചിരിക്കുന്നു.

### ചർച്ചിൽ ഗവർമ്മെന്റിൽ വിശ്വാസം

ബ്രിട്ടീഷ് പാർലമെന്റിലെ പ്രതിപക്ഷം കഴിഞ്ഞയാഴ്ചയിൽ ചർച്ചിൽ ഗവർമ്മെന്റിന്റെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. 232 പേർ അനുകൂലിച്ചു 266 പേർ പ്രതികൂലിച്ചും വോട്ടുചെയ്കയാൽ പ്രമേയം തള്ളപ്പെട്ടു.

### ഷേക്ക് അബ്ദുള്ള

കഴിഞ്ഞ ആഗസ്റ്റ് 9-ാം നു പബ്ലിക്ക് സെക്യൂരിറ്റി ആക്ടനുസരിച്ചു് അറസ്റ്റുചെയ്യപ്പെട്ട മുൻ കാശ്മീർ പ്രധാനമന്ത്രി മി. ഷേക്ക് അബ്ദുള്ളായുടെയും അദ്ദേഹത്തിന്റെ കീഴിൽ റവന്യൂമന്ത്രിയായിരുന്ന മിഴ്സ അഫ്സൽബെഗ്ഗിന്റെയും തടങ്കൽ കാലാവധി ഒരുമാസത്തേക്കുകൂടി ദീർഘിപ്പിച്ചിരിക്കുന്നു.

—o—

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM, FEBRUARY 10, 1954 | No. 24

# പണ്ഡിററ് നെഹ്റുവിന്റെ തിരഞ്ഞെടുപ്പു സന്ദേശം

ഇന്ത്യയുടെ പ്രധാനമന്ത്രിയായ പണ്ഡിററ് ജവഹർലാൽ നെഹ്റു തിരുകൊച്ചിയിൽ ആസന്നമായിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പു സംബന്ധിച്ച് രാജ്യമാകെ ഒരു മിന്നൽപര്യടനം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഭാരതത്തിന്റെ ഈ അഭിവന്ദ്യനേതാവ് അദ്ദേഹത്തിന്റെ വാർദ്ധക്യസഹജമായ അനാരോഗ്യസ്ഥിതിയേയും കേന്ദ്രത്തിൽ അദ്ദേഹത്തിനു നിർവ്വഹിക്കാനുള്ള ഗൗരവാവഹമായ അനുദിനപരിപാടികളേയും മാററിവച്ചിട്ട് ഇങ്ങേ അററത്തെ ഈ രാജ്യത്തുവന്നു വിശ്രമരഹിതമായ പ്രചരണപരിപാടികളിൽ അഹോരാത്രം വ്യാപൃതനാകുന്നതിന്റെ ഉദ്ദേശമെന്താണെന്നു നാമെല്ലാവരും അവഗാഢമായി ചിന്തിക്കേണ്ടതാണ്. നമ്മുടെ നാട്ടിന്റെ ഓരോ ഗ്രാമങ്ങളും പട്ടണങ്ങളും ചുററിസഞ്ചരിച്ചുകൊണ്ട് പൗരജനങ്ങളോട് അടിയന്തിരമായ ഒരു സന്ദേശം അദ്ദേഹം അറിയിക്കുകയാണ്. ഇന്ത്യയുടെ പ്രധാനമന്ത്രി എന്ന നിലയിലല്ല അദ്ദേഹത്തിന്റെ തിരുകൊച്ചി സന്ദർശനം. ഭാരതത്തിനു വിദേശാധിപത്യത്തിൽനിന്നു സ്വാതന്ത്ര്യം നേടിത്തന്ന രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വലംകൈയായിനിന്നു പ്രവർത്തിച്ച ആ സേനാനി ഭാരതത്തിന്റെ ഭാവുകങ്ങളെ കൈയേററിരിക്കുന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രസിഡണ്ടെന്നനിലയിൽ മാതൃരാജ്യത്തിന്റെ രാഷ്ട്രനിർമ്മാണകൃത്യത്തിൽ നമ്മുടെ പൗരധർമ്മത്തെപ്പററി നമ്മെ ഉൽബുദ്ധരാക്കി കർത്തവ്യനിരതരുമാക്കുന്നതിനുവേണ്ടിയാണ് നമ്മുടെ ഇടയിൽ വന്നിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ സൃഷ്ടിപരമായ സന്ദേശത്തെ തിരുകൊച്ചിയിലെ ഓരോ പൗരനും അവഗാഢം മനസ്സിലാക്കുകയും രാജ്യസ്നേഹനിഷ്ഠമായ മനോഭാവത്തോടുകൂടി അനുവർത്തിക്കുകയും ചെയ്യേണ്ടതാണ്.

## ഭാരതത്തിന്റെ ലക്ഷ്യം


ഭാരതത്തെ അഭിമുഖീകരിക്കുന്ന വിവിധപ്രശ്നങ്ങളേയും അവയെ നേരിടുന്നതിനു ഭാരതീയർ അവലംബിക്കേണ്ട മനോഭാവത്തേയും ഓരോ പ്രസംഗങ്ങളിലും അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നുണ്ട്. എറണാകുളത്ത് "ഡർബാർഹാൾ ഗ്രൗണ്ടി"ൽ തടിച്ചുകൂടിയിരുന്ന വമ്പിച്ച പൗരസഞ്ചയത്തെ അഭിസംബോധനംചെയ്തുകൊണ്ട് അദ്ദേഹംപറഞ്ഞതിങ്ങനെയാണ്:-

"നമ്മുടെ ലക്ഷ്യസാക്ഷാത്കാരത്തിനു ഞാൻപരമാവധിയത്നിക്കുന്നു. ശേഷിക്കുന്നതുനിങ്ങളുംഇന്ത്യയിലെ മററുജനങ്ങളുംചെയ്യേണ്ടതാണ്. മുൻകാലങ്ങളിൽ നമ്മെ നയിച്ച ആദർശങ്ങൾ, മഹാത്മാഗാന്ധിയുടെ തത്വങ്ങൾ നാം വിസ്മരിക്കുന്നെങ്കിൽ അതു കഷ്ടമായിരിക്കും; നാം ആർജ്ജിച്ച സ്വാതന്ത്ര്യത്തിനു നാം അനർഹരായിരിക്കും. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ് നമുക്കു സ്വാതന്ത്ര്യം നേടിത്തന്നത്. മഹത്തായ ഒരദ്ധ്യായം ഗാന്ധിജി എഴുതി. അതു തീർന്നിട്ടില്ല. നാം വളരെദൂരം മുമ്പോട്ടുപോകേണ്ടിയിരിക്കുന്നു." ഭാരതസ്വാതന്ത്ര്യത്തിന്റെ ആദ്യഘട്ടത്തിൽ ഭാരതവിഭജനംമൂലം സംജാതമായ കുഴപ്പങ്ങളേയും അഭയാർത്ഥിപ്രശ്നങ്ങളേയും അനുസ്മരിച്ചുകൊണ്ടു അദ്ദേഹം തുടർന്നു:- "ഗാന്ധിജിയുടെകാലത്തു ജീവിക്കുവാനിടയായതു നമുക്കു വലിയ ഭാഗ്യമാണ്. ഭാവിതലമുറയും അങ്ങനെ കണക്കാക്കും. അദ്ദേഹം നമ്മിൽനിന്നു വേർപെട്ടുപോയി. പക്ഷെ അദ്ദേഹത്തിന്റെ ആദർശങ്ങൾ നാം പ്രകാശമാനമായി ഉയർത്തിപ്പിടിക്കണം. നൂററാണ്ടുകൾക്കുശേഷം ഇന്ത്യ സ്വതന്ത്രയായതു നിങ്ങൾക്കും എനിക്കും മാത്രമല്ല, ലോകത്തിനു മുഴുവൻ വലിയൊരു നേട്ടമായിട്ടുണ്ട്. ഇന്ത്യയുടെ മഹത്വം ശതഗുണീഭവിച്ചിരിക്കുന്നു. സ്വാതന്ത്ര്യം വലുതായ പല ഉത്തരവാദിത്വങ്ങളും നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്. നമ്മുടെ ജനലക്ഷങ്ങളെ ദാരിദ്ര്യത്തിൽനിന്നും വിമോചിപ്പിക്കണം. നമ്മുടെ ആളുകൾ പട്ടിണിക്കിരയാകുവാൻ കാരണക്കാരായാലും നമുക്കു വേണ്ടതു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരു ഇന്ദ്രജാലപ്രയോഗംകൊണ്ട് ഉയരുവാൻ സാദ്ധ്യമല്ല. കഠിനാദ്ധ്വാനംകൊണ്ടു മാത്രമേ ഏതൊരു രാഷ്ട്രത്തിനും ഉയരുവാൻ സാധിക്കുകയുള്ളൂ." യുദ്ധസൂചനകളേയും അണുയുഗത്തിന്റെ സമാരംഭംകൊണ്ടു വന്നുചേർന്നിട്ടുള്ള ഭീകരമായ അരക്ഷിതാവസ്ഥയേയും എടുത്തുകാണിച്ചിട്ട് ഇന്ത്യയുടെ അക്രമരാഹിത്യസിദ്ധാന്തത്തിന്റെ മഹനീയതയെ അദ്ദേഹം വിശദമാക്കി. നാം ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ജീവിക്കുന്നതെന്നും രാഷ്ട്രങ്ങളുടെ പഴയ വീക്ഷണങ്ങളെ അവ കൈവെടിയണമെന്നും ഏതു ദുർഘടസന്ധിയേയും ധീരമായി നേരിടത്തക്കവണ്ണം തയാറാകണമെന്നും ശക്തിയുക്തം അദ്ദേഹം ഉൽബോധിപ്പിച്ചു.

## കഠിനമായ അദ്ധ്വാനം ചെയ്യണം

കൊഴിഞ്ഞാമ്പാറ ഹൈസ്കൂൾ ഗ്രൗണ്ടിൽവച്ചു പ്രസംഗിക്കവെ രാഷ്ട്രനിർമ്മാണത്തിൽ കഠിനമായ അദ്ധ്വാനശീലത്തിനാണ് പ്രാമാണ്യം എന്നു വിശദമാക്കിക്കൊണ്ട് അദ്ദേഹം പ്രസ്താവിച്ചതിപ്രകാരമാണ്:- "ദാരിദ്ര്യം, ഭക്ഷണപ്രശ്നം, തൊഴിലില്ലായ്മപ്രശ്നം മുതലായവയെ പരിഹരിക്കുന്നതിലാണ് നാമിന്ന് ഏർപ്പെട്ടിരിക്കുന്നത്. ഈ പ്രശ്നങ്ങളൊന്നും ഞൊടിയിടകൊണ്ടു കൺകെട്ടുവിദ്യകൊണ്ടെന്നവണ്ണം പരിഹരിക്കുക സാദ്ധ്യമല്ല. കഠിനമായ അദ്ധ്വാനംകൊണ്ടേ സമ്പൽസമൃദ്ധമായ ഒരു രാഷ്ട്രത്തെ കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളൂ. മുദ്രാവാക്യങ്ങൾ മുഴക്കിയതുകൊണ്ടോ, ജാഥകൾ നയിച്ചതുകൊണ്ടോ, പ്രകടനങ്ങൾ സംഘടിപ്പിച്ചതുകൊണ്ടോ രാജ്യം പുരോഗമിക്കുവാൻ പോകുന്നില്ല. ഇതരരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യസമരങ്ങളുടേയും അതു കഴിഞ്ഞുള്ള പുരോഗതിയുടേയും ചരിത്രം സൂക്ഷിച്ചാൽ ഇതു മനസ്സിലാക്കാൻ വിഷമമില്ല."

തൃശ്ശൂർ തേക്കിൻകാട്ടു മൈതാനത്തുവച്ചു ഈ വിഷയത്തെപ്പററി അദ്ദേഹം ആവേശപൂർവ്വം പ്രഖ്യാപിച്ചതു പ്രത്യേകം ശ്രദ്ധേയമാണ്:- "നമ്മുടെ ഭാവി നിങ്ങളിലാണ് — ഇന്ത്യയിലെ കോടിക്കണക്കായ സ്ത്രീപുരുഷന്മാരുടെ നേത്രങ്ങളിലാണ് — ഞാൻ ദർശിക്കുന്നത്. കന്യാകുമാരി മുതൽ ഹിമാചലപ്രാന്തംവരെയുള്ള ജനകോടികൾ തങ്ങളുടെ നിരന്തരമായ അദ്ധ്വാനംമൂലം നമ്മുടെ രാഷ്ട്രത്തെ സുശക്തമാക്കണം........ഇളംതലമുറ രാഷ്ട്രത്തിന്റെ കെട്ടിപ്പടുക്കലിൽ കഠിനാദ്ധ്വാനത്തിനു തയാറാകണം. തിരഞ്ഞെടുപ്പുകൾ വീണ്ടും വരും പോകും; അതുപോലെ തലമുറകളും വരികയും പോവുകയും ചെയ്യും. നാം നമ്മുടെ ശക്തിയെ വമ്പിച്ച നിർമ്മാണപ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കണം. നാം ഇന്നു സ്വതന്ത്രരാണ്. എന്നാൽ അതുകൊണ്ട് നമ്മുടെ ജോലി തീർന്നില്ല. അതോടൊന്നിച്ചു നമ്മുടെ ചുമതല വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളൂ."



പണ്ഡിററ്ജി പ്രസംഗിക്കുന്നു

## കോൺഗ്രസിനെ വിജയിപ്പിക്കുക

ഭാരതത്തിനു കൈവന്നിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ മാഹാത്മ്യത്തേയും അതിനെ വേണ്ടവിധത്തിൽ ഉപയോഗിച്ച് കഠിനാദ്ധ്വാനംമൂലം ഒരു ബലിഷ്ഠരാഷ്ട്രം കെട്ടിപ്പടുക്കേണ്ടതായ ഭാരതീയരുടെ കർത്തവ്യത്തേയും അനുസ്മരിച്ചശേഷം, അതിനായി ഇന്ത്യൻ നാഷനൽ കോൺഗ്രസിനെ വിജയിപ്പിക്കേണ്ട ആവശ്യകതയെ അദ്ദേഹം വിശദീകരിച്ചു. എറണാകുളം പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: "ഈ ലോകകാര്യങ്ങളെപ്പററി എന്തിനു ഞാൻ സംസാരിക്കുന്നു; തിരഞ്ഞെടുപ്പുപ്രചരണത്തിനല്ലേ ഞാൻ വന്നതെന്നു നിങ്ങൾ സംശയിക്കുന്നുണ്ടാവാം. ഈ പ്രശ്നങ്ങളിൽ തിരഞ്ഞെടുപ്പിനും പ്രത്യാഘാതമുണ്ട്. എന്തു തത്വങ്ങളാണ് ഉൾക്കൊള്ളുന്നതു്, ആരൊക്കെ അസംബ്ലിയിൽ വരണം എന്ന അടിസ്ഥാനത്തിൽ വ്യക്തിപരമായ പരിഗണനകൾക്കു സ്ഥാനമില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനം സുഗമമാകണം. ആദർശനിഷ്ഠമാകണം. ഇതു വളരെ ഗൗരവമുള്ള കാര്യമാണ്. നശീകരണമുണ്ടായാൽ നാം വിലമതിക്കുന്നതെല്ലാം തിരോഭവിക്കും. ആകയാൽ ഈ തിരഞ്ഞെടുപ്പിനേയും ഏതു തിരഞ്ഞെടുപ്പിനേയും ആ പശ്ചാത്തലത്തിൽ വീക്ഷിക്കണം. തിരുകൊച്ചിയിലെ തിരഞ്ഞെടുപ്പു പലവിധത്തിൽ പ്രാധാന്യമർഹിക്കുന്നു. തിരുകൊച്ചിയിലെ മാത്രമല്ല ഡൽഹിയിലേയും ഭരണക്കൂടം നാം നയിക്കണം."

തൃശ്ശൂർ പ്രസംഗത്തിൽ അദ്ദേഹം ഇതേപ്പററി പ്രസ്താവിച്ചതിപ്രകാരമാണ്:- "നമ്മുടെ പരിതസ്ഥിതികൾക്കനുസരിച്ചായിരിക്കണം നമ്മുടെ നയപരിപാടികൾക്കു രൂപം നൽകേണ്ടതു്. റഷ്യയേയോ അമേരിക്കയേയോ അനുകരിച്ചായിരിക്കരുതു് അവ രൂപം കൊള്ളുന്നതു്. ഇന്ത്യയുടെ ആത്മസത്തയിൽ അധിഷ്ഠിതമായിരിക്കണം നമ്മുടെ നയവും പരിപാടിയും........ കോൺഗ്രസിന്റെ എല്ലാ ദൗർബല്യങ്ങളേയും വകയിരുത്തിയാൽതന്നെയും, ഇന്ത്യയെ ഏകീകരിക്കുന്നതും, അവളുടെ സമ്പത്തിക പുരോഗതിക്കുവേണ്ടി യത്നിക്കുന്നതും കോൺഗ്രസിന്റെ ചരിത്രപ്രസിദ്ധമായ പരിപാടിയാണെന്നു കോൺഗ്രസുകാർ വിശദമാക്കിക്കഴിഞ്ഞിട്ടുണ്ട്. നെഹ്റുവെന്ന നിലയിൽ ഞാൻ നിസ്സാരനാണെങ്കിലും മഹത്തായ ഭാരതത്തിലെ മഹത്തായ ജനത എന്നിൽ വിശ്വാസം അർപ്പിച്ചിരിക്കുമ്പോൾ ഒരു മഹാരാഷ്ട്രത്തിന്റെ തലവനെന്നു ഞാൻ അഭിമാനംകൊള്ളുന്നു. കോൺഗ്രസ്സിൽ വൈകല്യങ്ങളുണ്ട്. അവ എന്നെ വേദനിപ്പിക്കുകയും ചെയ്യുന്നു. അവയെ ഉച്ചാടനം ചെയ്യാൻ നിങ്ങളെല്ലാം സംഘടനയിലേക്കു വരിക."

## ഇടതുപക്ഷത്തിന്റെ നിലപാട്

തിരഞ്ഞെടുപ്പു മത്സരത്തിൽ കോൺഗ്രസിനെ എതിർക്കുന്ന ഇവിടത്തെ ഇടതുപക്ഷക്കൂട്ടുകെട്ടിനെപ്പററി എറണാകുളം പ്രസംഗത്തിൽ ഇങ്ങനെയാണ് നെഹ്റു പ്രസ്താവിച്ചതു്:- "ഇടതുപക്ഷ ഐക്യമുന്നണി എന്നൊന്ന് ഇവിടെ ഉണ്ടായിരിക്കുന്നു. അതൊരു വിചിത്രസത്വമാണ്. ജന്തുശാസ്ത്രമനുസരിച്ച് അതിനു് എന്തു പേരിടണമെന്നു എനിക്കറിഞ്ഞുകൂടാ. വ്യക്തികളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. കമ്മ്യൂണിസ്റ്റു പാർട്ടിയേയും, പ്രജാസോഷ്യലിസ്റ്റു പാർട്ടിയേയും, റവല്യൂഷനറി സോഷ്യലിസ്റ്റു പാർട്ടിയേയും എനിക്കറിയാം. പിന്നെ കേരളാസോഷ്യലിസ്റ്റ് എന്ന ഒരു പാർട്ടിയും കൂടിയിട്ടുള്ളതായി അറിയുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിയും, പി. എസ്. പി. യും എല്ലാ തത്വങ്ങളിലും പരസ്പരം പൊരുതിവരുന്നവരാണ്. അവരാണ് തിരഞ്ഞെടുപ്പിൽ ഒത്തുചേർന്നിരിക്കുന്നതു്. ആർ. എസ്. പി. ക്കാർ എന്തിനായി നിലകൊള്ളുന്നു? അടവുഡപ്പഞ്ചാംഗങ്ങളുടെ സമാഹാരമാണതു്. കെ. എസ്. പി. ക്കാർ സ്വതന്ത്രകേരളത്തെപ്പററി ചില ഒപ്പാരൊക്കെ പ്രഘോഷിക്കാറുണ്ട്. എന്നാൽ ഈ ഘടകങ്ങളെയെല്ലാം ഏകീഭവിപ്പിച്ച "ജി. സി. എം." എന്താണെന്നു ഗണിതശാസ്ത്രഭാഷയിൽ ചോദിക്കാം. രാഷ്ട്രീയകാര്യങ്ങളിൽ ഒത്തുതീർപ്പാകാം. എന്നാൽ ഖണ്ഡിതതത്വങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പാർട്ടികൾ ആ ഭിന്നതത്വങ്ങളിൽ ഒത്തുതീരുന്നതെങ്ങനെയാണ്?"

"മററു പാർട്ടികളേയും വ്യക്തികളേയും വിമർശിക്കാൻ എനിക്കാഗ്രഹമില്ല. അസംബ്ലിയിലും പാർലമെൻറിലും പ്രതിപക്ഷംവേണം. പക്ഷെ അതു ആദർശാധിഷ്ഠിതമായിരിക്കണം. തിരഞ്ഞെടുപ്പിനു നില്ക്കുന്നതു് അതിനുശേഷം വല്ലതും പ്രവർത്തിക്കാനാണ്. എന്നാൽ ഈ ഐക്യമുന്നണിക്കാർ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതു്? ആർക്കും അറിഞ്ഞുകൂടാ. നിഷേധാത്മകതത്വത്തിൽ പാർട്ടികൾ കെട്ടിപ്പടുക്കുവാൻ സാദ്ധ്യമല്ല. ഈ ഗ്രൂപ്പുകാർ തിരഞ്ഞെടുപ്പിനു് സഖ്യം ചേർന്നിരിക്കുകയാണത്രെ. തിരഞ്ഞെടുപ്പിനുശേഷം അസംബ്ലിയിലോ പാർലമെൻറിലോ പ്രവർത്തിക്കണം. ഒരു നൈരാശ്യബോധം ഈ വിധ ഗ്രൂപ്പുകാരിൽ ഉളവായിട്ടുണ്ട്. സന്തോഷത്തിലധിഷ്ഠിതമല്ല, ഭഗ്നാശകത്വത്തിലാണ് അവരുടെ പ്രവർത്തനം. നമ്മുടെ ബുദ്ധിയെ അവഹേളിക്കുവാനാണ് അവരുടെ ശ്രമം. അന്തസ്സാരവിഹീനമാണ് അവരുടെ സംരംഭം. ചില മുദ്രാവാക്യങ്ങൾ ഉൽഘോഷിക്കുന്നതിലാണ് അവരുടെ പ്രവർത്തനം. നിഷേധാത്മകമായി "നോ—നോ" (ഇല്ല ഇല്ല) മാത്രം പറഞ്ഞുകൊണ്ടു ഒരു രാഷ്ട്രമായിരിക്കുവാൻ സാദ്ധ്യമാകുമോ?" "നശിപ്പിക്കുക, തകർക്കുക എന്നു ഘോഷിച്ചുകൊണ്ടു നടക്കുന്ന അവർക്കു നശിപ്പിക്കുവാനല്ലാതെ നിർമ്മിക്കുവാനറിഞ്ഞുകൂടാ" എന്നാണ് ഈ എതിർപക്ഷക്കൂട്ടുകെട്ടിന്റെ നശീകരണസ്വഭാവത്തെ വിശദീകരിച്ചുകൊണ്ട് നെഹ്റു തൃശ്ശൂർയോഗത്തിൽ പ്രസ്താവിച്ചതു്.

## നെഹ്റുവിന്റെ ആഹ്വാനം

ഭാരതത്തിന്റെ മുമ്പിലുള്ള മഹാപ്രശ്നങ്ങളെ ഇപ്രകാരം വിശദീകരിച്ചശേഷം ആ വീരനേതാവ് ഐക്യബോധവും അദ്ധ്വാനശീലവും വഴി നമ്മുടെ പൗരധർമ്മം നിറവേററുന്നതിനു് നമ്മെ ആഹ്വാനം ചെയ്യുന്നു: "വ്യക്തികളിൽ എനിക്ക് താല്പര്യമില്ല. കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ ചിലരെ മാത്രമേ എനിക്ക് പരിചയമുള്ളൂ. എന്നാൽ ചില തത്വങ്ങളിൽ എനിക്ക് താല്പര്യമുണ്ട്. ഇന്ത്യയുടെ ഐക്യത്തിൽ എനിക്ക് താല്പര്യമുണ്ട്. ഐക്യം ശിഥിലമായാൽ നമ്മുടെ യത്നങ്ങൾ ശൂന്യമാകും. ഒരു നവഭാരതം സൃഷ്ടിക്കുന്നതിനുള്ള ബൃഹത്തായ ശ്രമമാണ് നമ്മെ അഭിമുഖീകരിച്ചിരിക്കുന്നതു്. എന്റെ തലമുറ കഴിഞ്ഞുപോകാൻ പോകുന്ന തലമുറയാണ്. എന്നാൽ മററൊരു തലമുറ തൽസ്ഥാനം സ്വീകരിക്കണം. കഴിഞ്ഞ പത്തുമുപ്പതു നാല്പതു കൊല്ലങ്ങളായി കെട്ടിപ്പടുത്ത ഭാരതം തകർന്നുപോകരുതെന്നു് എനിക്കു താല്പര്യമുണ്ട്. നമ്മുടെ അഭിമാനവും ശക്തിയും തകർന്നു

പോകരുത്. പ്രാദേശികമോ, വർഗ്ഗപരമോ, മതപരമോ ആയ വിഘടനാസംരംഭങ്ങൾ പാടില്ല. രാഷ്ട്രീയകാര്യങ്ങളിൽ തത്വങ്ങൾ ദീക്ഷിക്കണം."

## മതത്തിൻെറ പ്രശ്നം

തിരഞ്ഞെടുപ്പു പ്രചാരണങ്ങളിൽ മതത്തെസംബന്ധിക്കുന്ന പല പ്രശ്നങ്ങൾ തല്പരകക്ഷികൾ അസ്ഥാനത്തു വലിച്ചിടുന്നതിനും മതത്തിൻെറയും മതപുരോഹിതന്മാരുടേയും നിലപാടുകളെ ദുർവ്യാഖ്യാനം ചെയ്യുന്നതിനും വെമ്പൽപ്പെട്ടുകാണുന്നുണ്ട്. മതത്തെസംബന്ധിച്ചു പണ്ഡിററ്ജി തൻെറ പ്രസംഗങ്ങളിൽ സംക്ഷിപ്തമായി പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ശ്രദ്ധാർഹങ്ങളാണ്. ദൈവത്തിലുള്ള ദൃഢമായ വിശ്വാസം, അതെവിടെ കണ്ടാലും— ഹിന്ദുവിലായാലും, ക്രിസ്ത്യാനിയിലായാലും, മുസ്ലീമിലായാലും—താനതിനെ അങ്ങേയററം വിലമതിക്കുന്നു എന്നാണ് അദ്ദേഹം തൻെറ തൃശൂർ പ്രസംഗത്തിൽ വിശദമാക്കിയതു. രാഷ്ട്രീയകാര്യങ്ങളിൽ മതത്തിൻെറ ഇടപെടൽ അഭിലഷണീയമല്ലെന്നു എറണാകുളം പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു.

## ബിഷപ്പിൻെറ സർക്കുലർ

കോട്ടയം ജില്ലാക്കോടതി മൈതാനത്തുവച്ചു നടത്തിയ പ്രസംഗത്തിൽ ഈ വിഷയത്തെപ്പററി അദ്ദേഹം കുറേക്കൂടി സ്പഷ്ടമായി പ്രസ്താവിച്ചതിങ്ങനെയാണ്:- "ഒരു പ്രതിപക്ഷസ്നേഹിതൻ എനിക്കു കൈമാറി എഴുതിയച്ചു, ഒരു മെത്രാൻെറ സർക്കുലറിനെപ്പററി. മലയാളത്തിലുള്ള ആ സർക്കുലർ എനിക്കു വായിക്കാൻ വശമില്ല. അതിൻെറ സാരം ഞാൻ ഇംഗ്ലീഷിൽ വായിച്ചു. ബിഷപ്പും ഒരു പൗരനാണ്; ഒരു പൗരനുള്ള എല്ലാ അവകാശങ്ങളും ഒരു ബിഷപ്പിനും ഉണ്ട്. തിരഞ്ഞെടുപ്പുസംബന്ധിച്ചു അഭിപ്രായം പറയാൻ അദ്ദേഹത്തിനു പൂർണ്ണമായ സ്വാതന്ത്ര്യവും അവകാശവുമുണ്ട്. മതവും രാഷ്ട്രവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു ഞാൻ ഇഷ്ടപ്പെടുന്നില്ല. മതം, സംസ്കാരം, രാഷ്ട്രീയം, സാമ്പത്തികകാര്യങ്ങൾ ഇവ തമ്മിൽ വേർതിരിച്ചുകാണുവാൻ സാദ്ധ്യമല്ല. കോൺഗ്രസ്സിനു ഒരു തത്വസംഹിതയുണ്ട്; മതത്തിനുമുണ്ട്; കമ്മ്യൂണിസത്തിനുമുണ്ട്; കമ്മ്യൂണിസ്റ്റു വിരുദ്ധപ്രസ്ഥാനങ്ങൾക്കുമുണ്ട്. വിശ്വാസപരമായ വികാരാവേശങ്ങൾ ഇവയ്ക്കെല്ലാമുണ്ട്. മതത്തെ മാത്രം വേർതിരിക്കാവുന്നതല്ല. ബിഷപ്പിൻെറ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ എനിക്കൊ ഗവർമ്മേണ്ടിനോ ഉദ്ദേശമില്ല. ഒരു വ്യക്തി എന്ന നിലയിൽ, ഒരു ബിഷപ്പിനും കോൺഗ്രസ്സുകാരനും കമ്മ്യൂണിസ്റ്റിനും തുല്യാവകാശങ്ങളുണ്ട്."

ഈ അഭിപ്രായം കത്തോലിക്കാസഭയുടെ നിലപാടിനോടു വളരെ യോജിക്കുന്നതാണെന്നാണ് ഞങ്ങൾക്കു തോന്നുന്നതു. "സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും" എന്നാണ് ക്രിസ്തു പ്രബോധിപ്പിച്ചിട്ടുള്ളതു. വ്യക്തികളിൽ അടിയുറച്ചതും പ്രവൃത്ത്യുന്മുഖവുമായ ദൈവവിശ്വാസം ഉണ്ടായിരിക്കുക, രാഷ്ട്രീയത്തിൽനിന്നു മതവും മതകാര്യങ്ങളിൽനിന്നു രാഷ്ട്രവും കഴിവുള്ളിടത്തോളം ഒഴിഞ്ഞുനില്ക്കുക, ന്യായമായ കാര്യങ്ങളിൽ പരസ്പരം സഹകരിക്കുക, ഇതാണ് കത്തോലിക്കാസഭയുടെ ആദർശം. പ-
ക്ഷേ [illegible] ലപാടിനെപ്പററി സുവ്യക്തമായി, പ്രാമാണികമായി പല പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നുവരികിലും ഈ ആദർശത്തേയും നിലപാടിനേയും ദുർവ്യാഖ്യാനം ചെയ്യുന്നതിനും "പള്ളി രാഷ്ട്രീയ"ത്തെ അതിൻെറ "എച്ചും പേച്ചും" തിരിയാതെ താറടിച്ചുകാണിക്കുന്നതിനും ചില കമ്പൂഢികൾക്കുള്ള പ്രവണത ഒരു മാറാവ്യാധിയാണ്. മതത്തെയും മനുഷ്യൻെറ ധാർമ്മികമൂല്യങ്ങളേയും സ്പർശിക്കുന്ന പ്രശ്നങ്ങൾ ആവിർഭവിക്കുമ്പോൾ മാത്രമേ, മതസംരക്ഷണകർത്തവ്യം ഔദ്യോഗികമായി ഭരമേററിട്ടുള്ള സഭാധികാരികൾ അവയെ വിശദീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളിൽ പ്രവേശിക്കുകയുള്ളു. അപ്രകാരം മതത്തെ സ്പർശിക്കാത്ത പാർട്ടിപൊളിററിക്സിൽ സഭാധികാരികളും വൈദികരും അവരുടെ ഔദ്യോഗികനിലയിൽ പങ്കെടുക്കരുതെന്നു നിശിതമായ നിർദ്ദേശങ്ങൾ നിലവിലുള്ളതാണ്. അങ്ങിനെയാണ് അവർ പ്രവർത്തിക്കുന്നതും.

## കർദ്ദിനാളിൻെറ പ്രസ്താവന

ഭാരതത്തിലെ അത്യുന്നതകർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമേനി ഈയിടെ മംഗലാപുരം സന്ദർശിച്ചു അവസരത്തിൽ അവിടത്തെ മുനിസിപ്പൽകൗൺസിൽ നൽകിയ മംഗളപത്രത്തിനു മറുപടിപറഞ്ഞകൂട്ടത്തിൽ മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ പരാമർശിക്കുകയുണ്ടായി. സമാധാനത്തിൻെറയും ക്രമത്തിൻെറയും അഭാവത്തിൽ യാതൊരു രാജ്യത്തിനും യഥാർത്ഥമായ പുരോഗതിയുണ്ടാവുക സാദ്ധ്യമല്ലെന്നും, അതുകൊണ്ടു ഈ രാജ്യത്താകെ സമാധാനം കൈവരുത്തുന്നതിനുള്ള ശ്രമത്തിൽ സകലവിധ സഹായസഹകരണങ്ങളും ഇവിടത്തെ നേതാക്കന്മാർക്കു കത്തോലിക്കാസഭ നൽകുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചു ആദ്യത്തെ കൊല്ലംതന്നെ ഇന്ത്യയും വത്തിക്കാനുമായി നയതന്ത്രബന്ധം സ്ഥാപിക്കപ്പെട്ട വസ്തുത അദ്ദേഹം അനുസ്മരിച്ചു. പ്രബലമായ ഒരു രാഷ്ട്രത്തെ കെട്ടിപ്പടുക്കുന്നതിൽ ഭാരതത്തിലെ ഭരണകക്ഷി അംഗീകരിച്ചിരിക്കുന്ന ആദർശങ്ങളും പരിപാടികളും കത്തോലിക്കാസഭയുടെ ആദർശങ്ങൾക്കും പരിപാടികൾക്കും യോജിക്കുന്നവയാണെന്നും, അവയിൽനിന്നു വ്യതിചലിക്കാത്തിടത്തോളം, സഭയുടെ സകല കഴിവുകളും ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പരമാവധി വിനിയോഗിക്കുന്നതായിരിക്കുമെന്നല്ലയോ അത്യുന്നത കർദ്ദിനാൾ തിരുമനസ്സിലെ ഈ പ്രസ്താവന തെളിയിക്കുന്നതു?

## നമ്മുടെ കർത്തവ്യം

ഭാരതത്തിൻെറ പുരോഗമനപരമായ ഇന്നത്തെ രാഷ്ട്രീയപരിവർത്തനത്തിൽ ഹിമവൽസേതുപര്യന്തം ജനത ഐകമത്യത്തിലും ആദർശനിഷ്ഠയിലും അടിസ്ഥാനിക്കുന്നതിനുള്ള സന്നദ്ധതയിലും ഒന്നാമതു നിലകൊള്ളണമെന്നും, വളരെ ക്ലേശിച്ചു സമ്പാദിച്ച സ്വാതന്ത്ര്യം പ്രതിലോമശക്തികൾക്കു അടിയറ വെച്ചു നാശവും ശൈഥില്യവും കൈവരിക്കരുതെന്നും നമ്മുടെ നേതാവും അഭിമാനഭാജനവുമായ പണ്ഡിററ്ജി നമ്മെ ഉൽബോധിപ്പിക്കുന്നു. ഉത്തമകത്തോലിക്കർ ഉത്തമ പൗരന്മാരായിരിക്കണമെന്നുള്ള സഭയുടെ ആദർശത്തെ ഇന്ത്യൻ കത്തോലിക്കർ എല്ലായ്പോഴും പ്രത്യേകിച്ചു ഇന്ത്യയുടെ രാഷ്ട്രനിർമ്മാണകർമ്മം നടന്നുകൊണ്ടിരിക്കുന്ന ഈ പരിവർത്തനഘട്ടത്തിലും ശിരസാവഹിച്ചു പ്രവർത്തിക്കണമെന്നു അത്യുന്നത കർദ്ദിനാൾ തിരുമനസ്സുകൊണ്ടു വിശദമാക്കുന്നു. തിരുകൊച്ചിയിലെ ഓരോ പൗരനേയും ഓരോ കത്തോലിക്കനേയും വേണ്ടതു പ്രബുദ്ധനാക്കുന്നതിനു ഈ ഉൽബോധനങ്ങൾ സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

# പ്രസാധകക്കുറിപ്പുകൾ

### അദ്ധ്യാപകരുടെ ശമ്പളം മെച്ചമാക്കണമെന്നു മാർപ്പാപ്പാ

അദ്ധ്യാപകന്മാർ സമുദായത്തിനു നൽകുന്ന സേവനം ഏററവും ഉൽകൃഷ്ടമാണെന്നു സകലരും സമ്മതിക്കും. അതേസമയംതന്നെ അവർക്കു അതിനുകിട്ടുന്ന പ്രതിഫലം താരതമ്യേന കുറവാണെന്നു പരക്കെ ബോദ്ധ്യമാണ്. സമുദായത്തിൽ സേവനം ചെയ്യുന്നവർക്കു നീതിയും സ്നേഹവും ആവശ്യപ്പെടുന്ന പ്രതിഫലം ലഭിക്കണമെന്നും അതുവഴി അവരുടെ ജീവിതാവശ്യങ്ങൾ മാന്യമായും സൗകര്യമായും നിർവഹിക്കപ്പെടണമെന്നും മാർപ്പാപ്പാമാർ സർവ്വദാ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. അക്കൂട്ടത്തിൽ അദ്ധ്യാപകരുടെ കാര്യവും തിരുമേനിമാരുടെ ദൃഷ്ടിയിൽനിന്നു മറയാതെയാണിരിക്കുന്നതു. ഇററലിയിലെ അദ്ധ്യാപകരുടെ നാഷണൽ കൺവെൻഷനിലെ പ്രതിനിധികൾക്കു സന്ദർശനം അനുവദിച്ചവസരത്തിൽ പരിശുദ്ധ പിതാവു അദ്ധ്യാപകർക്കു ശമ്പളം കൂട്ടിക്കൊടുക്കണമെന്നു ഉൽബോധിപ്പിക്കുകയുണ്ടായി.

"അനേകം അദ്ധ്യാപകരുടേയും പ്രതിഫലം അവരുടെ വ്യക്തിപരമായ സംസ്കാരം വികസിപ്പിക്കുവാൻ ആവശ്യകമായ പണവും വിശ്രമസമയവും നൽകുമെന്നു ഉറപ്പുവരുത്തുന്നതുപോയിട്ട്, അവരുടെ അനുദിനജീവിതാവശ്യങ്ങൾ നിറവേററുവാൻപോലും കഷ്ടിച്ചേ മതിയാവുന്നുള്ളു. നിങ്ങളുടെ ഗുരുതരമായ സാമുദായികോത്തരവാദിത്വത്തിനു ഈ പ്രതിഫലം മതിയാകുന്നതാണെന്നു പരിഗണിച്ചുകൂടാ. തങ്ങളുടെ ധാർമ്മികവും മാനസികവുമായ ക്ഷേമം പരിരക്ഷിക്കണമെന്നു ആഗ്രഹിക്കുന്ന സമുദായം, ഭൗതികത്വത്തിലേക്കു ചാഞ്ഞുവീഴണമെന്നു ആഗ്രഹിക്കുന്നില്ലാത്ത സമുദായം അദ്ധ്യാപകജോലിയെപ്പററിയുള്ള, തങ്ങളുടെ ബഹുമാനം കാണിക്കേണ്ടിയിരിക്കുന്നു. അതു കാണിക്കേണ്ടതു ആ ജോലിയുടെ സാമുദായികമായ അന്തസ്സിനു യോജിച്ച ശമ്പളം കൊടുത്തുകൊണ്ടാണ്." തങ്ങളുടെ സൂക്ഷത്തിലുള്ള വിദ്യാർത്ഥികളുടെ കുടുംബങ്ങളോടു കഴിയുന്നിടത്തോളം അടുത്തു സഹകരിക്കുവാൻ അദ്ധ്യാപകരെ പരിശുദ്ധ പിതാവു ഉൽബോധിപ്പിച്ചു.

"മാതാപിതാക്കളും അദ്ധ്യാപകരും തമ്മിലുള്ള സഹകരണം ഇടവിടാതുള്ളതും ആഴമുള്ളതും ആയിരിക്കണം. ഈ സഹകരണം കൂടുതൽ അടുത്തതും എളുപ്പമുള്ളതും ആക്കിത്തീർക്കാൻ സഹായിക്കുന്ന എല്ലാം നാം സന്തോഷപൂർവ്വം പ്രോത്സാഹിപ്പിക്കുന്നു. മാർഗ്ഗദർശനം നൽകുവാനുള്ള കുടുംബത്തിൻെറ ചുമതല അതിനു പരിത്യജിക്കുവാൻ പാടുള്ളതല്ല. സഹകരണം സ്വാഭാവികവും ആവശ്യകവുമാണ്. എന്നാൽ അതു ഫലപ്രദമാകണമെങ്കിൽ ഇരുകൂട്ടരും തമ്മിൽ പരസ്പരധാരണയും ഇടവിടാതുള്ള ആശയവിനിമയവും അഭിപ്രായൈക്യവും തെററുതിരുത്തലുകളും ഉണ്ടായിരിക്കണം. ഈവിധത്തിൽ മാത്രമേ അദ്ധ്യാപകർക്കു അവരുടെ ചുമതലകൾ അവയുടെ ആദർശം അനുസരിച്ചു നിറവേററുവാൻ സാധിക്കൂ."

ഇന്നാട്ടിലെ അദ്ധ്യാപകരിൽ ഒരു വിഭാഗം അവർക്കു കിട്ടുന്ന പ്രതിഫലംകൊണ്ടു ജീവിതാവശ്യങ്ങൾ നടത്താൻ സാധിക്കുന്നില്ലെന്നു എത്രയോ നാളായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. അതു വാസ്തവമാണെന്നു അറിയാത്തവരില്ലതാനും. എങ്കിലും ഇതുവരെയും അതിനു ശരിയായ പരിഹാരം ഉണ്ടായിട്ടില്ല. പരിഹാരം ഉണ്ടാക്കുവാൻ ചുമതലപ്പെട്ടവർക്കു പരിശുദ്ധ പിതാവിൻെറ ഉൽബോധനം ശക്തിയേറിയ പ്രേരണയായിരിക്കണം. തങ്ങളുടെ മക്കൾക്കുവേണ്ടി ചെയ്യുന്ന സേവനത്തിൽ തങ്ങളുടെ അടുത്ത സഹകാരികളായ അദ്ധ്യാപകർക്കു മതിയായ പ്രതിഫലം ലഭിക്കുന്ന കാര്യത്തിൽ മുന്നിട്ടിറങ്ങി പ്രവർത്തിക്കുവാൻ മാതാപിതാക്കൾക്കും രക്ഷാകർത്താക്കൾക്കും കടമയുണ്ട്. ആ കടമ നിർവഹിക്കാൻ പരിശുദ്ധ പിതാവിൻെറ വാക്കുകൾ പ്രേരകമായിരിക്കട്ടെ.

* * *

### "തിസ്സരാങ്ങു" ഗ്രന്ഥാവലി പ്രചരിപ്പിക്കുവാൻ എളുപ്പമാർഗ്ഗം

കമ്മ്യൂണിസ്റ്റുകാർ അവരുടെ ഗ്രന്ഥങ്ങൾ സാധാരണക്കാരുടെ ഇടയിൽ ധാരാളം പ്രചരിപ്പിക്കുന്നുണ്ട്. അതിനു അവർക്കു കഴിവുണ്ടാകുന്ന ഒരു മാർഗ്ഗം അവയുടെ വിലക്കുറവാണ്. ഈ വസ്തുത മനസ്സിലാക്കിയിട്ടുള്ളവരാണ് പ്രതിമാസഗ്രന്ഥക്ലബിൻെറ പ്രവർത്തകന്മാർ. അതിനാൽ അവർ ക്ലബിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളുടെ വിലകുറഞ്ഞ പതിപ്പ് പ്രസിദ്ധീകരിച്ചുതുടങ്ങണമെന്നു ആഗ്രഹിച്ചു. ആ പ്രസിദ്ധീകരണത്തിൻെറ ഉൽഘാടനം അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങു തിരുമേനിയാണ് കാരുണ്യപൂർവ്വം നിർവഹിച്ചതു. തന്മൂലം കുറഞ്ഞ വിലയ്ക്കുള്ള ആ പ്രസിദ്ധീകരണപരമ്പരയ്ക്കു "തിസ്സരാങ്ങു ഗ്രന്ഥാവലി" എന്നു പേർ കൊടുത്തിരിക്കുകയാണ്. അതിലെ ഒന്നാമത്തെ ഗ്രന്ഥം "എഴകളുടെ തോഴർ" എന്ന നാമധേയത്തിൽ ക്ലബിൽനിന്നും പ്രസിദ്ധീകരിച്ചിരുന്നു. 190 പുറം ഉള്ളതും 2 ക. വിലവെച്ചിരുന്നതുമായ ഈ ഗ്രന്ഥം ഇപ്പോൾ പുനഃപ്രസാധനം ചെയ്തു 8 ണ മാത്രം വിലവച്ചാണ് കൊടുക്കുന്നതു. ഓരോ ഗ്രന്ഥവും അനേകം പ്രതികൾവീതം അച്ചടിച്ചു വിററഴിച്ചെങ്കിലേ ഈ പ്രസ്ഥാനം വലിയ നഷ്ടം കൂടാതെ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കൂ. ഇക്കാര്യത്തിൽ പ്രധാനമായി സഹായിക്കേണ്ട ചുമതല നമ്മുടെ പള്ളികൾക്കും ഇടവകകൾക്കും ആണല്ലോ ഉള്ളതു. ആ ചുമതല എളുപ്പത്തിൽ നിർവ്വഹിക്കുവാൻ മാർഗ്ഗവുമുണ്ട്. ഓരോ പള്ളിയിൽനിന്നും വെറും 5 ക. ക്കു പുസ്തകം വരുത്തി ഇടവകയിൽ വിററഴിക്കുക; കമ്മീഷൻ കിട്ടുന്നതുകൊണ്ടു വില്പനച്ചിലവു വഹിക്കാം. 200 ഓളം പേരുള്ള പുസ്തകം 8 ണക്കു വാങ്ങാൻ കഴിവും മനസ്സുമുള്ള പല കുടുംബങ്ങളും മിക്കവാറും എല്ലാ ഇടവകകളിലും ഉണ്ടുതാനും. ബ. വൈദികർ അല്പം ശ്രദ്ധവെച്ചാൽ ഈവിധത്തിൽ ഈ ഗ്രന്ഥാവലി ഇടവകകളിൽ ധാരാളം പ്രചരിപ്പിക്കാൻ സാധിക്കും. യുവജനങ്ങളുടെ ഭക്തസംഘടനകൾ അവരുടെ സഹകരണം നൽകിയാൽ കൂടുതൽ എളുപ്പവുമായി. ഇക്കാര്യത്തിൽ ഒട്ടും അമാന്തിക്കാതെ പരിശ്രമിക്കണമെന്നു സൽഗ്രന്ഥപ്രചരണം ലക്ഷ്യമാക്കി ബ. വൈദികരോടും ഭക്തസംഘടനകളോടും ഞങ്ങൾക്കപേക്ഷയുണ്ട്.

### മദ്ധ്യപ്രദേശ് ഗവമ്മെൻറ് ക്രിസ്തുമതപ്രചരണത്തിനു വിരോധിയാണെന്നോ?

അഖിലേന്ത്യാ റേഡിയോ കഴിഞ്ഞ ജാനുവരി 11-ാംനു ഒരു വാർത്ത പ്രക്ഷേപണം ചെയ്തു. മദ്ധ്യപ്രദേശ് ഗവമ്മെൻറ് ഒരു കമ്മിററിയെ നിയമിച്ചുവെന്നു, ആ പ്രദേശത്തെ വിദേശമിഷനറിമാരുടെ മതപരിവർത്തനപ്രവർത്തനങ്ങളെപ്പററി അന്വേഷണം നടത്തുവാൻ. ഇങ്ങനെയൊരു കമ്മിററിയെ നിയമിക്കുവാനുണ്ടായ കാരണമെന്തെന്നു പ്രക്ഷേപണത്തിൽതന്നെ പറയുന്നുണ്ട്. മതം സ്വീകരിക്കുവാനും അനുഷ്ഠിക്കുവാനും പ്രചരിപ്പിക്കുവാനും സ്വാതന്ത്ര്യം നൽകുന്ന ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥയെ ക്രിസ്തുമതത്തിലേക്കു ആളുകളെ ചേർക്കുവാൻ വിദേശമിഷനറിമാർ ഉപയോഗപ്പെടുത്തുന്നുവെന്നാണതു. ഭരണഘടന നൽകിയിരിക്കുന്ന മതപ്രചരണസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുവാൻ പാടില്ലെങ്കിൽ എന്തിനു ഭരണഘടന അതു നൽകിയിരിക്കുന്നു? ഉപയോഗപ്പെടുത്തുവാൻ പാടുണ്ടെങ്കിൽ മദ്ധ്യപ്രദേശ് ഗവമ്മെൻറു എന്തിനതേപ്പററി ചോദ്യം ചെയ്യുന്നു? മതപ്രചരണസ്വാതന്ത്ര്യം ഇന്ത്യൻ പൗരന്മാർക്കു മാത്രമല്ല, പിന്നെയോ "സകലവ്യക്തികൾക്കും" ആണ് ഭരണഘടന നൽകിയിരിക്കുന്നതു. തന്മൂലം വിദേശമിഷനറിമാർക്കും ആ സ്വാതന്ത്ര്യം ന്യായമായി ഉപയോഗപ്പെടുത്താവുന്നതാണ്. ആ ഉപയോഗപ്പെടുത്തൽ എങ്ങിനെയുള്ളതായിരിക്കണമെന്നു ഭരണഘടന വ്യവസ്ഥചെയ്തിട്ടുണ്ട്: "പൊതുക്രമത്തിനും സന്മാർഗ്ഗത്തിനും ആരോഗ്യത്തിനും മാറും" വിധേയമായി. ഈ വ്യവസ്ഥ വിദേശമിഷനറിമാർ അവരുടെ മതപ്രചരണത്തിൽ പാലിക്കുന്നില്ലെങ്കിൽ, അവ പൊതുക്രമത്തിനും സന്മാർഗ്ഗത്തിനും ആരോഗ്യത്തിനും മാറും ഹാനികരമാണെങ്കിൽ, മദ്ധ്യപ്രദേശ് ഗവമ്മെൻറു ന്യായമായി ചെയ്യേണ്ടതു നീതിന്യായക്കോടതികൾവഴിയായി അവയ്ക്കു പരിഹാരമുണ്ടാക്കുകയാണ്. അതിനുപകരം കമ്മിററികളും മററും വഴിയായി മതപ്രചരണസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നെങ്കിൽ അതിൻെറ അർത്ഥം ആളുകൾ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യുന്നതിൽ മദ്ധ്യപ്രദേശ് ഗവമ്മെൻറിനു വിരോധമുണ്ടെന്നാണ്. സാക്ഷാൽ മതേതരരാഷ്ട്രമായ ഇന്ത്യയിൽ യാതൊരു ഗവമ്മെൻറിനും ഈ നില സ്വീകരിക്കാവുന്നതല്ല.

* * *

### തൊഴിലാളികൾക്കുവേണ്ടി കോൺഗ്രസ്സ് ഗവമ്മെൻറ് ചെയ്തിട്ടുള്ളതു്

കോൺഗ്രസ്സ് ഗവമ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പുരോഗമനപരമായ പല നിയമങ്ങൾ ഉണ്ടാ-

കഴിയിട്ടുണ്ടു്. പ്രസവകാലത്തെ ആനുകൂല്യങ്ങൾ വിപുലമാക്കിയ നിയമം 1952-ൽ ഉണ്ടായതുമൂലം ദിവസം 1ക 12ണ വീതം 12 ആഴ്ചക്കാലത്തേക്ക സ്ത്രീതൊഴിലാളികൾക്ക പ്രസവകാലവേതനം കിട്ടുമാറായി. ഈ നിയമത്തിന്റെ ആനുകൂല്യം തോട്ടംതൊഴിലാളികൾക്കും ബാധകമാക്കിയിട്ടുണ്ടു്. ഓരോ തൊഴിലിലും കൊടുക്കുന്ന കൂലി കുറഞ്ഞതു് ഇത്രയായിരിക്കണമെന്നു നിശ്ചയിക്കുന്ന നിയമം കോൺഗ്രസ്സ് ഗവർമ്മെന്റ് നടപ്പിലാക്കിയതുമൂലം ലക്ഷോപലക്ഷം തൊഴിലാളികൾക്ക ഗുണമുണ്ടായിട്ടുണ്ടു്. കൃഷിത്തൊഴിലാളികളുടെ ഏററവും ചുരുങ്ങിയ കൂലി നിശ്ചയിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചുകഴിഞ്ഞു. "തൊഴിലാളികളുടെ പ്രോവിഡന്റു ഫണ്ടു നിയമവും", തൊഴിലാളികളുടെ "സ്റ്റേററു് ഇൻഷ്വറൻസു നിയമവും" സാമൂഹ്യവ്യവസ്ഥിതിക്ക ഉതകുന്ന പ്രധാന നിയമങ്ങളാണു്. കേന്ദ്രഗവർമ്മെന്റിന്റെ ഈ രണ്ടു നിയമങ്ങളും ഈ സ്റ്റേററിലേക്ക വ്യാപിപ്പിച്ചിട്ടുള്ള അടുത്ത കാലത്താണു്.

### തൊഴിൽതർക്കങ്ങളും തീരുമാനങ്ങളും

തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം ലേബർ ഡിപ്പാർട്ടുമെന്റു് ഇടപെട്ടു 8500-ൽ അധികം തൊഴിൽതർക്കങ്ങൾക്ക രമ്യമായ ഒത്തുതീർപ്പുകൾ ഉണ്ടാക്കിയിട്ടുണ്ടു്. അങ്ങനെ ഒത്തുതീർപ്പുണ്ടാക്കാൻ കഴിയാതെ വന്നിട്ടുള്ള തർക്കങ്ങളെ അഡ്ജുഡിക്കേഷൻ കോടതിക്ക വിടുക പതിവാണു്. നിയമനിർമ്മാണത്തിന്റെയും ഒത്തുതീർപ്പുകളുടെയും അഡ്ജുഡിക്കേഷൻ വിധികളുടെയും ഫലമായി 1948-ൽ ഒരു തൊഴിലാളിയുടെ കൂലി ശരാശരി 12ണ. 3പൈ ആയിരുന്നതു് 1952-ൽ 1 രൂപ 8ണ. 7പൈ ആയി ഉയന്നിട്ടുണ്ടെന്നു കാണുന്നു. അങ്ങനെ കോൺഗ്രസ്സ് ഗവർമ്മെന്റിന്റെ പരിശ്രമഫലമായി 4 കൊല്ലംകൊണ്ടു നമ്മുടെ തൊഴിലാളികളുടെ വരുമാനം 100 ശതമാനം വർദ്ധിച്ചിട്ടുണ്ടു്.

### പട്ടികജാതിക്കാർക്കു് വിദ്യാഭ്യാസസൗജന്യം

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്ക ഭക്ഷണം, ഉടുപ്പു്. പുസ്തകം മുതലായവയ്ക്കു വേണ്ട ചിലവുകളോടുകൂടി കോളേജ ക്ലാസ്സുകൾ ഉൾപ്പെടെ സൗജന്യവിദ്യാഭ്യാസം നൽകിവരുന്നനയം ഗവർമ്മെന്റ ഇന്നു സ്വീകരിച്ചിട്ടുണ്ടു്. സാങ്കേതികവിദ്യാലയങ്ങളിലും പട്ടികജാതിക്കാരെ ഇത്ര വ്യവസ്ഥകളിന്മേൽ പ്രവേശിപ്പിച്ചു് പഠിപ്പിച്ചുവരുന്നു. മെഡിക്കൽകോളേജുകളിലും എൻജിനീയറിംഗ് കോളേജിലും ഇവർക്ക സീററുകൾ റിസർവ്വ് ചെയ്തു സൗജന്യവിദ്യാഭ്യാസം നൽകിവരികയാണു്. കല്ക്കത്താമെഡിക്കൽ കോളേജിൽ ഗവർമ്മെന്റു ചിലവിൽ പഠിച്ചുവരുന്ന ഒരു ഹരിജനവിദ്യാർത്ഥി അടുത്ത വർഷത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കി മടങ്ങിവരും. നിയമവിദ്യാഭ്യാസവും പല പട്ടികജാതിയുവാക്കന്മാർക്കു് ഗവർമ്മെന്റു ചിലവിൽ നൽകിയിട്ടുണ്ടു്.

എന്നിട്ടാണു് കോൺഗ്രസ്സ് ഗവർമ്മെന്റു തൊഴിലാളികൾക്കും മററു പാവങ്ങൾക്കുംവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നു് ഇടതുപക്ഷങ്ങൾ കള്ളപ്രചരണം നടത്തുന്നതു്!

## അടുത്തആഴ്ചയിൽ

ഫെബ്രുവരി

14 ഞാ: 70-ാംഞായർ
15 തി: ഫൗസ്തീനൂസും യോവീത്തായും
16 ചൊ: യോഹന്നാൻ ബ്രീട്ടോ
17 ബു: തിമോത്തെയോസ്
18 വ്യാ: ശെമയോൻ
19 വെ: പത്രോസ് നൊളസ്കൊ
20 ശ: റൊമുവാൾദോസ്

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6— 8—0
ഇൻഡ്യക്കുപുറമെ „ 8—12—0

Book Review

## Familiy Life

(Author: Rev. Fr. Joseph A. Viano SS. P. Pages 410. Price Rs. 3—8—0 Society of St. Paul 28-B, Chatham Lines, Allahabad 2, U. P.)

This is the best book on family life in my knowledge. Printed in excellent paper in closely packed lines, you get your money worth and more when you buy a copy of this latest book. Father Viano has collected therein a lot of facts, beautiful sayings and inspiring anecdotes about family life. And the beauty is that the author is intelligible to Indian audiences. He has delt the problems of family life which are everybody's problems and he has given solutions which hold good not only for America but for India as well. In seven long chapters he explains how sweethearts look upon marriage, how family is but a great nest, what you will feel when you are married, what the "Dad" and "Mom" do really signify to us, how children brighten the world and what children become if parents do not look after them.

The anecdotes which Father Viano narrates are extremely thrilling. One will be tempted to summarise a few of them, but that is difficult. Yet I cannot resist from narrating one. Clifford S Lind was shot with his own hunting rifle while he was sleeping in his bedroom by his daughter Janet aged twelve. The child, a sixth grade student told the judges that she got the idea of killing him from a radio mystery play. She said her father mistreated her mammy very often and she took this daring step to make mammy happy. The author then concludes the incident in these words: "Who is the guilty one in this tragedy? The girl or the parents? This girl was brought up in a terrible family ambient, due to the continuous quarrelling, which made everyone unhappy. Further more what kind of radio programme was this girl allowed to listen to? For your own interests, parents, learn the lesson, if you don't want to bear the consequences when it will be too late."

We must congratulate the Society of St. Paul Allahabad for publishing this cheap Indian edition of Father Viano's book. May this beautiful book find a place in every house where it can be read and understood.

(Fr. Thomas Mootheden)

## അച്ചൻ

(തോമസ് സെബാസ്ററ്യൻ ബി. എ., എൽ. ററി.)

"ഈ അച്ചന്മാർക്ക രാഷ്ട്രീയത്തിൽ എന്തു കാര്യം? അവർക്ക പള്ളിയകത്തെ കാര്യം നോക്കിയിരുന്നാൽ പോരേ? വിശ്വാസികളുടെ ആത്മീയകാര്യം നടത്തി അടങ്ങിയൊതുങ്ങി ഇരുന്നാൽപോരേ? അവരെന്തിനു് തിരഞ്ഞെടുപ്പുകാര്യത്തിൽ തലയിടുന്നു? ജനങ്ങൾക്ക അഭിപ്രായസ്വാതന്ത്ര്യമുള്ള ഇക്കാലത്തു അവരുടെ അഭിപ്രായങ്ങളെ കടിഞ്ഞാണിട്ടു നിയന്ത്രിക്കാൻ ഇവർക്കെന്തുകാര്യം?" ഇത്യാദി ചോദ്യങ്ങൾ സാമാന്യം വകതിരിവുള്ളവരിൽ നിന്നുപോലും കേൾക്കാറുണ്ടു.



രാഷ്ട്രീയപ്രാധാന്യമുള്ളതും ഇല്ലാത്തതുമായ യോഗങ്ങളിൽ ഇത്തരം ചോദ്യങ്ങൾ ചോദിക്കപ്പെടുന്നു.

അത്രവലിയ പ്രമാദമായ ഒരു വിഷയമാണോ ഇതു്? സാമാന്യം പരബോധമുള്ളവർ ഇതൊരു പ്രശ്നമാക്കുന്നതെന്തിനാണെന്നറിഞ്ഞുകൂടാ. ഞാൻ വളരെ ആലോചിച്ചിട്ടും ഈ ചോദ്യങ്ങൾക്കെല്ലാംകൂടി ഒരു ചെറിയ ഉത്തരമേ കിട്ടുന്നുള്ളു. ഉത്തരം ചോദ്യരൂപേണതന്നെ പറഞ്ഞേക്കാം.

അച്ചൻ മനുഷ്യനല്ലേ? മനുഷ്യനു സ്വതന്ത്രരാഷ്ട്രത്തിൽ പൗരത്വമില്ലേ? പൗരനു മൗലികാവകാശങ്ങളില്ലേ? ചിന്താസ്വാതന്ത്ര്യം അഭിപ്രായസ്വാതന്ത്ര്യം പ്രവർത്തനസ്വാതന്ത്ര്യം മുതലായവ പൗരന്റെ മൗലികാവകാശങ്ങളല്ലേ? വോട്ടുചെയ്യാനും വോട്ടു പിടിക്കാനും വോട്ടിനു സ്വാധീനം പ്രയോഗിക്കാനും അദ്ധ്യാപകനായ പൗരനും, ഡോക്ടറായ പൗരനും, വക്കീലായ പൗരനും, 'ശാസ്ത്രി'യായ പൗരനും 'തങ്ങളു'ടെ പൗരനും പാടുണ്ടെങ്കിൽ 'അച്ചൻ'ായ പൗരനു എന്തുകൊണ്ടു അതു പാടില്ല? ഇതാണെന്റെ മറുപടി. എനിക്കച്ചന്മാരുടെ വക്കാലത്തില്ല. സ്വബോധം മറിഞ്ഞുപോയിട്ടില്ലാത്ത ആർക്കും തോന്നാവുന്നതു എനിക്കും തോന്നി അതു പറഞ്ഞുവെന്നേയുള്ളു.

അച്ചന്മാരുടെ കടമ ഇതുകൊണ്ടവസാനിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. മത്സരിക്കുന്ന പാർട്ടികളിൽ ഏതു് മതവിശ്വാസത്തിനും സന്മാർഗ്ഗമൂല്യങ്ങൾക്കും നീതിനിഷ്ഠയ്ക്കും എതിരാണെന്നു അവർക്ക കാണാൻ കഴിയുമെങ്കിൽ ആ പാർട്ടിക്ക വോട്ടുകൊടുക്കാതിരിക്കാൻ സ്വന്തമേൽനോട്ടത്തിലിരിക്കുന്ന ജനങ്ങളെ ഉൽബോധിപ്പിക്കാനുള്ള ഒരു കടമകൂടി അവർക്കുണ്ടെന്നാണെന്റെ അഭിപ്രായം. അങ്ങനെ ചെയ്യാതിരിക്കുന്ന അച്ചന്മാരുണ്ടെങ്കിൽ അതു് അവരുടെ കൃത്യവിലോപമായിരിക്കുകയും ചെയ്യും.

നമ്മുടെ സംസ്ഥാനത്തിനു വെളിയിലുള്ള എ. കെ. ഗോപാലൻ, കൃപലാനി, മേത്തായി ഇങ്ങിയാൽക്കു് ഇവിടെ വന്നു രാഷ്ട്രീയം [illegible] അവരുടെ സ്വാധീനം പ്രയോഗിക്കാമെങ്കിൽ ഇവിടെ ജനിച്ചുവളർന്ന അച്ചനു അതു പാടില്ലെന്നു പറയുന്നതിന്റെ "ലോജിക്ക്" വളരെ വിചിത്രമായിരിക്കുന്നു.

## മാർപ്പാപ്പാ തിരുമനസ്സിലെ ആലസ്യം

രണ്ടാഴ്ചയായി അസ്വാസ്ഥ്യനിമിത്തം ശയ്യാവലംബിയായിരിക്കുന്ന പരിശുദ്ധപിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ രോഗസ്ഥിതിയെപ്പററി ഫെബ്രുവരി 5-ാംതീയതി ഒരു ബുള്ളററിൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തിരുമനസ്സിലേക്ക ഇപ്പോൾ 77 വയസ്സു പ്രായമാണു്. നിരന്തരമായ അദ്ധ്വാനത്തിന്റെയും പ്രത്യേകിച്ചു മാർപ്പാപ്പാ ആയതിനുശേഷം ഈ 15 വർഷക്കാലം വിശ്രമരഹിതമായി ഉണ്ടായ അത്യദ്ധ്വാനങ്ങളുടെയും ഫലമായിട്ടാണു ആരോഗ്യസ്ഥിതി ഇത്ര മോശമായതെന്നാണു് തിരുമേനിയെ ചികിത്സിക്കുന്ന ഡോക്ടർമാരുടെ അഭിപ്രായമെന്നു വത്തിക്കാൻ വർത്തമാനക്കുറിപ്പു പ്രസ്താവിക്കുന്നു.

ഒരുകൊല്ലം മുമ്പു പരിശുദ്ധപിതാവിനു വളരെ ഗൗരവമായ വിധത്തിൽ ഇൻഫ്ളുവൻസാ ബാധിക്കുകയുണ്ടായി. വളരെ നാളുകൾക്കുശേഷമാണു് തിരുമനസ്സുകൊണ്ടു ആരോഗ്യം വീണ്ടെടുത്തതു്. കഴിഞ്ഞ സെപ്റ്റംബറിൽ തിരുമേനിക്കു വലതു തോളിൽ "ന്യൂറൈറ്റിസ്" എന്ന രോഗം ബാധിച്ചു. കഴിഞ്ഞ ആഴ്ചയിൽ തിരുമനസ്സിലേക്ക എക്കിൾ ആരംഭിച്ചു. ഭക്ഷണം കഴിക്കുന്ന കാര്യത്തിലാണു് അവിടുത്തേക്ക ഏററം വിഷമത അനുഭവപ്പെടുന്നതു്. കഴിഞ്ഞ ആഴ്ച ആദ്യംമുതൽ ഡോക്ടർമാർ നിശ്ചയിച്ച തികച്ചും ദ്രവരൂപത്തിലുള്ള ഭക്ഷണംപോലും കഴിക്കാൻ തിരുമേനിക്ക സാധിക്കുന്നില്ല. ക്ഷീണം തടയുന്നതിനു ശക്തിയായ ഇൻജക്ഷൻ കൊടുത്തുകൊണ്ടിരിക്കയാണു്. തിരുമനസ്സിലെ സ്വന്തം ഡോക്ടറായ പ്രൊ: റിക്കാർഡോ ഗലിയാസി ലിസി അവർകൾ എപ്പോഴും തിരുമേനിയുടെ രോഗശയ്യക്കരികത്തുതന്നെ നിന്നു പരിണാമങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ബുള്ളററിനിൽ അദ്ദേഹമാണു് ഒപ്പിട്ടിരിക്കുന്നതു. സാമാന്യം ദീർഘമായ ആ ബുള്ളററിൻ പറയുന്നതു "തിരുമേനിയുടെ ആരോഗ്യനില മാനസികവും ശാരീരികവുമായ അമിതാദ്ധ്വാനംമൂലം ക്ഷയിച്ചുവരികയായിരുന്നു. ഇപ്പോഴുണ്ടായ ഭക്ഷണം കഴിക്കാനുള്ള ബുദ്ധിമുട്ടുകാരണം വളരെ കഷ്ടപ്പിടിച്ച ഒരു നിലയാണു സംജാതമായിട്ടുള്ളതു്" എന്നത്രേ.

ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഉൽക്കണ്ഠാപൂർവ്വകമായ ക്ഷേമാന്വേഷണസന്ദേശങ്ങൾ ഈ ദിവസങ്ങളിൽ വത്തിക്കാനിൽ ആയിരക്കണക്കിനു വന്നുകൊണ്ടിരിക്കുന്നു. തിരുമനസ്സിലെ രോഗശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

### ആശ്വാസമുണ്ടു്

ഫെബ്രുവരി 6-ാം തീയതി വത്തിക്കാൻ പ്രസ്സ് ഓഫീസിൽ നിന്നും പുറപ്പെടുവിച്ച കമ്മ്യൂണിക്കയിൽ പ്രസ്താവിക്കുന്നതു് തിരുമനസ്സിലേക്ക കഴിഞ്ഞരാത്രി അനുഭവപ്പെട്ട ആശ്വാസനില ഇന്നും തുടരുന്നു എന്നാണു്. അതിരഹസ്യകാര്യങ്ങളെ സംബന്ധിച്ചു് ഒരു മണിക്കൂർ സമയം പരിശുദ്ധപിതാവു് അപിട്ടത്തെ സ്റ്റേററു സെക്രട്ടറിയുമായി ഇന്നു സംസാരിച്ചു എന്നും അതു പ്രസ്താവിക്കുന്നു.

ഫെബ്രുവരി 7-ാം തീയതി തിരുമനസ്സിലെ ഡോക്ടർ പ്രസ്താവിച്ചതു, തിരുമനസ്സിലെ കഴിഞ്ഞദിവസത്തെ ആശ്വാസനില ഇന്നും അഭംഗമായി തുടരുന്നു എന്നാണു്. എങ്കിലും ആഹാരം കഴിക്കുവാൻ സാധിച്ചിട്ടില്ല. ഇന്നും തിരുമേനി ഒരു വത്തിക്കാ ഒഫീഷ്യലുമായി സഭാകാര്യങ്ങൾ ചർച്ചചെയ്തു.

## ചൈനയിലെ മതമർദ്ദനവും വിശ്വാസവർദ്ധനവും.

ചൈനയിലുള്ള ഷാങ്കയ് എന്ന സ്ഥലത്തെ ക്രിസ്ത്യാനി ദേവാലയം കഴിഞ്ഞ ക്രിസ്തുമസ് പ്രമാണിച്ചു് ആരാധകരെക്കൊണ്ടു നിറഞ്ഞുകവിഞ്ഞുപോയി. നിരീശ്വരവാദികളായ കമ്മ്യൂണിസ്റ്റുമർദ്ദകർ അടുത്തദിവസം ഇടവകവികാരിയായ ഫാദർ അലോഷ്യസ് ടിസാങ്ങിനെ അറസ്റ്റുചെയ്തു. അദ്ദേഹത്തെപ്പററി പിന്നീടു യാതൊരറിവുമില്ല.

അതേ സംഭവത്തിൽ ഫാദർ ജോർജ് വാൻഗ് എസ്. ജെ. അവർകളും അറസ്റ്റുചെയ്യപ്പെട്ടു. ഷാങ്കേയിലുള്ള മിക്ക പള്ളികളിലും ഈ ക്രിസ്തുമസ് ദിവസത്തിലെ അനുഭവം ഇതുതന്നെയായിരുന്നു. കമ്മ്യൂണിസ്റ്റുകളുടെ നിരന്തരമായ മതമർദ്ദനം ചൈനയിൽ വിശ്വാസചൈതന്യത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നല്ലയോ ഇതിനർത്ഥം? 30 കൊല്ലംവരെ പള്ളികാണാതെ ജീവിച്ച മതത്യാഗികൾപോലും ഇന്നു വളരെ ഭക്തി പ്രദർശിപ്പിക്കുകയും ക്രമമായി മതകർമ്മങ്ങളിൽ സംബന്ധിക്കുകയും ചെയ്യുന്നു.

ബിഷപ്പ് രൂപതയിലെ മെത്രാൻ 13 മാസക്കാലം വീട്ടുതടങ്കലിൽ കഴിച്ചുകൂട്ടി. അദ്ദേഹത്തിന്റെ അരമനയിലെ എല്ലാ സമാനങ്ങളും കമ്മ്യൂണിസ്റ്റുകൾ അപഹരിച്ചു. യാതൊരുത്തരും സംസാരിക്കുന്നതിനുപോലും അദ്ദേഹത്തിനു് അനുവാദമില്ലായിരുന്നു. ഒരു "വിപ്ലവകാരി"യായി അദ്ദേഹം ആക്ഷേപിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുകളുടെ അദ്ദേഹത്തോടുള്ള പെരുമാററം വളരെ മനുഷ്യത്വമില്ലാത്തതും അവമാനകരവുമായിരുന്നു. ചൈനയിൽ ഇപ്പോൾ മൂന്നു മെത്രാന്മാരും 71 മിഷനറിമാരും കമ്മ്യൂണിസ്റ്റുകളുടെ തടങ്കലിൽ [illegible] ചെയ്യപ്പെട്ടതായി.

സഭാചരിത്രപംക്തി (16)

# മതപീഡനങ്ങൾ

## അവയുടെ കാരണങ്ങളും പശ്ചാത്തലവും

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

ക്രിസ്തുമതത്തിന് ഏറ്റം അത്ഭുതാവഹമായ വളർച്ചയും വികാസവും ഉണ്ടായ കാലഘട്ടമാണ് ആദ്യത്തെ മൂന്നു ശതകങ്ങൾ. ഒന്നാംശതാബ്ദത്തിൽതന്നെ റോമാസാമ്രാജ്യത്തിന്റെ എല്ലാ പ്രവിശ്യകളിലും ക്രിസ്തുമതത്തിനു സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരുന്നു. രണ്ടും മൂന്നും ശതാബ്ദങ്ങളിൽ സുവിശേഷം സാമ്രാജ്യത്തിന്റെ അതിർത്തികളെഭേദിച്ച് അന്നറിയപ്പെട്ടിരുന്ന ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രചാരത്തിലെത്തി. എ. ഡി 112-ൽ ബിതീന്യായിലെ ഗവർണ്ണറായി നിയുക്തനായിരുന്ന പ്ലിനി (Pliny the Younger) ട്രാജൻചക്രവർത്തിയുടെ പേർക്ക് താഴെപ്പറയുംപ്രകാരം എഴുതുകയുണ്ടായി. "ക്രിസ്തുമതമാകുന്ന അന്ധവിശ്വാസം നമ്മുടെ പട്ടണങ്ങളെ മാത്രമല്ല ബാധിച്ചിരിക്കുന്നത്. ആ വ്യാധി നമ്മുടെ ഗ്രാമപ്രദേശങ്ങളിലേക്കും പടർന്നുപിടിച്ചിരിക്കുന്നു. സ്ത്രീപുരുഷഭേദമെന്യേ അത് എല്ലാ നിലകളിലും, എല്ലാ പ്രായത്തിലുമുള്ളവരെയും പിടികൂടിക്കഴിഞ്ഞു. നമ്മുടെ ക്ഷേത്രങ്ങൾ വിജനമായിത്തീർന്നിരിക്കുന്നു. നമ്മുടെ ദേവന്മാർക്കുള്ള പൂജാർച്ചനകൾ പരിപൂർണ്ണമായും വിസ്മൃതകോടിയിൽ തള്ളപ്പെട്ടിരിക്കുന്നു." എ ഡി 2-ാംശതാബ്ദത്തിന്റെ അവസാനഘട്ടത്തോടടുത്ത് തെർത്തുല്യൻ ഇപ്രകാരം എഴുതുന്നു: "ഞങ്ങൾ (ക്രിസ്ത്യാനികൾ) ഇന്നലെ ഉണ്ടായവരാണ്. എന്നാൽ ഇന്നു നിങ്ങളുടെ നഗരങ്ങളും ദ്വീപുകളും, സൈനികത്താവളങ്ങളും, സെനററും ഫോറവും ഞങ്ങളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു. ഒന്നു മാത്രം നിങ്ങൾക്കായി ഞങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു. നിങ്ങളുടെ ക്ഷേത്രങ്ങൾ." 8-ാംശതാബ്ദത്തിന്റെ ആരംഭഘട്ടത്തിൽ ഏഷ്യാമൈനർ, ഗ്രീസ്, ഈജിപ്ത് എന്നീ രാജ്യങ്ങളിലെ ജനസംഖ്യയിൽ പകുതിയും ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞിരുന്നു. പേർഷ്യാ, അർമേനിയാ, അറേബ്യാ, അബിസീനിയ, സിറിയാ, ഇറാഖ്, ഉത്തരാഫ്രിക്കാ, സ്പെയിൻ, ഗാൾ, ബ്രിട്ടൻ എന്നീ രാജ്യങ്ങളിലെല്ലാം ക്രിസ്തീയസഭകൾ ക്രമപ്രവൃദ്ധമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിനുള്ളിൽത്തന്നെ 40 ലക്ഷം ക്രിസ്തുമതാനുസാരികൾ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു.

സഭയുടെ അത്ഭുതകരമായ ഈ വളർച്ചയ്ക്കു സഹായകമായിരുന്ന പല സാഹചര്യങ്ങളുമുണ്ട്. അവിഘ്നമായ ദൈവപരിപാലന, വിശ്വാസസംരക്ഷണത്തിനു വേണ്ടി സ്വജീവനെപ്പോലും ബലികഴിക്കുവാൻ സന്നദ്ധരായിരുന്ന ആദിമക്രിസ്ത്യാനികളുടെ ഭക്തിതീക്ഷ്ണത, ദൈവനിവേശിതമായ ഏകസത്യമതമാണെന്നുള്ള സഭയുടെ അസന്നിഗ്ദ്ധമായ അവകാശവാദം, അനശ്വരവും അനന്തവുമായ പാരത്രികസൗഭാഗ്യത്തെ സംബന്ധിച്ച് സഭ നൽകിയ ഉറപ്പ്, സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി അനുദിനജീവിതത്തിൽക്കൂടി പ്രയോഗക്ഷമമാക്കുന്നതിൽ സഭാംഗങ്ങൾ പ്രദർശിപ്പിച്ച ഉത്സാഹം, കഷ്ടപ്പെടുന്നവരുടേയും ഭാരം ചുമക്കുന്നവരുടേയും ജീവിതക്ലേശങ്ങൾ ലഘൂകരിക്കുന്നതിൽ ക്രിസ്ത്യാനികൾ പ്രദർശിപ്പിച്ച ത്യാഗസമന്വിതമായ സ്നേഹം, ദൃഢമായ ഒരു വിശ്വാസശൃംഖലയാൽ ബന്ധിതമായിരുന്ന ക്രിസ്തീയസമൂഹത്തിന്റെ സംഘടനാബലം ഇവയെല്ലാം സഭയുടെ വളർച്ച സുഗമമാക്കിത്തീർത്തു "ഈ ക്രിസ്ത്യാനികളെ നോക്കൂ, അവർ പരസ്പരം എത്രമാത്രം സ്നേഹിക്കുന്നു" എന്ന് സമാന്യജനങ്ങൾ അക്കാലത്തെ ക്രിസ്ത്യാനികളെപ്പററി പറയുക പതിവായിരുന്നു.

എന്നാൽ സഭയ്ക്ക് ഏറ്റം വലിയ നേട്ടങ്ങളുണ്ടായ ഈ കാലഘട്ടം (ഒന്നും രണ്ടും മൂന്നും ശതാബ്ദങ്ങൾ) കഠിനമായ പീഡനങ്ങളുടെയും കാലമായിരുന്നു. അജയ്യമായ റോമാസാമ്രാജ്യത്തിന്റെ സർവ്വകഴിവുകളും, ഏറ്റം പൈശാചികമായ ഭാവനയെപ്പോലും അമ്പരപ്പിക്കുന്ന മർദ്ദനപരിപാടികളും, ലൗകികദൃഷ്ടിയിൽ കേവലം നിസ്സഹായയായിരുന്ന ക്രിസ്തീയസഭയുടെമേൽ പ്രയോഗിക്കപ്പെട്ടത് ഈ ശതകങ്ങളിലായിരുന്നു. ഏതൊരു ലൗകികസംഘടനയേയും ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ പര്യാപ്തമായിരുന്നു റോമാ പ്രയോഗിച്ച സംഹാരപദ്ധതി. എന്നാൽ നാരകീയമായ ഈ യാതനകളെ സഭ അതിജീവിച്ചു എന്നു മാത്രമല്ല അവൾ പീഡനങ്ങളുടെ പര്യവസാനത്തിൽ റോമാസാമ്രാജ്യത്തിന്റെമേൽ വിജയംവരിക്കയും രാജസിംഹാസനത്തിൽ ക്രിസ്തീയവിശ്വാസത്തെ പ്രതിഷ്ഠിക്കയുംചെയ്തു. പീഡിതമായ സഭയെപ്പററി തെർത്തുല്യൻ എഴുതിയിട്ടുള്ള താഴെ ഉദ്ധരിക്കുന്ന വാക്കുകൾ ഏറ്റം അന്വർത്ഥമാണ്. "ഞങ്ങളെ പീഡിപ്പിക്കുക, ഞങ്ങളെ ബന്ധനമേൽപ്പിക്കുക, ഞങ്ങളെ ക്രൂശിക്കുക. എത്രത്തോളം ഞങ്ങളെ അരിഞ്ഞുവീഴ്ത്തുവോ, അത്രത്തോളം ഞങ്ങൾ വർദ്ധിച്ചുവരും. ക്രിസ്ത്യാനികളുടെ രക്തം ഒരു വിത്താകുന്നു."


ബ. അൽഫോൺസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ

കെ. സി. വർക്കി,
കാവാലം


റോമാനഗരത്തിൽ ക്രിസ്തീയവിശ്വാസം പ്രചരിച്ചകാലത്ത് അതിനോട് കേവലം അലക്ഷ്യഭാവം കൈക്കൊള്ളുകയും സാമ്രാജ്യത്തിനുള്ളിൽ പ്രചാരത്തിലിരുന്ന വിവിധമതങ്ങളോട് സഹിഷ്ണുത പ്രദർശിപ്പിക്കയും ചെയ്ത റോമൻ ഭരണകൂടം എന്തുകൊണ്ടാണ് ക്രിസ്തുമതത്തെമാത്രം നിർമ്മൂലമാക്കുവാൻ ഉദ്യമിച്ചതെന്ന് പര്യാലോചിക്കേണ്ടതാണ്.

A. D. 64 ആയപ്പോഴേക്കും റോമാനഗരത്തിലുള്ള ക്രിസ്ത്യാനികളുടെ എണ്ണം ഗണ്യമാംവിധം വർദ്ധിച്ചുകഴിഞ്ഞു. അതോടുകൂടി പൊതുജനശ്രദ്ധ അവരുടെമേൽ പതിയുവാൻ തുടങ്ങി. അതുവരെയും ക്രിസ്ത്യാനികളെ ഒരു യഹൂദവിഭാഗമായി മാത്രമാണ് പരിഗണിച്ചുവന്നത്. എന്നാൽ ഇപ്പോൾ ക്രിസ്തുമതം റോമൻ സമുദായത്തിന്റെ എല്ലാ വിഭാഗങ്ങളിലും എല്ലാ നിലകളിലും സ്ഥാനം പിടിച്ചുകഴിഞ്ഞിരുന്നു. അതോടുകൂടി ക്രിസ്ത്യാനികൾ യഹൂദരിൽനിന്ന് വിഭിന്നമായ വിശ്വാസാചാരങ്ങളോടുകൂടിയ ഒരു പ്രത്യേകസമൂഹമാണെന്ന് ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങി. യഹൂദർ ക്രിസ്ത്യാനികളെ വെറുക്കുകയും അവരോട് ശത്രുത്വം പുലർത്തുകയും ചെയ്തിരുന്നു. റോമൻ പൗരന്മാർ യഹൂദരുടെമേൽ പല തരത്തിലുള്ള കുററങ്ങൾ ആരോപിച്ചിരുന്നു. നിരീശ്വരന്മാരെന്നും, അന്യവർഗ്ഗവിരോധികളെന്നും, മനുഷ്യവിദ്വേഷികളെന്നും മററുമുള്ള ആരോപണങ്ങൾ സാധാരണയായിരുന്നു. യഹൂദരാകട്ടെ ഈ ആരോപണങ്ങളെല്ലാം ക്രിസ്ത്യാനികളുടെ ശിരസ്സിൽ കെട്ടിവയ്ക്കുകയും, റോമൻ ജനങ്ങളുടെ വിദ്വേഷജടിലമായ വികാരങ്ങളെ അവരുടെനേരെ തിരിച്ചുവിട്ട് സ്വയം രക്ഷനേടാൻ ശ്രമിക്കയുംചെയ്തിരുന്നു. യഹൂദരുടെ ഈദൃശതന്ത്രങ്ങൾ കുറിക്കുതന്നെ കൊണ്ടു. അതിന്റെ ഫലമായി ക്രിസ്ത്യാനികൾ റോമൻ ജനതയുടെ വിരോധത്തിനും അവജ്ഞയ്ക്കും പാത്രീഭൂതരായിത്തീർന്നു. ക്രിസ്ത്യാനികളെപ്പററി ഏററം ഗർഹണീയങ്ങളായ കിംവദന്തികൾ ജനമദ്ധ്യത്തിൽ പ്രചരിച്ചു.

അവരുടെ ജീവിതരീതിയും മതാനുഷ്ഠാനക്രമങ്ങളും ഈ ദുഷ്പ്രചരണത്തിന് വിശ്വാസ്യത നൽകുവാൻ പര്യാപ്തമായിരുന്നു. മററു മതങ്ങളുടെനേരെ അവർ അസഹിഷ്ണുത പ്രദർശിപ്പിച്ചിരുന്നതുകൊണ്ടും, പുറജാതികളുടെ ദേവന്മാരെ ആരാധിക്കുന്നത് ദൈവവിരോധമാണെന്ന് അവർ വിശ്വസിച്ചിരുന്നതുകൊണ്ടും ജനദൃഷ്ടിയിൽ അവർ അന്യമതവിരോധം പുലർത്തുന്ന അസഹിഷ്ണുക്കളായിത്തീർന്നു. ദേവന്മാരുടെ പ്രതിമകൾ നിർമ്മിക്കുന്നതും, അവയെ ആരാധിക്കുന്നതും അവയുടെ മുൻപിൽ പൂജയർപ്പിക്കുന്നതും പാപകരമാണെന്ന് ക്രിസ്ത്യാനികൾ കരുതിയിരുന്നതിനാൽ ഈവക വ്യാപാരങ്ങളിൽ ഏർപ്പെട്ട് പണമുണ്ടാക്കിയിരുന്ന ശില്പികളും പുരോഹിതന്മാരും അവരെ കഠിനമായി വെറുത്തിരുന്നു. ക്രിസ്ത്യാനികൾ അവരുടെ പ്രാർത്ഥനകൾക്കായും മതകർമ്മങ്ങൾക്കായും രാത്രികാലങ്ങളിലോ അതിരാവിലെയോ രഹസ്യമായി സമ്മേളിച്ചിരുന്നതുകൊണ്ട് അവർ അസന്മാർഗ്ഗികനടപടികളിൽ വ്യാപൃതരാണെന്ന് ആരോപണമുണ്ടായി. വിശുദ്ധ കുർബാനയെ സംബന്ധിച്ച് വിചിത്രമായ കിംവദന്തികൾ പ്രചരിച്ചതിന്റെ ഫലമായി ക്രിസ്ത്യാനികൾ പിഞ്ചുകുഞ്ഞുങ്ങളെ കൊന്ന് അവരുടെ മാംസം ഭക്ഷിക്കയും രക്തം പാനംചെയ്യുകയും ചെയ്യുന്ന ഒരുതരം നരഭുക്കുകളാണെന്നു വിശ്വസിക്കപ്പെട്ടു. അവരുടെ പ്രാർത്ഥനകൾ മുഖേന സാധിച്ച അത്ഭുതകരമായ രോഗശമനങ്ങൾ അവരെ മന്ത്രവാദികളാക്കി. റോമൻ ദേവന്മാരുടെ മുൻപിൽ ബലിയർപ്പിക്കുന്നതിനോ അവരോട് പ്രാർത്ഥിക്കുന്നതിനോ ക്രിസ്ത്യാനികൾ സന്നദ്ധരാകാതിരുന്നതിനാൽ ലോകത്തിന് നേരിടുന്ന എല്ലാ ദുരന്തങ്ങളുടെയും കാരണക്കാർ ക്രിസ്ത്യാനികളാണെന്ന് ജനങ്ങൾ വിധിച്ചു. തെർത്തുല്യൻ ഇപ്രകാരം പറയുന്നു: "ടൈബർ നദിയിൽ ജലപ്പെരുപ്പമുണ്ടായാൽ, നൈൽനദിയിൽ വെള്ളപ്പൊക്കമുണ്ടാകാതെ നിലങ്ങൾ വരണ്ടുപോകുന്നതിനിടയായാൽ വല്ല ഭൂമികുലുക്കമോ പഞ്ഞമോ പകർച്ചവ്യാധിയോ ഉണ്ടായാൽ, ഉടനെ നാലുപാടുനിന്നും ജനങ്ങൾ ആക്രോശിക്കുകയായി, "ക്രിസ്ത്യാനികളെ സിംഹങ്ങൾക്കെറിഞ്ഞു കൊടുക്കുക" എന്ന്. ഇതായിരുന്നു ക്രിസ്ത്യാനികളുടെ നേരെ റോമൻലോകം പുലർത്തിയിരുന്ന മനോഭാവം.


## നിങ്ങൾ വായിക്കുന്നുണ്ടോ?

അകത്തും പുറത്തും കളർ ബ്ലോക്കുകളോടുകൂടി, മാസികാലോകത്തു പുതിയ റിക്കാർഡ് സൃഷ്ടിച്ചുകൊണ്ടു മുന്നേറുന്ന കർമ്മെലകുസുമം നിങ്ങൾ വരുത്തുന്നുണ്ടോ? ഇല്ലെങ്കിൽ ഉടനെ ആവശ്യപ്പെടുക. വരിസംഖ്യ ആണ്ടിൽ 2ക. മാത്രമേയുള്ളു (മുൻകൂർ). 3ണ. സ്റ്റാമ്പയച്ചാൽ സാമ്പിൾകോപ്പി ലഭിക്കുന്നതാണ്.

ഏജൻറന്മാരെ ആവശ്യമുണ്ട്

മാനേജർ, കർമ്മെലകുസുമം, മാന്നാനം


കൂടാതെ റോമൻ പൗരാവലി ഏററം ക്രൂരമായ പൊതുവിനോദങ്ങൾ കണ്ടു രസിക്കുന്നതിൽ അത്യുത്സുകരായിരുന്നു. സന്മാർഗ്ഗവിരുദ്ധമായ പരസ്യപ്രകടനങ്ങളിലും അവർ വ്യാപരിച്ചിരുന്നു. ക്രിസ്ത്യാനികളാകട്ടെ ഇതിൽനിന്നെല്ലാം പരിപൂർണ്ണമായി ഒഴിഞ്ഞുനിന്നിരുന്നു. ഇത് തങ്ങളുടെ ജീവിതരീതിയെപ്പററിയുള്ള ഒരു അവഹേളനമായി അവർ കരുതി. ഇങ്ങനെ സാമൂഹ്യമായ പല കാരണങ്ങളാലും നിസ്സാരമായ ഒരു പ്രകോപനമുണ്ടാകുന്ന മാത്രയിൽ ക്രിസ്ത്യാനികളെ മർദ്ദിക്കുവാൻ തയ്യാറായിട്ടാണ് റോമാസാമ്രാജ്യത്തിലെ അക്രിസ്തീയരായ ജനസഞ്ചയം നിലകൊണ്ടിരുന്നത്.


### ഉപകാരസ്മരണ

ബ. അൽഫോൺസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എൻ. ഒ. ഏലിക്കുട്ടി,
നെല്യാട്ട്, നെയ്യശ്ശേരി


എന്നാൽ മതപീഡനങ്ങളുടെ പിന്നിൽ സാമ്രാജ്യത്തിന്റെ അടിസ്ഥാനത്തെത്തന്നെയും സ്പർശിക്കുന്ന ചില രാഷ്ട്രീയകാരണങ്ങളുമുണ്ടായിരുന്നു. ക്രിസ്തുമതവും റോമാസാമ്രാജ്യവും വിഭാവന ചെയ്തത് തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത രണ്ടു വിഭിന്നലോകങ്ങളെയാണ്. അവ തമ്മിൽ സംഘട്ടനമുണ്ടാകാതെയിരിക്കുക സാദ്ധ്യമല്ലായിരുന്നു.

രാഷ്ട്രത്തിന്റെ സർവ്വാധിപത്യത്തിൽ റോമാക്കാർ വിശ്വസിച്ചിരുന്നു. ക്രിസ്ത്യാനികളാകട്ടെ ദൈവികനിയമങ്ങൾക്ക് പ്രാമുഖ്യം കല്പിക്കയും അവയ്ക്കു വിരുദ്ധമല്ലാത്ത രാജ്യനിയമങ്ങൾമാത്രം അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്നു വിശ്വസിക്കയുംചെയ്തു. ദൈവികനിയമത്തിന് വിരുദ്ധമായ സാമ്രാജ്യനിയമങ്ങളെ അവർ അനുസരിക്കാൻ തയ്യാറായില്ല.

സാമ്രാജ്യവും ചക്രവർത്തിയുമായിരുന്നു ഒരു റോമൻ പൗരന്റെ ജീവിതലക്ഷ്യം. അവയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്യുവാൻ അവൻ സന്നദ്ധനായിരുന്നു. ചക്രവർത്തിയെ ദേവനായി ആരാധിക്കണമെന്നുള്ള രാജ്യനിയമം അനുസരിക്കുന്നത് അവനു ന്യായയുക്തമായി തോന്നി. എന്നാൽ ക്രിസ്ത്യാനിയാകട്ടെ ചക്രവർത്തിയിൽ ആരാധനായോഗ്യമായ ദൈവത്വം ദർശിച്ചില്ല. അവനെ സംബന്ധിച്ചിടത്തോളം ആരാധന ദൈവത്തിനു മാത്രമുള്ളതായിരുന്നു. അങ്ങനെ റോമൻ രാഷ്ട്രത്തിന്റെ ദൃഷ്ടിയിൽ അവൻ നിയമലംഘകനും രാജ്യദ്രോഹിയുമായിത്തീർന്നു. മാത്രമല്ല അന്നത്തെ റോമാസാമ്രാജ്യം ലോകത്തേയും മനുഷ്യജാതിയെ മുഴുവനും ഉൾക്കൊള്ളുന്ന ഒരു സ്ഥാപനമായിട്ടാണ് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നത്. അതിനാൽ സാമ്രാജ്യദ്രോഹികളാണെന്നുള്ള കാരണത്താൽത്തന്നെ ക്രിസ്ത്യാനികൾ മനുഷ്യജാതി മുഴുവന്റെയും ശത്രുക്കളായി പരിഗണിക്കപ്പെട്ടു.

കൂടാതെ റോമൻരാഷ്ട്രം റോമൻ മതത്തോട് ഉററബന്ധം പുലർത്തിയിരുന്നു. ബഹുദേവാരാധന റോമൻ രാഷ്ട്രമതത്തിന്റെ അവിഭാജ്യഘടകമായിരുന്നു. ക്രിസ്ത്യാനികൾ ഈ അന്ധവിശ്വാസത്തെ എതിർത്തു. അവരുടേതാണ് ഏക സത്യമതമെന്ന് അവർ ഉൽഘോഷിച്ചു. റോമൻ ദേവന്മാരെയും മതത്തെയും നിഷേധിച്ച ക്രിസ്ത്യാനികൾ നിരീശ്വരന്മാരും, നിർമ്മതന്മാരുമായി പരിഗണിക്കപ്പെട്ടു. രാഷ്ട്രത്തിന്റെ ദേവന്മാരെ നിഷേധിച്ചതിനാൽ അവർ രാജ്യദ്രോഹികളുമായിത്തീർന്നു.

ഇതിലും പ്രാധാന്യമർഹിക്കുന്ന മറെറാരു സാഹചര്യംകൂടിയുണ്ട്. അത് ക്രിസ്തുമതത്തിന്റെ സാർവ്വജനീനതയെ സംബന്ധിക്കുന്നതാണ്. റോമാസാമ്രാജ്യത്തിൽ പ്രാദേശികമായ പരിധികൾക്കുള്ളിൽ മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്ന പല മതങ്ങളും, തത്വജ്ഞാനികളുടെ സമൂഹങ്ങളുമുണ്ടായിരുന്നു. അവയുടെ സ്വാധീനശക്തി വളരെ പരിമിതമായിരുന്നു. അതുകൊണ്ട് സാമ്രാജ്യാധികാരികൾ അവയെ അത്ര കാര്യമായി ഗണിക്കുകയുണ്ടായില്ല. എന്നാൽ ക്രിസ്തുമതത്തിന്റെ സ്വഭാവവും ലക്ഷ്യവും ഒന്നു വേറെയായിരുന്നു. ലോകത്തിലെ എല്ലാ ജാതികളേയും, വർഗ്ഗങ്ങളേയും, മനുഷ്യജാതിയെ മുഴുവനും, ഒരു വിശ്വാസത്തിൽ—ഒരു പുതിയ ജീവിതക്രമത്തിൽ—ഏകീഭവിപ്പിക്കുവാനുള്ള ഒരു പ്രസ്ഥാനമായിരുന്നു അത്. സാമ്രാജ്യത്തിനുള്ളിൽത്തന്നെയും എല്ലാ ജാതികളുടെയും ഇടയ്ക്ക് അത് വ്യാപിച്ചുകഴിഞ്ഞിരുന്നു. റോമാസാമ്രാജ്യത്തിന്റെ മതവിശ്വാസങ്ങളെയും, ദേവന്മാരെയും, അതിന്റെ രാഷ്ട്രീയമായ അടിസ്ഥാനതത്വങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത ഈ നൂതനമതത്തിന് കരഗതമായിക്കഴിഞ്ഞിരുന്ന പ്രചാരവും, അത് ഉന്നംവച്ചിരുന്ന സാർവ്വലൗകികവ്യാപ്തിയും സാമ്രാജ്യത്തിന്റെ നാശത്തിന് വഴിതെളിക്കുമെന്ന് റോമൻ ഭരണകർത്താക്കൾ മനസ്സിലാക്കുകയും സാമ്രാജ്യത്തിന്റെ നിലനില്പിന് അതിനെ നിർമ്മൂലമാക്കേണ്ടതാവശ്യമാണെന്ന് അവർക്ക് ബോദ്ധ്യമാവുകയും ചെയ്തു.

# മാതൃകർത്തവ്യം

(ഫ്രാൻസിസ് ജെ. ആലപ്പാട്ട് ബി. എസ്‌സി)

പല രാഷ്ട്രീയനേതാക്കന്മാരും മതാദ്ധ്യക്ഷന്മാരും ഈ വിഷയത്തെക്കുറിച്ചു ആവർത്തിച്ചാവർത്തിച്ചു പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടു്. എന്നിട്ടും ഇതൊന്നും തങ്ങൾക്കു ബാധകമല്ല എന്ന മട്ടിൽ വർത്തിക്കുന്ന കത്തോലിക്കാമാതാക്കൾ എത്രയാണിന്നു്. ഈയിടെ പത്രങ്ങളിൽ കാണുകയുണ്ടായി ഇന്ത്യൻ പ്രധാനമന്ത്രി നെഹ്റുവിന്റെ പുത്രിയായ ഇന്ദിരാഗാന്ധിയെ സാർവ്വദേശീയ മാതൃത്വസമ്മാനത്തിനു് അർഹയായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നു്. "സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ധാരണയുടെയും അന്തരീക്ഷത്തിൽ മക്കളെ വളർത്തി" മനുഷ്യരാശിക്കുവേണ്ടി സേവനമനുഷ്ഠിക്കുന്നതിനു് "അമേരിക്കൻ മദേഴ്സ് കമ്മിററി" നൽകിയ അനുമോദനമാണിതു്. പല രാജ്യങ്ങളിൽനിന്നുമായി വേറെ ഒമ്പതുമാതാക്കളും സമ്മാനാർഹരായിട്ടുണ്ടു്. ഇതിൽനിന്നു എന്താണു് വ്യക്തമാകുന്നതു്? മതാദ്ധ്യക്ഷന്മാർ മാത്രമല്ല രാഷ്ട്രീയനേതാക്കന്മാരും മക്കളെ ശരിയായ മാർഗ്ഗത്തിൽ വളർത്തേണ്ട ആവശ്യകതയെ പരമപ്രധാനമായി കരുതിയിട്ടുണ്ടെന്നല്ലേ?

കുടുംബം! അതാണു് രാഷ്ട്രത്തിന്റെ അടിത്തറ. കുടുംബം നന്നായാൽ മാത്രമേ രാഷ്ട്രം അഭിവൃദ്ധിപ്പെടുവാൻ പോകുന്നുള്ളൂ—ലോകം സമാധാനം ദർശിക്കുവാൻപോകുന്നുള്ളൂ. ഈ കുടുംബത്തിന്റെ നേതൃത്വം വഹിക്കുന്നതാരാണു്? അവിടത്തെ അമ്മ. ആ അമ്മയിൽ ചില കർത്തവ്യങ്ങൾ നിക്ഷിപ്തമായിട്ടുണ്ടു്. അതിൽ പരമപ്രധാനമാണു് കുട്ടികളുടെ സംരക്ഷണം.

"സ്ത്രീധർമ്മസർവ്വസ്വം സന്താനരക്ഷണം.
ബോധിച്ചുകൊള്ളുവിൻനാരിമാരേ."

താരാട്ടുപാടി തൊട്ടിലാട്ടുന്ന കൈകൾ ലോകം ഭരിക്കുന്നുവെന്നു പറയുന്നതു് ഒരു മിഥ്യാവചനമല്ല.

സ്വഭാവരൂപവൽക്കരണം നടക്കുന്നതു് ശൈശവത്തിലും ബാല്യപ്രായത്തിലുമാണു്. നാം പിഞ്ചുപൈതങ്ങളോടു് ഓതിക്കൊടുക്കുന്ന സർവ്വസ്വവും അവരുടെ ഇളംമനസ്സിൽ അതേപടി പതിയുന്നു. അക്കാലത്തു് മുളയെടുക്കുന്ന വാസനകൾ പിൽക്കാലത്തു് പൂർണ്ണരൂപം പ്രാപിക്കുന്നുവെന്നേയുള്ളൂ.

"ഇളതാംബുദ്ധിയും വെള്ള-
കടലാസും സമാനമാം
തെളിയും രണ്ടിലും നേരെ
എഴുതുന്നവയൊക്കയും."

ഈ കാലഘട്ടത്തിലാണു് മാതാക്കൾ വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും, സദാചാരബോധത്തിന്റെയും വേദാന്തങ്ങൾ ഓതിക്കൊടുക്കേണ്ടതു്.

എന്നാൽ ഇന്നു് ചില സ്ത്രീരത്നങ്ങൾ, അല്പജ്ഞവിദ്യരെന്നു് അഭിമാനിക്കുന്ന ചില കത്തോലിക്കാസ്ത്രീരത്നങ്ങൾ, ചെയ്യുന്നതു കാണുമ്പോൾ അവർ കത്തോലിക്കാസഭയെ ഒററിക്കൊടുക്കുകയല്ലേ എന്നു് ചോദിക്കുവാൻ തോന്നിപ്പോകുന്നു. അവർക്കു അവരുടെ കുട്ടികളിലല്ല ശ്രദ്ധ, പിന്നെയോ അവരുടെ ഓഫീസു് ജോലികളിലാണു്. കർക്കൂന്തലിൽ മലർച്ചെണ്ടുകൾ ചൂടി സുഗന്ധതൈലം പൂശി പൗഡറും ലിപ്സ്റ്റിക്കുംതേച്ചു് പട്ടുവസ്ത്രങ്ങളാൽ വിഭൂഷിതരായി അവർ ഓഫീസുകളിലേക്കു എഴുന്നള്ളുന്നു. അവരുടെ കുട്ടികൾ എവിടെ? ഭൃത്യരുടെകൈയിലാണുപോലും! മഹതികളേ, കുഞ്ഞുങ്ങളുടെ അഭിവൃദ്ധിയിൽ ഉത്തരവാദിത്വം നിങ്ങൾക്കോ നിങ്ങളുടെ വേലക്കാർക്കോ?

ഇന്നു് ഭാരതത്തിൽ കുട്ടികളെ മാതാപിതാക്കളുടെ ഇഷ്ടാനുസരണം വളർത്തുവാനുള്ള അവകാശവും സ്വാതന്ത്ര്യവും നമ്മുടെ ഗവമ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്. ആ അധികാരത്തെ ഇന്നു് ആരും നമ്മോടു് ചോദ്യം ചെയ്യുകയില്ല. എന്നാൽ കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽ ആ അധികാരവും അവകാശവും മാതാപിതാക്കളിൽനിന്നു് കവർന്നെടുത്തിരിക്കുകയാണു്. കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെ ഇഷ്ടാനുസരണം വളരേണ്ടവരാണെന്നാണു് മാർക്സിയൻ സിദ്ധാന്തം. അതെ, മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായ സ്വന്തം കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെ പൊതുസ്വത്താണുപോലും! സഹോദരികളേ, ഈ ചിന്താഗതിയോടു് നിങ്ങൾ അനുകൂലിക്കുമോ? ഹൃദയമുള്ള അമ്മമാർ ഒരിക്കലും അതിനു് അനുവദിക്കുകയില്ല. എന്നാൽ നിങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സ്വന്തം കുഞ്ഞുങ്ങളെ ഭൃത്യരേയും മററും ഭരമേല്പിക്കാതെ അവരുടെ ഉത്തരവാദിത്വം നിങ്ങൾതന്നെ ഏറെറടുക്കുക. ചെറുപ്പംമുതൽതന്നെ, അവരെ ദൈവവിശ്വാസത്തിലും ആദ്ധ്യാത്മികബോധത്തിലും വളർത്തുക. സ്നേഹവും സഹനവും അവരുടെ മുദ്രാവാക്യമായിരിക്കട്ടെ. അങ്ങനെ ഇന്ദിരാഗാന്ധിയെപ്പോലുള്ള മാതൃകാമാതാക്കൾ ഒന്നല്ല ശതക്കണക്കിനു് ഭാരതത്തിൽ പ്രത്യേകിച്ചു് കേരളത്തിൽ ഉണ്ടെന്നു് ലോകസമക്ഷം നിങ്ങൾ വെളിപ്പെടുത്തുവിൻ. അതു കത്തോലിക്കാസഭയ്ക്കു അഭിമാനകരമല്ലേ!


## തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളി പുതിയ കുറികൾ

ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച 183/54 R. D. നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്നതു്

| മാസക്കുറി | കൊല്ലക്കുറി |
| --- | --- |
| നറക്കു് 1-ക്കു് 100 ക. | നറക്കു് 1-ക്കു് 1000 ക. |
| 111 നറക്കു് 11100ക. സല. | 32 നറക്കു് 32000ക. സല |
| ആദ്യനറക്കെടുപ്പു് 1954 ഏപ്രിൽ 5-ാംനു- 1129 മീനം 23-ാംനു- | ആദ്യനറക്കെടുപ്പു് 1954 ഏപ്രിൽ 20-ാംനു- 1129 മേടം 8-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറക്കു് (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണു് | കുറിയിൽ കുറഞ്ഞതു് 1/16 നറക്കു് (62ക. 8ണ. യുടെ വീതം) വരെ ചേരാവുന്നതാണു്. |

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫാറത്തിനും ആവശ്യപ്പെടുക:—

Trichur,
25—1—1954.

VICAR & TRUSTEES
The Lourdes Church Kuri Office


## ഈശ്വരപ്രാർത്ഥന

(നീലക്കുരുവി......എ. മ.)

സ്നേഹനിധിയേ സ്നേഹനിധിയേ
നീ തുണയാകണം ദൈവമേ! (നീ തുണ...)
ഒററഞെട്ടിൽ പുഷ്പശോഭം
പൂത്തുനില്ക്കും പൂക്കൾപോൽ (പൂത്തു...... ...)
മർത്ത്യരെല്ലാം സൗഹൃദത്തിൽ
വർത്തിച്ചിടാൻ മേല്ക്കുമേൽ (വർത്തി.......)
മംഗളങ്ങൾ ഭംഗിയായി
എങ്ങുമുണ്ടായിടുവാൻ (എങ്ങു......)
സ്നേഹനിധിയേ സ്നേഹനിധിയേ
നീതുണയാകണം ദൈവമേ! (നീ തുണ........)

(എൻ. യു. ജോസഫ്, ഇടപ്പള്ളി)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!

ജനുവരി 25 മുതൽ ഒരാഴ്ചക്കാലം ഹൈസ്കൂൾ കുട്ടികൾക്കു് ഏററവും ഉന്മേഷവും ഉത്സാഹവുമുള്ള കാലമായിരുന്നല്ലോ. അവർ തൊഴിൽവാരം ആചരിക്കയായിരുന്നു. ഈ ദിവസങ്ങളിൽ എന്തെല്ലാം ജോലികളിലാണു് അവരേർപ്പെട്ടിരുന്നതു്! റോഡുപണി, കുളംവെട്ടൽ, മതിലുനിർമ്മാണം, തെരുവുശുചീകരണം, കിണർ കുഴിക്കൽ, സ്കൂൾ ഉപകരണങ്ങൾ വൃത്തിയാക്കൽ, കളിസ്ഥലങ്ങൾ നിരപ്പാക്കൽ എന്നിങ്ങനെ അനവധി ജോലികൾ വിദ്യാർത്ഥികൾ നടത്തി.

കായികാദ്ധ്വാനത്തിൽ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് താല്പര്യവും ബഹുമാനവും സൃഷ്ടിക്കുവാനും നിർമ്മാണപ്രവർത്തനങ്ങളിലും സാമൂഹ്യസേവനത്തിലും അവർക്കു് പരിശീലനം നൽകുവാനുംവേണ്ടിയാണു് തൊഴിൽവാരം ആചരിക്കാൻ നിർദ്ദേശം നൽകിയതു്. ഉച്ചഭക്ഷണത്തിനു് ഒരു മണിക്കൂർ സമയം നീക്കി മററു് അദ്ധ്യയനസമയമാകെ പതിവായുള്ള അദ്ധ്യയനമുപേക്ഷിച്ചു് തൊഴിലുകൾ ചെയ്യുകയാണു് വിദ്യാർത്ഥികൾ ചെയ്തതു്.

ഹൈസ്കൂൾ കുട്ടികൾ മാത്രമാണു്, ഇപ്പോൾ ഈ വാരം ആചരിച്ചതു്. കൊച്ചുകുഞ്ഞുങ്ങൾക്കു് അവരുടെ മൂത്ത സഹോദരങ്ങൾ ഉത്സാഹപൂർവ്വം ജോലി ചെയ്യുന്നതു കാണുമ്പോൾ അവർക്കും അങ്ങനെ ചെയ്യണമെന്നു തോന്നുക സാധാരണയാണു്. അവർ സ്കൂളിൽ പോകാത്തസമയം വീട്ടിൽ എന്നും ഓരോരോ തൊഴിലുകൾ ചെയ്യുന്നതു് നന്നായിരിക്കും. വീട്ടിലും വിദ്യാലയത്തിലും ചെയ്യുന്ന പ്രവൃത്തികളാണു് ഭാവിയിൽ നമുക്കു് പ്രയോജനമുണ്ടാക്കിത്തരുന്നതു് എന്നോർമ്മിക്കുക. വീട്ടിൽ ചെറുകൃഷിത്തോട്ടങ്ങളുണ്ടാക്കുക, വേലികെട്ടുക, പുരയിടത്തിൽ അങ്ങുമിങ്ങും കിടക്കുന്ന കല്ലുകൾ ഒരുസ്ഥലത്തു കൂട്ടുക, ചെറിയ കയ്യാലകൾ നിർമ്മിക്കുക, നല്ലയിനം തൈകൾ വെച്ചുപിടിപ്പിക്കുക ഇതൊക്കെ മുതിർന്നവരുടെ സഹായത്തോടെയോ അല്ലാതെയോ കുഞ്ഞുങ്ങൾക്കു് ചെയ്യാവുന്നതാണു്.

എന്തെങ്കിലും പ്രയോജനമുള്ള ജോലി എപ്പോഴും ചെയ്തുകൊണ്ടിരിക്കുക മുതിർന്ന ചില ആളുകളുടെ ശീലമാണു്. നിങ്ങൾ അങ്ങനെയുള്ള ആളുകളെ കണ്ടിട്ടുണ്ടോ? ഒന്നോരണ്ടോദിവസംകൊണ്ടൊന്നും ഈ ശീലം ഒരുവനുണ്ടാകയില്ല. ചെറുപ്പത്തിലേതന്നെ പ്രവൃത്തിചെയ്യുന്നതിനുള്ള ശീലം കുട്ടികളിൽ വളരേണ്ടതാണു്. അങ്ങനെയുള്ള ശീലം ഒരുവനെ ഉത്തമനായി ഉയർത്തുന്നതായിരിക്കും.

ഒരു പ്രവൃത്തിയും ചെയ്യാതെ ഉണ്ടു ഉറങ്ങിയും മനോരാജ്യത്തിൽ മുഴുകിയും തിണ്ണ ചാരിയിരിക്കുന്ന ആളുകളും അനവധിയാണു്. "എന്താണിങ്ങനെ ചുമ്മാതിരിക്കുന്നതു്" എന്നവരോടാരെങ്കിലും ചോദിച്ചാൽ "എന്തുചെയ്യാനാ, ഒരു പ്രവൃത്തിയും ചെയ്യാനില്ല" എന്നവരുത്തരം പറയും. വാസ്തവത്തിൽ അവർ പ്രവൃത്തിചെയ്യുക എന്ന ശീലം അവരിൽ വളർത്തിയിട്ടില്ലാത്തതിനാൽ മാത്രമാണു് അങ്ങനെ പറയുന്നതു്. തൊഴിൽശീലം അവരിൽ വേരൂന്നിയിരുന്നെങ്കിൽ നിശ്ചയമായും അവർ പതിനായിരം ജോലികൾ അവരുടെമുമ്പിൽ എപ്പോഴും കാണുമായിരുന്നു. "അയ്യോ ഇതുമുഴുവൻ ചെയ്തുതീർക്കാൻ എനിക്കു സമയം കിട്ടുന്നില്ലല്ലോ" എന്നവർ ആവലാതിപ്പെടുകയും ചെയ്യുമായിരുന്നു.

അതിനാൽ നിങ്ങൾ ഒരു നദിയുടെ മാർഗ്ഗം സ്വീകരിക്കുക. എപ്പോഴും നദി ഒഴുകിക്കൊണ്ടിരിക്കുന്നതുപോലെ എപ്പോഴും നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുക. എപ്പോഴും നല്ല പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവനു് ചീത്തക്കാര്യങ്ങളെക്കുറിച്ചു് ചിന്തിക്കാനോ മനസ്സു ദുഷിപ്പിക്കാനോ സാധ്യമല്ല. അതിനാൽ പരിശ്രമശീലമുള്ള കുട്ടികളെല്ലാം വളരെ നല്ല പൗരന്മാരായിത്തീരുന്നു. അവർക്കു ജീവിതാനന്ദം സുഭിക്ഷമായി അനുഭവിക്കാൻ സാധ്യമായിത്തീരുന്നു. അതുകൊണ്ടു കുഞ്ഞുങ്ങൾ അവരവരെക്കൊണ്ടാവുന്ന തൊഴിലുകളിൽ എപ്പോഴും ഏർപ്പെട്ടുകൊണ്ടിരിക്കുക. പഠിക്കുക എന്നതും ഒരു തൊഴിലാണെന്നു കരുതണം.

പ്രകൃതിയാകുന്ന വലിയ പുസ്തകം നിങ്ങളുടെ മുമ്പിൽ വിടർത്തിവച്ചിരിക്കുന്നു. നിങ്ങൾക്കു് ആവശ്യമുള്ളതെല്ലാം ആ പുസ്തകത്തിലുണ്ടു്. കണ്ണുതുറന്നു ചെവി വട്ടംപിടിച്ചു് ശ്രദ്ധയോടെ അതിൽ നോക്കുകയേവേണ്ടു, നിങ്ങൾക്കു് ഒന്നൊന്നായി കാര്യങ്ങൾ ഗ്രഹിക്കാം. പ്രവൃത്തിചെയ്യാൻ എത്രവേണമെങ്കിലും വിഷയങ്ങൾ നിങ്ങൾക്കു കിട്ടും. കൊച്ചുകുഞ്ഞുങ്ങൾക്കു് ഇപ്പോഴേ ചെയ്തുശീലിക്കാവുന്ന തൊഴിലുകൾ അനവധിയുണ്ടു്. പ്രകൃതിയിൽ കാണുന്നതോരോന്നും പകർത്തിനോക്കുക—നിങ്ങൾക്കൊരു ചിത്രകാരനാകാം. കാണുന്ന സംഭവങ്ങൾ എഴുതി ശീലിക്കൂ. നിങ്ങൾക്കൊരു എഴുത്തുകാരനാകാം. കേൾക്കുന്ന നല്ല ശബ്ദങ്ങൾ പ്രതിഫലിപ്പിച്ചുനോക്കൂ—നിങ്ങൾക്കു് ഒന്നാന്തരം സംഗീതവിദ്വാനാകാം.

പ്രവൃത്തികൾകൊണ്ടു് മനസ്സിനു് മയംവരുത്തുക. നിങ്ങളുടെ കഴിവുകളെ വർദ്ധിച്ചു വർദ്ധിച്ചുവരട്ടെ! അതുമാത്രം മതി ജീവിതത്തിൽ നിങ്ങൾക്കു് വിജയം നേടാൻ. നിങ്ങൾക്കു് പ്രവൃത്തിചെയ്യുന്നതിനുള്ള കഴിവു് എത്രയുണ്ടോ അതിനെ ആശ്രയിച്ചാണു് സുഖവും ദുഃഖവും നിങ്ങളെ സമീപിക്കുന്നതു്. ഒരു മഹാമടിയനു് എപ്പോഴും മ്ലാനതയും ദുഃഖവുമാണു് അനുഭവം. പ്രവൃത്തിയിൽ എപ്പോഴും വ്യാപൃതനാകുന്നവന്റെ കൂട്ടുകാർ ഉന്മേഷവും ഉത്സാഹവും സുഖവുമായിരിക്കും.


കുഞ്ഞുങ്ങളെന്താണിഷ്ടപ്പെടുക! സുഖമോ ദുഃഖമോ—?

പ്രവൃത്തി—പ്രവൃത്തി, കഠിനമായ അദ്ധ്വാനം, അതായിരിക്കട്ടെ നിങ്ങളുടെ ജീവിതപരിപാടി.

എന്നു് നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ

"ക്രിസ്തീയസമുദായത്തിൽ നാകത്തിന്റെയും ലോകത്തിന്റെയും താല്പര്യങ്ങൾ സമ്മിശ്രമായിരിക്കുകയാണു്. തന്മൂലം അതിന്റെ സിദ്ധാന്തങ്ങളെ എതിർത്തിട്ടുള്ളവരെല്ലാം ലൗകികമായ സ്ഥാപനങ്ങളുടെ അടിത്തറ മാന്തുകയാണു ചെയ്തിട്ടുള്ളതു്."

—ഫ്രഡറിക്ക് ഒസ്സാനാം



ഒരു മഹാമടിയനു് എപ്പോഴും മ്ലാനതയും ദുഃഖവുമാണു്.
പ്രവൃത്തിയിൽ വ്യാപൃതനാകുന്നവനു് ഉന്മേഷവും ഉത്സാഹവും സുഖവും.

വിമർശനവീഥി

# തിരുകൊച്ചി തിരഞ്ഞെടുപ്പ്—

## മത്സരത്തിന്റെ ചില വിവരങ്ങൾ

അടുത്തുവരുന്ന തിരുകൊച്ചി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പാർട്ടികളേയും മത്സരത്തിന്റെ സ്വഭാവത്തേയും പോക്കിനേയും പരാമർശിച്ചു് ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിന്റെ ഔദ്യോഗികലേഖകൻ നൽകിയിട്ടുള്ള ചില വിവരങ്ങൾ വിജ്ഞാനപ്രദങ്ങളാണു്.

### കോൺഗ്രസ്സ് പാർട്ടി പൂർവ്വാധികം സുശക്തം

കോൺഗ്രസ്സ് ഒരു വശത്തും, ഇടതുപക്ഷക്കൂട്ടുകെട്ടു് എതിർവശത്തും നിന്നുകൊണ്ടുള്ള മത്സരം നേർക്കുനേരെയുള്ള ഒന്നായിത്തീർന്നിരിക്കുന്നു. കോൺഗ്രസ്സ് വിരോധികളായ ഇടതുപക്ഷങ്ങളുടെ ഉദ്ദേശം കോൺഗ്രസിനെ അവസാനമായി കൊല്ലണമെന്നാണു്. ഈ വിപത്തിനെപ്പററിയുള്ള യഥാർത്ഥമായ ബോധം കോൺഗ്രസ്സുകാരെ അഭൂതപൂർവ്വകമായി ഒന്നിപ്പിക്കുവാൻ ഇടയാക്കിയിട്ടുണ്ടു്. കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുവാൻ ഉപയോഗിച്ച അഭിനന്ദനീയമായ മാർഗ്ഗവും കോൺഗ്രസിന്റെ പുനസ്സംഘടനാപദ്ധതിയെ സഹായിച്ചു. തങ്ങളുടെ ഒന്നിച്ചുള്ള നിലയെ നിസ്സന്ദേഹമായി തെളിയിക്കുവാൻവേണ്ടി പി. സി. സി. ഈയിടെ ഒരു ത്രിദിനരാഷ്ട്രീയ കോൺഫറൻസ്സ് നടത്തുകയുണ്ടായി. ലക്ഷത്തിൽപ്പരം ആളുകൾ സമാപനയോഗത്തിൽ നേതാക്കന്മാരെ ശ്രവിക്കുവാൻ സന്നിഹിതരായിരുന്നെന്നും, അന്നത്തെ റാലിയിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ഏകദേശം 30,000 യുവാക്കന്മാർ പങ്കെടുത്തെന്നും പ്രതിപക്ഷപാർട്ടികൾ പോലും സമ്മതിക്കുന്നു. ഈ കോൺഫറൻസിൽനിന്നു് നവമായ പ്രതീക്ഷയും ഉജ്ജ്വലതയും കൈവരിച്ചുകൊണ്ടു് കോൺഗ്രസ്സുകാർ സംസ്ഥാനത്തിന്റെ ഓരോ മൂക്കിലും കോണിലും സഞ്ചരിക്കുന്നതായും, അവിടെയെല്ലാം കോൺഗ്രസ്സിന്റെ പിടി പുനഃസ്ഥാപിക്കുവാൻ പരമപരിശ്രമം ചെയ്യുന്നതായും ഇന്നു കാണപ്പെടുന്നുണ്ടു്. ഒരു പഴമ പരിചയമുള്ള കോൺഗ്രസ്സുപ്രവർത്തകൻ പറഞ്ഞതുപോലെ ഈ തിരഞ്ഞെടുപ്പിൽ ചില സ്ഥലങ്ങളിൽ കോൺഗ്രസിനു് നാടകീയമായ വിജയം ലബ്ധമായില്ലെങ്കിൽത്തന്നെയും ഇപ്പോഴത്തെ പ്രചരണത്തിന്റെ സുസ്ഥിരമായ ഒരു നേട്ടം തീർച്ചയായും ഉണ്ടാകും. അതായതു് ഈ സംസ്ഥാനത്തിന്റെ സകല ഗ്രാമത്തിലും കുഗ്രാമത്തിലുംതന്നെ ഒരു കോൺഗ്രസ്സ് കമ്മിററി രൂപമെടുക്കുകയും, പ്രവൃത്ത്യുന്മുഖരായ കുറെ കോൺഗ്രസ്സുകാർ ഇടവിടാതെ പരിശ്രമിച്ചു് എതിർപ്പുകളെ കീഴടക്കുകയും ചെയ്യും. ഇതുവരെയുള്ള സ്ഥിതി ഇതായിരുന്നില്ല. അനേകം സ്ഥലങ്ങളിൽ കോൺഗ്രസ്സുകാരോ അവരുടെ സംഘടനയോ ഇല്ലായിരുന്നു. എതിരാളികൾക്കു് ആ സ്ഥലങ്ങൾ നിർബാധം വിട്ടുകൊടുക്കുകയും ചെയ്തിരുന്നു. ആസന്നമായ ഒരു വിപത്തിന്റെ ഭീഷണി കോൺഗ്രസ്സുകാരെ ഇപ്രകാരം കുത്തിയിളക്കിയിരിക്കുമ്പോൾ, പ്രതിപക്ഷപാർട്ടികൾക്കു് തിരഞ്ഞെടുപ്പിനു് അടുത്തു മുമ്പു് സൃഷ്ടിപരമായി യാതൊന്നും ചെയ്യാൻ സാധിക്കാതായിരിക്കുന്നു. കോൺഗ്രസിനെ തോല്പിക്കണം എന്ന നിശ്ചയത്തെ തത്തയുടെ ഭാഷയിൽ ആവർത്തിക്കമാത്രമേ അവർക്കു ചെയ്യാൻ കഴിയുന്നുള്ളു.

### ഇടതുപക്ഷങ്ങളുടെ തന്ത്രങ്ങൾ

യുദ്ധാനന്തരപ്രശ്നങ്ങൾ, പ്രത്യേകിച്ചും ഭക്ഷ്യവിഭവങ്ങളുടേയും സാരമായ മററു ജീവിതാവശ്യങ്ങളുടേയും പോരായ്മകൾ, കമ്മ്യൂണിസ്റ്റുകാരേയും ഇതര ഇടതുപക്ഷക്കാരേയും സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അവരുടെ പിടിയുറപ്പിക്കുവാൻ പ്രാപ്തരാക്കിയിട്ടുണ്ടു്. അവരുടെ തന്ത്രങ്ങൾക്കു് തൊഴിലാളിജനം വിശേഷിച്ചും ആ ഭാഗങ്ങളിൽ എളുപ്പത്തിൽ ഇരയായിത്തീർന്നിട്ടുമുണ്ടു്. സീററുകൾ ഏതടിസ്ഥാനത്തിലാണു് ഇടതുപക്ഷഗ്രൂപ്പുകൾ തമ്മിൽ വിഭജിച്ചെടുത്തതെന്നു് വ്യക്തമായി അറിയുന്നില്ലെങ്കിലും, വിഭജനം സംസ്ഥാനത്തോതിൽ ഹൃദയപൂർവ്വം പ്രവർത്തനം നടത്താൻ ആവശ്യകമായ സംതൃപ്തി പ്രതിപക്ഷഗ്രൂപ്പുകളിൽ സൃഷ്ടിച്ചിട്ടില്ല. തങ്ങളുടെ നിയോജകമണ്ഡലം കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിക്കു് വിട്ടുകൊടുത്തെന്നും, കമ്മ്യൂണിസ്റ്റുകളുടെ വിജയം ഭദ്രമാക്കിക്കൊടുക്കുകയെന്ന അനാശാസ്യമായ നിലയിലേക്കു് തങ്ങൾ താഴ്ത്തപ്പെട്ടിരിക്കുകയാണെന്നും ബോധമുള്ള പി. എസ്സ്. പി. ക്കാരുടെയിടയിൽ പ്രത്യേകിച്ചും ഈ അസംതൃപ്തി കാണുന്നുണ്ടു്. അങ്ങനെയുള്ള മിക്ക കേസ്സുകളിലും പി. എസ്സ്. പി. ക്കാർ പരോക്ഷമായ ചില സൂചനകൾ ആ സ്ഥലങ്ങളിലുള്ള കോൺഗ്രസ്സുകാർക്കു് കൊടുത്തിട്ടുണ്ടെന്നു് കോൺഗ്രസ്സ് ക്യാമ്പുകളിലേക്കു് രഹസ്യമായ അറിവു് ചോർന്നുകഴിഞ്ഞു. ഒരു കാലത്തു് തങ്ങളുടെ സഹകാരികളായിരുന്ന കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ വിജയം ഭദ്രമാക്കുവാൻ തങ്ങൾ പിൻതുണ നൽകിക്കൊള്ളാമെന്നാണു് ആ സൂചനകൾ. തങ്ങളുടെ വിജയം തീർച്ചയാണെന്നുള്ള ഭാവത്തിൽ സമരത്തിലേക്കു പ്രവേശിച്ച കമ്മ്യൂണിസ്റ്റു പാർട്ടിക്കു് തങ്ങൾ നേരിടേണ്ട എതിർപ്പിന്റെ ഭയങ്കരമായ സ്വഭാവം ക്രമേണ ബോദ്ധ്യമായിക്കൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റു നേതാവായ മി. എ. കെ. ഗോപാലൻ പ്രധാനമന്ത്രി സമക്ഷം ആവലാതി ബോധിപ്പിച്ചതായി ഒരു റിപ്പോർട്ടുണ്ടു്, പള്ളി തിരഞ്ഞെടുപ്പിൽ അനർഹമായ സ്വാധീനം ചെലുത്തുന്നുവെന്നു്. അപ്രതീക്ഷിതമായി സംഭവിക്കാവുന്ന തോൽവികൾക്കു് കാരണം പറഞ്ഞു് ഒഴിഞ്ഞുമാറാനുള്ള ശ്രമമാണു് ഈ പരാതിയിൽ കാണാൻ കഴിയുന്നതു്. ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധി ഇടതുപക്ഷങ്ങൾക്കു് തിരഞ്ഞെടുപ്പുമത്സരത്തിൽ അസുഖത്തിനു കാരണമാക്കിയിട്ടുള്ള മറെറാരു ഘടകമാണു്.

റവലൂഷണറി സോഷ്യലിസ്റ്റു പാർട്ടി കമ്മ്യൂണിസ്റ്റുകളുമായി തിരഞ്ഞെടുപ്പിൽ പരസ്പരധാരണ തുടർന്നുകൊണ്ടിരിക്കുന്നതോടുകൂടിത്തന്നെ അവരോടുള്ള ശത്രുതയെ മറച്ചുവയ്ക്കാതാണിരിക്കുന്നതു്. കോൺഗ്രസ്സ് വിരുദ്ധരുടെ അണികൾക്കുള്ളിലെ കുഴപ്പം ഇതുമൂലം വർദ്ധിച്ചിരിക്കുകയാണു്. ഈ പാർട്ടി സംസ്ഥാനത്തിലെ ഭാവിരാഷ്ട്രീയത്തിൽ എന്തുഭാഗമാണു് അഭിനയിക്കുവാൻ പോകുന്നതെന്നു് ആർക്കും നിശ്ചയമില്ല. കേരളം ഒരു സ്വതന്ത്ര റിപ്പബ്ലിക്കാകണമെന്നു ആവശ്യപ്പെടുന്ന കേരളാ സോഷ്യലിസ്റ്റു പാർട്ടിയും ഏതാനും സ്ഥാനാർത്ഥികളോടുകൂടി സമരത്തിൽ പങ്കെടുക്കുകയാണു്.

### തിരഞ്ഞെടുപ്പിന്റെ ഗതിവിഗതികൾ

തിരുകൊച്ചി സംസ്ഥാനത്തിനു് 4 ഡിസ്ട്രിക്റ്റുകളുണ്ടു്. അവയിൽ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ 29 സീററും, കോട്ടയം ഡിസ്ട്രിക്റ്റിൽ 23 സീററും, കൊല്ലം ഡിസ്ട്രിക്റ്റിൽ 38 സീററും, തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ 27 സീററും ഉൾപ്പെടുന്നു. തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ഭൂരിപക്ഷം സീററും കോൺഗ്രസ്സിനു ലഭിക്കുമെന്നാണു് പ്രതീക്ഷ. കോട്ടയം ഡിസ്ട്രിക്റ്റിലും, അവിടവിടെ കമ്മ്യൂണിസ്റ്റു താവളങ്ങളുണ്ടെങ്കിലും കോൺഗ്രസ്സിനു ഭൂരിപക്ഷം സീററു ലഭിക്കാൻ എളുപ്പമുണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ





For favours received

K. S. Joseph, Alwaye


ഏതാണ്ടു് ഇരുളടഞ്ഞ ചിത്രമാണു് കോൺഗ്രസിനെ അഭിമുഖീകരിക്കുന്നതു്. അതിന്റെ പ്രധാനകാരണം തിരുവിതാംകൂർ തമിഴ്നാട്ടുകോൺഗ്രസിനു് പ്രാബല്യമുള്ള പ്രദേശങ്ങളിൽ അവർ അവസാനമായി നടത്തുന്ന എതിരിടലും, ഭാഷാപരമായ വിഭജനത്തിനുവേണ്ടിയുള്ള അവരുടെ ആഹ്വാനവും ആകുന്നു. എന്നുവരികിലും ആ ഡിസ്ട്രിക്റ്റിലും കുറെ സീററുകൾ നേടുവാനുള്ള ശ്രമങ്ങൾ കോൺഗ്രസ്സ് ചെയ്യാതിരിക്കുന്നില്ല. കൊല്ലം ഡിസ്ട്രിക്റ്റിലെ മത്സരമായിരിക്കും തിരഞ്ഞെടുപ്പിന്റെ ഫലം നിർണ്ണയിക്കുന്നതെന്നു് പറയാവുന്നതാണു്. ആർ. എസ്സ്. പി. യും, കമ്മ്യൂണിസ്റ്റുകളും യോജിച്ചുനിന്നാക്രമിക്കപ്പെടുന്നു, ഇതു് അവരുടെ അജയ്യമായ കോട്ടയാണെന്നു്. സംസ്ഥാനത്തെ കമ്മ്യൂണിസ്റ്റു പാർട്ടി അവരുടെ തലസ്ഥാനം കൊല്ലത്തേക്കു് മാററിയിരിക്കുന്നു, തിരഞ്ഞെടുപ്പുമത്സരത്തിന്റെ മേൽനോട്ടം കൺമുൻപിൽ വച്ചുകൊണ്ടിരിക്കുവാൻ. കോൺഗ്രസ്സും കഴിയുന്നേടത്തോളം സീററു് അവിടെ നേടുവാൻ ഉജ്ജ്വലമായി പരിശ്രമിക്കുന്നുണ്ടു്. കൊല്ലം ഡിസ്ട്രിക്റ്റിൽ ഗണ്യമായവിഭാഗം സീററു കോൺഗ്രസ്സിനു ലഭിച്ചാൽ ആവശ്യത്തിനുവേണ്ട ഭൂരിപക്ഷത്തിനായുള്ള അവരുടെ സമരം വിജയിക്കുമെന്നു വിശ്വസിക്കാം. തിരഞ്ഞെടുപ്പിന്റെ ചൂടു് ഏററവും ശക്തിപ്രാപിച്ചിരിക്കുന്നതു് സ്വാഭാവികമായി ആ ഡിസ്ട്രിക്റ്റിലാണു്. ഏതെങ്കിലും ഒരു പാർട്ടി തെരുവുകളിൽക്കൂടി തിരഞ്ഞെടുപ്പുഘോഷയാത്രകൾ നടത്താതെയും തെരുവുമൂലകളിൽ യോഗങ്ങൾ ചേരാതെയുമുള്ള ഒരു നിമിഷവും കടന്നുപോകുന്നില്ല. മദ്രാസ്സ് മുഖ്യമന്ത്രി മി. രാജഗോപാലാചാരി അവിടെ നടത്തിയ തിരഞ്ഞെടുപ്പുപ്രചരണോൽഘാടനം തിരഞ്ഞെടുപ്പിലടങ്ങിയിരിക്കുന്ന താല്പര്യങ്ങളെപ്പററി ചിന്തിക്കുവാൻ മിക്ക ജനങ്ങളേയും പ്രേരിപ്പിച്ചിട്ടുണ്ടു്. അദ്ദേഹം ആരംഭിച്ച ജോലി സ്ഥലത്തുള്ള കോൺഗ്രസ്സുകാർ ഉത്സാഹപൂർവ്വം തുടർന്നുകൊണ്ടിരിക്കുകയാണു്. കോൺഗ്രസ്സ് പ്രസിഡന്റു് ശ്രീ നെഹ്റുവിന്റെ സംസ്ഥാനമാകെയുള്ള കൊടുങ്കാററു പര്യടനം ഈ ഉത്സാഹങ്ങളെയെല്ലാം ഒരു പരമമായ ശ്രുതിയിലേക്കു് തിരിക്കുകയും, അതിന്റെ ഫലമായി ക്രമീകൃതവും സമാധാനപരവും സുസ്ഥിരവുമായ ഒരു ഭരണകൂടം ഈ സംസ്ഥാനത്തുണ്ടാകുവാൻ തക്കവണ്ണം അവർ വോട്ടവകാശം ഉപയോഗിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കാം.

* * *

ഇന്ത്യൻ എക്സ്പ്രസ്സ് ലേഖകന്റെ വീക്ഷണവും അഭിപ്രായവും ഊഹവുമാണു് മുകളിൽ ചേർത്തിരിക്കുന്നതു്. അവയ്ക്കു് യാഥാർത്ഥ്യത്തോടു് എത്രത്തോളം പൊരുത്തമുണ്ടെന്നു് ഖണ്ഡിതമായി പറയുവാൻ ഞങ്ങൾ തല്ക്കാലം തുനിയുന്നില്ല. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടി പൂർവ്വാധികം സൂക്ഷ്മവും ഉത്സാഹവും പ്രദർശിപ്പിക്കുന്നുണ്ടെന്നുള്ളതു് സന്തോഷാവഹമാണു്. ഇടതുപക്ഷപാർട്ടികളെല്ലാം വിരോധികളായി ഒരുമിച്ചുനിന്നു മത്സരിക്കുന്നതാണു് കോൺഗ്രസ്സ് പാർട്ടിയുടെ ഇത്തവണത്തെ ശുഭകരമായ മത്സരത്തിനു് പ്രേരണനൽകിയിരിക്കുന്നതെന്നുള്ളതിനു് സംശയമില്ല. എന്നുവരികിലും കോൺഗ്രസ്സുകാർ അവരുടെ വിജയത്തിനുവേണ്ടിയുള്ളതെല്ലാം സ്വയം നിർവ്വഹിച്ചുകൊള്ളുമെന്നു കണക്കാക്കി അലസരായിരിക്കുവാൻ നമുക്കു പാടുള്ളതല്ല. പ്രതിപക്ഷങ്ങൾ സാക്ഷാത്തായ പ്രജായത്തഭരണത്തിൽ വിശ്വസിക്കാത്തവരാകയാൽ അവരെ തോല്പിച്ചു്, പ്രജായത്താദർശം യഥാർത്ഥത്തിൽ സ്വീകരിക്കുന്ന കോൺഗ്രസ്സ് പാർട്ടിയെ ബഹുഭൂരിപക്ഷത്തോടുകൂടി ജയിപ്പിക്കുവാൻ നമ്മാൽ കഴിയുന്ന ന്യായമായ എല്ലാ പരിശ്രമങ്ങളും നാം ചെയ്യേണ്ടിയിരിക്കുന്നു.

### പള്ളികളെപ്പററിയുള്ള പരാതി

ശ്രീ എ. കെ. ഗോപാലൻ പള്ളികളെപ്പററി നെഹ്റുവിനു് പരാതി ബോധിപ്പിച്ച വിവരം മുകളിൽ പ്രസ്താവിച്ചല്ലോ. പള്ളികളെപ്പററിയുള്ള ഈ ഭയം ഇടതുപക്ഷനേതാക്കന്മാരെ കലികൊള്ളിച്ചിരിക്കുകയാണെന്നു തോന്നുന്നു. ശ്രീ ഗോപാലൻതന്നെ ഈ വിഷയം ആവർത്തിച്ചാവർത്തിച്ചു് തന്റെ പരാമർശത്തിനു് വിഷയമാക്കിയിട്ടുണ്ടു്. തിരുകൊച്ചിയിലെ പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സീററുകൾ നേടുകയാണെങ്കിൽ "അതു പള്ളികളുടെ സഹായം കൊണ്ടുമാത്രമായിരിക്കുമെന്നു്" അദ്ദേഹം ബത്ധളർവച്ചു് ജനുവരി 28-ാം-നു ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചുവത്രെ. "കത്തോലിക്കാവോട്ടുകളുടെ സഹായത്തോടുകൂടി മാത്രമേ കോൺഗ്രസ്സിനു സീററുകൾ നേടാൻ സാദ്ധ്യമാകൂ. ഇഷ്ടമുള്ളവർക്കു വോട്ടുചെയ്യാൻ പോപ്പും ബിഷപ്പന്മാരും പറഞ്ഞാൽ കോൺഗ്രസ്സിനു ഒരു രക്ഷയുമില്ല" എന്നും അദ്ദേഹം പറയുകയുണ്ടായി.

ഇടതുപക്ഷ ഐക്യമുന്നണിക്കുവേണ്ടി ഇവിടങ്ങളിൽ വന്നു് പ്രചരണം നടത്തിയ ശ്രീമതി അരുണാ ആസഫ് ആലിയും എറണാകുളത്തുവച്ചു് പത്രപ്രതിനിധികളോടു് ഇതേവിഷയത്തെപ്പററി പ്രസ്താവിച്ചുവത്രെ. ഇന്നത്തെ അന്തർദേശീയച്ചുററുപാടിൽ കത്തോലിക്കാപ്പള്ളികൾ പിൻതുടരുന്ന നയം വലിയ ആപത്തുകൾ ഉണ്ടാക്കുമെന്നും, ഉത്തരേന്ത്യയിലുണ്ടായ ഹിന്ദു-മുസ്ലീം ലഹളകൾപോലുള്ള സംഭവങ്ങൾ ഇവിടെ ഉണ്ടാക്കിത്തീർക്കുമെന്നും അവർ ഭയപ്പെടുന്നു.

കത്തോലിക്കാപ്പള്ളികളേയും വൈദികരേയുംപററിയുള്ള ഈ ആക്ഷേപങ്ങൾക്കും ഭയപ്പാടുകൾക്കും എത്രയോ പ്രാവശ്യം സമാധാനവും വിശദീകരണവും കത്തോലിക്കാപ്പത്രങ്ങളും വൈദികാധികാരികളുടെ പ്രസ്താവനകളും നൽകിയിട്ടുള്ളതാണു്. എന്നുവരികിലും ഇടതുപക്ഷങ്ങളുടെ പതിവനുസരിച്ചു അതേ ആക്ഷേപങ്ങൾതന്നെ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നതേയുള്ളൂ. കത്തോലിക്കാപ്പള്ളിയും പട്ടക്കാരും മതത്തിന്റേയും സന്മാർഗ്ഗത്തിന്റേയും കാര്യങ്ങളിൽ കത്തോലിക്കർക്കു് സന്ദർഭോചിതങ്ങളായ ഉപദേശങ്ങളും ഉദ്ബോധനങ്ങളും കൊടുക്കുവാൻ അധികാരവും അവകാശവും ഉള്ളവരാകുന്നു. പലേടങ്ങളിലും ഇന്നത്തെ തിരഞ്ഞെടുപ്പു് കേവലം രാഷ്ട്രീയമായ കാര്യമല്ല. മതവും സന്മാർഗ്ഗവും സാരമായവിധം അതിലുൾപ്പെട്ടിരിക്കുന്നുണ്ടു്. തിരുകൊച്ചിയിലെ അടുത്തുവരുന്ന തിരഞ്ഞെടുപ്പു് ഇതിനു പ്രകടമായ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. മത്സരിക്കുന്ന ഇടതുപക്ഷങ്ങളിൽ പ്രധാനമായ മൂന്നു പാർട്ടി മാർക്സിസ്റ്റ് തത്വങ്ങളും പരിപാടികളും സ്വീകരിക്കുന്നതുകൊണ്ടു് കത്തോലിക്കാമതത്തിന്റേയും സന്മാർഗ്ഗത്തിന്റേയും ദൃഷ്ടിയിൽ ആ പാർട്ടികൾ നിഷിദ്ധങ്ങളാണെന്നും, തന്മൂലം അവർക്കു വോട്ടുകൊടുക്കാൻ ഒരു കത്തോലിക്കനേയും അവന്റെ മതവും സന്മാർഗ്ഗവും അനുവദിക്കുന്നില്ലെന്നും ആണു് പള്ളിയും പട്ടക്കാരും ഈ തിരഞ്ഞെടുപ്പിൽ നൽകുന്ന ഉപദേശവും ഉദ്ബോധനവും. പ്രസ്തുത നിഷിദ്ധപാർട്ടികളുടെ ജയത്തെ ലക്ഷ്യമാക്കി സഹകരണവും പിൻതുണയും നൽകുന്ന മറെറല്ലാ പാർട്ടിക്കും വോട്ടുചെയ്യാനും അക്കാരണത്താൽ ഒരു കത്തോലിക്കനും പാടുള്ളതല്ല. തിരുകൊച്ചിയിലെ പി. എസ്സ്. പി. ഈ തിരഞ്ഞെടുപ്പിൽ അങ്ങനെയുള്ള പാർട്ടിയായി പങ്കെടുക്കുന്നതിനാൽ ആ പാർട്ടിക്കും വോട്ടുചെയ്യാൻ കത്തോലിക്കനു പാടുള്ളതല്ല. കത്തോലിക്കരുടെ ഈ കടമ അവരെ പറഞ്ഞു് മനസ്സിലാക്കിയില്ലെങ്കിൽ അതു് പള്ളിയുടേയും പട്ടക്കാരുടേയും പേരിൽ ഗൗരവാവഹമായ കൃത്യവിലോപമായിരിക്കും. എന്തിനു പിന്നെ ഇടതുപക്ഷനേതാക്കൾ ഈ ആക്ഷേപത്തിനും പരാതിക്കും പുറപ്പെടുന്നു!

—o—

Reg. M. No. 2293

# Sathya Deepam

Vol. 27 — Ernakulam February 10, 1954 — No. 24

# വിവിധവൃത്താന്തങ്ങൾ

### 1953-ലെ XII പീയൂസിന്റെ പരിപാടികൾ

വത്തിക്കാനിൽനിന്നും പുറപ്പെട്ടിട്ടുള്ള വാർത്തയിൽ പരിശുദ്ധ പിതാവിന്റെ കഴിഞ്ഞവർഷത്തെ പ്രവർത്തനപരിപാടികൾ വിശദമാക്കിയിരിക്കുന്നു. 417,584 പേർക്കു പരിശുദ്ധ പിതാവു സന്ദർശനമനുവദിച്ചു. അതിൽ 492 പേർക്ക രഹസ്യസന്ദർശനങ്ങളും, 30,832 പേർക്കു പ്രത്യേകസന്ദർശനങ്ങളും 2,126 പേർക്കു തിരുമേനിയാം മുത്തിച്ചുകൊണ്ടുള്ള വിശേഷാൽ സന്ദർശനങ്ങളും 384,134 പേർക്കു സാധാരണ പൊതുസന്ദർശനങ്ങളുമാണു് അനുവദിക്കപ്പെട്ടതു്. സന്ദർശനാവസരങ്ങളിലും മററും ചെയ്ത ലഘുപ്രസംഗങ്ങൾക്കും പ്രഭാഷണങ്ങൾക്കും പുറമെ 81 പ്രമുഖപ്രസംഗങ്ങൾ തിരുമേനി നിർവ്വഹിച്ചു. അവയിൽ 34 എണ്ണം ഇററാലിയൻ ഭാഷയിലും, 29 എണ്ണം ഫ്രഞ്ചിലും, 8 എണ്ണം ജർമ്മൻഭാഷയിലും, 5 എണ്ണം ഇംഗ്ലീഷിലും, 4 എണ്ണം ലത്തീനിലും, 3 എണ്ണം സ്പാനിഷിലും, 1 എണ്ണം പോർത്തുഗീസു് ഭാഷയിലുമായിരുന്നു. വി. ബെർണ്ണാർഡിന്റെ ചരമത്തിന്റെ 8-ാം ശതവത്സരപൂർത്തി പ്രമാണിച്ചു് "ഡോക്തോർ മെല്ലിഫ്ളുവൂസ്" (Doctor Mellifluus) എന്നാരംഭിക്കുന്ന ചാക്രികലേഖനവും, മരിയവത്സരപ്രഖ്യാപനം സംബന്ധിച്ചു് "ഫുൾജെൻസ് കൊറോണാ" (Fulgens Corona) എന്നാരംഭിക്കുന്ന ചാക്രികലേഖനവും പുറപ്പെടുവിക്കുകയുണ്ടായി. 78 വയസ്സു പ്രായമുള്ള മാർപ്പാപ്പാ തിരുമനസ്സിലെ സംഭവബഹുലമായ ജീവിതപരിപാടികൾ വിസ്മയാവഹമായിരിക്കുന്നു.

### ഹിരോഷിമായിലെ പുത്തൻപള്ളി

1945 ആഗസ്റ്റ് 6-ാം തീയതിയാണു് ജപ്പാനിലെ ഹിരോഷിമാ നഗരത്തിൽ അമേരിക്കാ ആററംബോംബിട്ടതു്. ദൈവജനനിയുടെ സ്വർഗ്ഗാരോപണത്തിന്റെ നാമത്തിൽ അവിടെ ഉണ്ടായിരുന്ന ചെറിയ ദേവാലയം തകർന്നുപോയി. അതേസ്ഥാനത്തു അതേ നാമത്തിലുള്ള ഒരു വലിയ പള്ളി ഇപ്പോൾ പണിതീരാറായിരിക്കുന്നു. ആററംബോംബിന്റെ 9-ാം വാർഷികദിനമായ അടുത്ത ആഗസ്റ്റ് 6-ൽ അതിന്റെ ആശീർവ്വാദകർമ്മം നടക്കുന്നതാണു്. 200 അടി നീളവും, 80 അടി വീതിയുമുള്ള പുത്തൻപള്ളിക്കു് ഏഴു് അൾത്താരകളാണുള്ളതു്. 150 അടി ഉയരമുള്ള ഒരു മണിമാളിക അതിദൂരത്തിൽ ദൃശ്യമാകുന്നു. ഏറിയപങ്കും വിദേശസംഭാവനകൊണ്ടുതന്നെയാണു് ഇതിന്റെ പണി നിർവ്വഹിച്ചിട്ടുള്ളതു്. ഐക്യനാടുകളും തെക്കെ അമേരിക്കൻ രാജ്യങ്ങളും ഇതിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചിരുന്നു. നാലു വലിയ മണികൾ, ഒരു ഓർഗൻ, ഒരു സക്രാരി, ഏതാനും തിരുസ്വരൂപങ്ങൾ എന്നിവ യൂറോപ്പിലെ വിശിഷ്യ ജർമ്മനിയിലെ, കത്തോലിക്കരും അകത്തോലിക്കരും ചേർന്നുള്ള ദാനമാണു്. പ്രധാനമന്ത്രി യോഷിദാ പ്രസിഡണ്ടായുള്ള ഒരു കമ്മിററി ജപ്പാനിൽനിന്നും ഗണ്യമായ തുക പിരിച്ചിട്ടുണ്ടു്. ബുദ്ധമതസന്യാസികളും സാരമായ സഹകരണങ്ങൾ ചെയ്കയുണ്ടായി. അമേരിക്കക്കാരായ ഫ്രാൻസിസ്കൻ കന്യാസ്ത്രീകൾ ലോകസമാധാനാർത്ഥം ദിവ്യകാരുണ്യസന്നിധിയിൽ ഇവിടെ രാപകൽ പ്രാർത്ഥന നടത്തിവരും എന്നുള്ളതു ഈ പള്ളിയുടെ ഒരു പ്രത്യേകതയായിരിക്കും.

### ഒരു വേദപുസ്തകം

വാഷിംഗ്ടണിലെ കോൺഗ്രസ്സ് ലൈബ്രറിയിൽ വിശിഷ്ടങ്ങളായ നിരവധി ഗ്രന്ഥങ്ങളുണ്ടു്. എന്നാൽ വിശുദ്ധ ലിഖിതത്തിന്റെ ഒരു കൈയെഴുത്തുപ്രതി അവിടെയുള്ളതു ഇതിലെല്ലാം അതിവിശിഷ്ടമായി കരുതപ്പെടുന്നു. 16-ാം ശതാബ്ദത്തിൽ ഒരു സന്യാസിയാൽ എഴുതപ്പെട്ടതാണിതു്. ജർമ്മൻഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. ആയിരത്തോളം പെയ്ജുകളുണ്ടു്. ഒരു വെട്ടാകട്ടെ തിരുത്താകട്ടെ ഒരിടത്തും കാണാനില്ല. പരിഷ്കൃതമായ അച്ചടികളെല്ലാം ഇപ്പോൾ നടപ്പിൽ വന്നിട്ടുണ്ടെങ്കിലും ഇത്ര മനോഹരമായ ഒരു ഗ്രന്ഥം യാതൊരു പ്രസ്സിൽനിന്നും ഇതേവരെ പുറത്തുവന്നിട്ടില്ലെന്നു എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. നല്ല കറുത്ത മഷിയിൽ വിരചിതമായിരിക്കുന്ന ആ പുസ്തകം ഇന്നും അഭിനവമെന്നോണം കാണപ്പെടുന്നു. ഓരോ അദ്ധ്യായത്തിന്റെയും ആദ്യാക്ഷരങ്ങൾ അതികമനീയമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഒരു വിശുദ്ധന്റെയോ ഏതെങ്കിലും വിശുദ്ധ ചിഹ്നത്തിന്റെയോ ചിത്രമാണു് ആ ഓരോ അക്ഷരത്തിനുള്ളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. സ്വന്ത പാപങ്ങൾക്ക പരിഹാരം ചെയ്യുന്നതിലേക്ക ഒരു യുവസന്യാസി ആരംഭിച്ചതാണത്രെ ഈ വിശിഷ്ട കൃത്യം. ആണ്ടുകൾ കടന്നുകടന്നുപോയിട്ടും തന്റെ വേല പൂർത്തിയാകുന്നില്ലല്ലോ എന്നു അദ്ദേഹം ഖേദിച്ചു. ഒടുവിൽ വാർദ്ധക്യകാലമായപ്പോഴേക്കും അതു പര്യവസാനിപ്പിക്കുകതന്നെ ചെയ്തു. കൃതാർത്ഥതയോടെ അദ്ദേഹം അതിനെ ചുംബിച്ചു അധികതാമസം കൂടാതെ ഭാഗ്യമരണമടയുകയും ചെയ്തു എന്നാണു് ചരിത്രം.

### കുററമെല്ലാം ചെറുപ്പക്കാർക്കാണുപോലും!

60 ലക്ഷത്തോളം അംഗങ്ങൾ വരുന്ന കത്തോലിക്കാ യുവജനസംഘടനകളുടെ പ്രതിനിധികൾ ചേർന്ന ഒരു സമ്മേളനം ഈയിടെ ബോസ്റ്റണിൽ നടന്നു. വിഖ്യാതരായ പ്രസംഗകന്മാരുടെ വിജ്ഞാനപ്രദങ്ങളായ പല പ്രസംഗങ്ങൾ അവിടെയുണ്ടായി. മോൺസിഞ്ഞോർ ജോസഫ് ഈ. ഷീഡർ സ്വാഗതപ്രസംഗമദ്ധ്യേ പറഞ്ഞു: "നന്ദികെട്ട സമുദായവും, ദീർഘദൃഷ്ടിയില്ലാത്ത നേതാക്കന്മാരും, ഇന്നത്തെ യുവാക്കന്മാർ ചരിത്രത്തിലുണ്ടായിട്ടുള്ളതിലേക്കും ഏററം ദുഷിച്ച ഒരു തലമുറയാണെന്നു അപലപിക്കുന്നു. രണ്ടു ലോകമഹായുദ്ധങ്ങളിൽ ത്യാഗമനുഷ്ഠിച്ചതും, ധീരത പ്രകടിപ്പിച്ചതും ചെറുപ്പക്കാരാണെന്നുള്ളതു അവർ മറന്നുകളയുന്നു. എന്നല്ല, ചെറുപ്പക്കാരെ ദുഷിപ്പിക്കുന്നതു മുതിർന്നവരാണെന്നു് ആധുനികലോകത്തിലെ ഈ പ്രീശന്മാർ ഓർക്കുന്നില്ല. കാരണവന്മാരുടെ തലതിരിഞ്ഞ പോക്കും, ദുർമ്മാതൃകകളും, ഛിന്നിച്ചിതറിയ കുടുംബങ്ങളും എത്രയെത്ര ചെറുപ്പക്കാരെ വഴിതെററിക്കുന്നു? അശ്ലീലങ്ങളായ ഗ്രന്ഥങ്ങളും, സിനിമാച്ചിത്രങ്ങളും ഒന്നിനുപുറകെ ഒന്നായി ഇറക്കിവിടുന്നതു ചെറുപ്പക്കാരാണോ? അതിനാൽ കുററമെല്ലാം ചെറുപ്പക്കാരുടെ തലയിൽത്തന്നെ കെട്ടിവയ്ക്കുന്നതു ഒരിക്കലും വിഹിതമല്ല. പ്രായംചെന്നവർക്കും ഇതിൽ ഒരു വലിയ പങ്കുണ്ടെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല."

### പൗരസ്ത്യസഭകളിലെ ധീരയോദ്ധാക്കൾ

രണ്ടാംലോകമഹാസമരത്തിന്റെ ആരംഭത്തിനു മുമ്പുമുതൽ ഇന്നേവരെ കമ്മ്യൂണിസ്റ്റു മതപീഡനത്തിനു വിധേയരായിട്ടുള്ള പൗരസ്ത്യസഭകളിലെ ധീരയോദ്ധാക്കളുടെ ഒരു നീണ്ടപട്ടിക 'ഒസ്സർവത്തോരെ റോമാനോ" പത്രം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധ പിതാവു് 'തിരുമനസ്സുകൊണ്ടു് 1946-ൽ പ്രസിദ്ധപ്പെടുത്തിയ "ഓറിയെൻതാലെസ് ഓമ്നെസ് എക്ലീസിയാസ്" എന്ന തിരുവെഴുത്തിലെ പ്രവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടു്, ഇക്കാലയളവിൽ അനുഭവപ്പെട്ടിട്ടുള്ള മൃഗീയമായ മർദ്ദനപരിപാടികളെയെല്ലാം പത്രം എടുത്തു കാണിക്കുന്നു. മോസ്ക്കോ പാത്രിയാർക്കീസായി അലെക്സിയെ കമ്മ്യൂണിസ്റ്റുകാർ വരിച്ചതുമുതൽ പൗരസ്ത്യസഭകളിൽ മർദ്ദനം ഒഴിയാബാധയായിത്തീർന്നിട്ടുണ്ടെന്നു സകാരണം ചൂണ്ടിക്കാണിക്കുന്നു. "കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങൾ മന:സാക്ഷി സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടെന്നു സ്ഥാനത്തുമസ്ഥാനത്തും അവർ പ്രഖ്യാപിക്കാറുണ്ടു്. എന്നാൽ അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ എത്ര അന്തരമുണ്ടെന്നു ഈ പട്ടികയിൽനിന്നു കാണാം. എന്നാൽ ഈ വിദ്വേഷത്തിനെല്ലാം പ്രതികാരം ചെയ്യുന്നതു എങ്ങനെയാണെന്നു കത്തോലിക്കരായ നമുക്കറിയാം. വിദ്വേഷംകൊണ്ടല്ല, പ്രത്യുത സത്യംകൊണ്ടും സാഹോദര്യംകൊണ്ടും നാം പകരംവീട്ടണം" എന്നു പ്രബോധിപ്പിച്ചുകൊണ്ടു് വർത്തമാനപത്രം സമാപിക്കുന്നു.

### സെൻറ് ബർണ്ണാർഡ് ഹോസ്പീസ്

സ്വിററ്സർലണ്ടിലെ ആൽപ്സ് മലമുകളിൽക്കൂടിയുള്ള ഗതാഗതം പണ്ടിനാലെ അത്യധികം ആപല്ക്കരമായിരുന്നു. ഇററലിയിലേക്കും ഫ്രാൻസിലേക്കും കടക്കുന്ന നിരവധി യാത്രക്കാർ മഞ്ഞിനടിയിൽപ്പെട്ടു മൃത്യുവശഗരാകുക പതിവായിരുന്നു. ഇങ്ങനെയുള്ള പ്രയാണികളെ സഹായിക്കുന്നതിലേക്കു് മദ്ധ്യയുഗങ്ങളിൽ മലമുകളിലായി സന്യാസികൾ തുടങ്ങിയ ഒരു സ്ഥാപനമാണു് സെൻറു് ബെർണ്ണാർഡ ഹോസ്പീസ്. അവിടെ ചെന്നെത്തുന്ന യാത്രക്കാർക്കെല്ലാം രാത്രി താമസത്തിനു് സ്ഥലവും ഭക്ഷണവും സൗജന്യമായി അവർ നല്കിവന്നു. അപകടത്തിൽ കുടുങ്ങിയ അനേകരെ അവർ വിമോചിപ്പിക്കയും ചെയ്തിരുന്നു. പത്തും രണ്ടായിരവും പേർക്കാണു് ഒരുദിവസം അവർ പലപ്പോഴും ഭക്ഷ്യവിതരണം ചെയ്യേണ്ടിവന്നിരുന്നതു്. പേരുകേട്ട സെൻറു് ബെർണ്ണാർഡ് നായ്ക്കൾ ആശ്രമസ്ഥരുടെ അനവരതസഹചാരികളായിരുന്നു. എന്നാൽ 1905-ൽ മലയിൽക്കൂടി നിഷ്പ്രയാസം പ്രയാണം ചെയ്യത്തക്കവിധം സിംപ്ലോൺ പാസ്സ് എന്ന പേരിൽ ഒരു തുരങ്കം ഖനിച്ചതിനോടെ അപകടം വളരെ കുറഞ്ഞു. യാത്രോപകരണങ്ങളുടെ വിഷയത്തിലും വളരെ വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇതെല്ലാം പരിഗണിച്ചു് അഗതികൾക്കെല്ലാം ഭക്ഷണം നൽകുകയെന്ന അതിപുരാതനമായ നിയമത്തെ പ്രസ്തുത സന്യാസികൾ ഇപ്പോൾ റദ്ദു ചെയ്തിരിക്കുന്നു. യാത്രക്കാർ കുറഞ്ഞതിനോടെ സമീപസ്ഥലനിവാസികൾതന്നെ പ്രയാണികളുടെ വേഷത്തിലെത്തി ഭക്ഷണം കഴിച്ചു മടങ്ങുകയെന്നുള്ള പതിവും ദുർഘടമായിത്തീർന്നിരുന്നതായി പറയപ്പെടുന്നു. ഒട്ടധികം കള്ളന്മാരപോലും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നത്രെ.

### ഹോളണ്ടുകാരി മഹതി നൂററിനാലാം വയസ്സിൽ

ഹോളണ്ടിൽ ഹെയിബർജെം എന്ന സ്ഥലത്തുള്ള ഒരു കർഷകസ്ത്രീ ഈയിടെ തന്റെ 104-ാമത്തെ ജന്മദിനം കൊണ്ടാടിയിരിക്കുന്നു. കർദ്ദിനാൾ, മെത്രാപ്പോലീത്താ, ജൂലിയാനാരാജ്ഞി ആദിയായി നിരവധി മഹത്തുക്കളിൽനിന്നു അനുമോദനലേഖനങ്ങൾ അന്നു ആ മഹതിക്കു ലഭിക്കയുണ്ടായി. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നായി ഒട്ടധികം സംഭാവനകളും അവൾക്കു അയച്ചുകൊടുത്തു. കർദ്ദിനാൾ തിരുമനസ്സിലെ പ്രത്യേകാനുമതിപ്രകാരം അവരുടെ പാർപ്പിടഭവനത്തിൽ അന്നു ഒരു ദിവ്യബലിയും അർപ്പിക്കയുണ്ടായി. ജന്മദിനത്തിൽ [illegible] നിർബാധം ആ വീട്ടിലേക്കു കടക്കുന്നതിനുള്ള അനുമതിയും അന്നു സകലർക്കും നൽകപ്പെട്ടു.

### അയർലണ്ടുരാജ്യത്തിനു പ്രശംസ

വിശ്വാസസാഹിത്യസമിതിയുടെ 25-ാമത്തെ വാർഷികം കഴിഞ്ഞമാസത്തിൽ ഡബ്ലിനിൽവച്ചു നടന്നു. ഇൻഡ്യ ഉൾപ്പെടെ വിവിധരാജ്യങ്ങളിൽനിന്നായി അഞ്ഞൂറോളം പ്രതിനിധികൾ അതിൽ സംബന്ധിച്ചു. ഇംഗ്ലണ്ടിലെ പ്രസിദ്ധ സാഹിത്യകാരിയായ മിസ്സ് സി. വി. വെഡ്ജ്‌വുഡ് ഒരു പ്രസംഗത്തിൽ പറഞ്ഞു: വിശ്വാസത്തിന്റെയും സുബോധത്തിന്റെയും വെളിച്ചം മററു യൂറോപ്യൻ രാജ്യങ്ങളിൽ മങ്ങുകയോ പൊലിഞ്ഞുപോകയോ ചെയ്തുവരുന്ന ഈ കാലഘട്ടത്തിൽ അയർലണ്ടു് അതിനെ സജീവമായി പാലിച്ചുപോരുന്നുണ്ടു്. അങ്ങനെയുള്ള ഒരു രാജ്യത്തു ഈ സമ്മേളനം നടത്താനിടയായതു വലിയൊരു ഭാഗ്യമാണു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

